32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

April 12, 2024 Vol. XXXII No. 15 Periodicals Postage Paid

4 ഏറ്റവും കുറച്ച് സീറ്റിൽ മത്സരിച്ച് കോൺഗ്രസ്
6 ലോക്സഭാ തെരഞ്ഞെടുപ്പിന് അന്താരാഷ്ട്ര നിരീക്ഷണം
10 മാവേലിക്കരയിൽ കടുത്ത മത്സരം
15 ഞങ്ങൾക്കുള്ളതെല്ലാം ഞങ്ങളുടേതല്ല...
18 ഫ്ളോറൽ പാർക്കിൽ ചീട്ടുകളി മത്സരങ്ങൾ

## ദക്ഷിണേന്ത്യയിൽ ഇന്ത്യാസഖ്യം വരും: ഡി.കെ. ശിവകുമാർ



ആലപ്പുഴ ലോക്സഭാ മണ്ഡലത്തിലെ യുഡിഎഫ് തെരഞ്ഞെടുപ്പ് പര്യടനം ഉദ്ഘാടനം ചെയ്യാൻ ചേർത്തലയിലെത്തിയ കർണാടക ഉപമുഖ്യമന്ത്രി ഡി.കെ. ശിവകുമാറും സ്ഥാനാർത്ഥി കെ.സി. വേണുഗോപാലും ചേർന്ന് നടത്തിയ റോഡ് ഷാ

ആലപ്പുഴ: തെരഞ്ഞെടുപ്പ് പ്രചാരണത്തിന് കേരളത്തിലെ കോൺഗ്രസ് സ്ഥാനാർത്ഥികൾക്കെല്ലാം ഡി.കെ. ശിവകുമാറിനെ വേണം. കേന്ദ്ര സർക്കാർ അന്വേഷണ ഏജൻസികളെ ഉപയോഗിച്ചു പ്രതിപക്ഷത്തെ വേട്ടയാടുന്നതിനെക്കുറിച്ച് പറയുമ്പോൾ ഡി. കെ. ശിവകുമാർ നരച്ച താടിയിലൂടെ ഇടക്കൈയിലെ ചൂണ്ടുവിരലോടിക്കും.

എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ കേസിൽ 50 ദിവസം തിഹാർ ജയിലിൽ കഴിഞ്ഞതിന്റെ നീറുന്ന ഓർമയാണത്. തടവുകാലത്ത് വളർത്തിത്തുടങ്ങിയ താടി പിന്നെ കളഞ്ഞില്ല.

ഏപ്രിൽ ഏഴിന് കേരളത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണത്തിനെത്തിയ കർണാടക (ശേഷം 24-ാം പേജിൽ)

## കുതിപ്പ് തുടർന്ന് സ്വർണ്ണം; പവൻവില 52,520



കൊച്ചി: അരലക്ഷം രൂപയെന്ന റെക്കോർഡിൽ കുതിപ്പ് തുടർന്ന് ഗ്രാമിന് 30 രൂപ കൂടി 6,565 രൂപയും 240 രൂപ വർദ്ധിച്ച് പവന് 52,520 രൂപയുമാണ് ഏപ്രിൽ എട്ടിലെ സ്വർണ്ണ വില. 22 കാരറ്റ് സ്വർണത്തിന്റെ വില ഗ്രാമിന് 6,565 രൂപയും 24 കാരറ്റ് സ്വർണ്ണത്തിന്റെ വില ഗ്രാമിന് 7,162 രൂപയുമാണ്. ചരിത്രത്തിൽ ആദ്യമായി കേരളത്തിൽ സ്വർണ്ണവില അരലക്ഷം രൂപ കടന്നത് ഇക്കഴിഞ്ഞ മാർച്ചിലാണ്. ഒരു വർഷത്തിനിടെ 10,000 രൂപയിലേറെയാണ് വർദ്ധിച്ചത്. സ്വർണ്ണത്തിന്റെ രാജ്യാന്തര വില, ഡോളർ-രൂപ വിനിമയനിരക്ക്, ഇറക്കുമതി തീരുവ തുടങ്ങിയവ അടിസ്ഥാനമാക്കിയാണ് സ്വർണ്ണവില നിശ്ചയിക്കുന്നത്.

### കർണാടകയിലും തമിഴ്നാട്ടിലും തെരഞ്ഞെടുപ്പിനു മുന്നോടിയായി നടന്ന റെയ്ഡിൽ

## കോടിക്കണക്കിന് രൂപയും ആഭരണങ്ങളും പിടിച്ചെടുത്തു

ബാംഗ്ലൂർ: ലോക്സഭാ തെരഞ്ഞെടുപ്പിനു മുന്നോടിയായി നടന്ന റെയ്ഡിൽ കിലോക്കണക്കിനു സ്വർണവും വെള്ളിയും കോടിക്കണക്കിനു രൂപയും പിടികൂടി. കർണാടകയിലെ ബെല്ലാരിയിൽ നിന്ന് 5.60 കോടി രൂപ, 3 കിലോ സ്വർണം, 103 കിലോ വെള്ളി ആഭരണങ്ങൾ. 68 വെള്ളി ബാറുകൾ എന്നിവ പിടിച്ചെടുത്തു. പിടിച്ചെടുത്തവയുടെ ആകെ മൂല്യം7.60 കോടിരൂപ വരുമെന്ന് പോലീസ് അറിയിച്ചു.

ബെല്ലാരിയിലെ കമ്പാളി ബസാറിലെ നരേഷ് ഗോൾഡ് ഷോപ് ജ്വല്ലറി ഉടമ നരേഷ് എന്നയാളുടെ വീട്ടിൽ നിന്നാണ് വലിയ അളവിൽ പണവും ആഭരണങ്ങളും കണ്ടെടുത്തത്. ഇയാളെ കസ്റ്റഡിയിലെടുത്തു ചോദ്യം ചെയ്യുകയാണ്.

ഹവാല ഇടപാടുണ്ടെന്ന സംശയത്താൽ ഇതുമായി ബന്ധപ്പെട്ട വകുപ്പുകൾ കൂടി ചുമത്തിയാണ് കേസ് രജിസ്റ്റർ ചെയ്തത്. അന്വേഷണത്തിലെ കണ്ടെത്തലുകൾ ആദായനികുതി വകുപ്പിനെ അറിയിക്കുമെന്നും പോലീസ് വ്യക്തമാക്കി.



കർണാടകയിലെ ബെല്ലാരിയിൽ നിന്നു പിടിച്ചെടുത്ത പണവും ആഭരണങ്ങളും

തമിഴ്നാട്ടിൽ തിരുനൽവേലി മണ്ഡലത്തിലെ സ്ഥാനാർത്ഥിയും ബിജെപി തമിഴ്നാട് നിയമസഭാകക്ഷി നേതാവുമായ നൈനാർ നാഗേന്ദ്രൻ എംഎൽഎയുടെ ഹോട്ടലിലെ ജീവനക്കാരെ നാല് കോടി രൂപയുമായി താംബരം റെയിൽവേ സ്റ്റേഷനിൽ നിന്നു തെരഞ്ഞെടുപ്പ് കമ്മീഷന്റെ പരിശോധനാസംഘം പിടികൂടി.

ബാഗുകളിൽ പണവുമായി നല്ലൈ എക്സ്പ്രസിൽ തിരുനൽവേലിയിലേക്ക് പോകാൻ ഒരുങ്ങവേയാണ് പിടിയിലായത്. കിൽപോക്ക് ബ്ലൂഡയമണ്ട് ഹോട്ടലിന്റെ മാനേജർ സതീഷ്, ജീവനക്കാരായ നവീൻ, പെരുമാൾ എന്നിവരാണ് പിടിയിലായത്.

റോഡ്മാർഗ്ഗം പോയാൽ പിടിക്കപ്പെടുമെന്ന സംശയത്തെ തുടർന്ന് യാത്ര ട്രെയിനിലാക്കി ടിക്കറ്റ് ബുക്ക് ചെയ്തെങ്കിലും വെയിറ്റ്ലിസ്റ്റായതോടെ നൈനാർ നാഗേന്ദ്രൻ എംഎൽഎ സ്വന്തം ലെറ്റർപാഡിൽ മൂന്നുപേർക്കും എമർജൻസി ക്വോട്ട ടിക്കറ്റിനായി ശിപാർശ ചെയ്ത് ദക്ഷിണ റെയിൽവേ അധികൃതർക്ക് കത്തു നല്കി.

തെരഞ്ഞെടുപ്പ് സമയത്ത് മൂന്നു പേരുടെ യാത്രയ്ക്ക് എംഎൽഎ ഇടപെട്ടതിൽ സംശയം തോന്നിയ റെയിൽവേ പേലീസ് വിവരം തെരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കുകയായിരുന്നു. (ശേഷം 24-ാം പേജിൽ)

## സിപിഎമ്മിന്റെ 81 ബാങ്ക് അക്കൗണ്ടുകളിൽ ഇഡി പരിശോധന നടത്തി

തൃശൂർ: സിപിഎം ജില്ലാ കമ്മിറ്റിയുടെ പേരിൽ ബാങ്ക് ഓഫ് ഇന്ത്യയിലുള്ള അക്കൗണ്ട് ആദായനികുതി വകുപ്പു മരവിപ്പിച്ചതിനു പിന്നാലെ വിവിധ സഹകരണബാങ്കുകളിലെ 81 അക്കൗണ്ടുകൾ കൂടി ഇഡി (എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്) പരിശോധിക്കുന്നു. സിപിഎം ലോക്കൽ, ഏരിയ, ജില്ലാ കമ്മിറ്റികളുടെ പേരിലുള്ള അക്കൗണ്ടുകളാണിത്.

തെരഞ്ഞെടുപ്പു വിജ്ഞാപനത്തിനുശേഷം അനുമതി കൂടാതെ ഇടപാടുകൾ നടത്തിയിട്ടുണ്ടോ എന്ന കാര്യത്തിലാണു പരിശോധന.

എംജി റോഡിനു സമീപം ബാങ്ക് ഓഫ് ഇന്ത്യ ശാഖയിലെ ജില്ലാ കമ്മിറ്റിയുടെ അക്കൗണ്ടിൽനിന്നു കണക്കിൽ കാണിക്കാതെ 1.08 കോടിയോളം രൂപ പിൻവലിച്ചെന്നു കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ആദായനികുതി വകുപ്പു നടപടിയെടുത്തത്. ഈ വിഷയത്തിൽ ജില്ലാ സെക്രട്ടറി എം.എം. വർഗീസിനെ ഈയിടെ ഇഡി ഓഫീസിൽ ചോദ്യം ചെയ്തിരുന്നു. വീണ്ടും ഹാജരാകാൻ എം.എം. വർഗീസിനും മുൻ എംപി പി.കെ. ബിജുവിനും നിർദേശം നൽകിയിട്ടുണ്ട്.

ഈ അക്കൗണ്ടിലൂടെ 16 കോടി രൂപയുടെ ഇടപാടുകൾ സമീപകാലങ്ങളിൽ നടന്നിട്ടുണ്ടെന്നും 3.80 കോടിരൂപ അക്കൗണ്ടിൽ ശേഷിക്കുന്നുണ്ടെന്നും കണ്ടെത്തി. ഈ തുകയ്ക്ക് ആനുപാതികമായി നികുതി അടച്ചിട്ടില്ലെന്നു സൂചനയുണ്ടെങ്കിലും സ്ഥിരീകരണമില്ല.

ബാങ്ക് ഓഫ് ഇന്ത്യയിലെ അഅക്കൗണ്ടിനു പുറമേ കരുവന്നൂർ (ശേഷം 24-ാം പേജിൽ)




KUNNATHA INJURY LAWYERS
Free Consultation/Case Evaluation
ATLANTA : 404 633 4200
CHICAGO: 312 757 4700
EXPERIENCE PERSONAL ATTENTION RESULTS
Salu K. Kunnatha
Reena Emmanuel
Joshua Opdycke
Dedicated Lawyers Handling Serious Injuries and Wrongful Death Cases
Over 50 years of Combined Experience
No legal fees until we collect compensation for you
Millions recovered for our clients each year!
ATLANTA
1800 Century Boulevard NE, Suite 1750 Atlanta, GA 30345 Ph: 404 633 4200
CHICAGO
708 Church St, Suite 235 Evanston, IL 60201 Ph: 312 757 4700
www.kunnathalaw.com


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA






Michael Crifase Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation
## Achieves Aggressive Financial Results

- Over $ 50M Recovered and Collected For Our Clients
- Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- Free Confidential Consultation On All Matters Home Visits Available
- Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Crifase Law Firm
## Michael Crifase and Steven Crifase

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603
312-855-0511

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Michael@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603

Phone: (312) 855-0511,
Fax: (312) 855- 0537

BBB A+ Rating Better Business Bureau
AV PREEMINENT Peer Rated for Highest Level of Professional Excellence 2018

# ബിജെപിക്ക് നൽകിയ 576 കോടി സംഭാവനയെക്കുറിച്ച് അന്വേഷണമില്ല

ന്യൂഡൽഹി: നഷ്ടത്തിലുള്ളവയും തീർത്തും ലാഭമില്ലാത്തവയുമായ 33 കമ്പനികൾ ഇലക്ടറൽ ബോണ്ടിലൂടെ വൻതുക സംഭാവന നൽകിയത് കള്ളപ്പണം വെളുപ്പിക്കലാണെന്നും ഇഡിയും ആദായനികുതി വകുപ്പും അന്വേഷിക്കണമെന്നും ആവശ്യം. ഈ 33 കമ്പനികൾ ഇലക്ടറൽ ബോണ്ടുകളായി മൊത്തം സംഭാവന നൽകിയ 576.2 കോടി രൂപയിൽ 434.2 കോടി (ഏകദേശം 75 ശതമാനം) ബിജെപിക്കാണു നൽകിയത്. സംശയത്തിലുള്ള 33 കമ്പനികളുടെ മൊത്തം നഷ്ടം ഒരു ലക്ഷം കോടി രൂപയിലധികമാണ്.

ബിജെപിക്ക് 5,362 കോടി രൂപ ഇലക്ടറൽ ബോണ്ടിലൂടെ സംഭാവന നൽകിയ 385 കമ്പനികളിൽ 55 കമ്പനികളും സ്വന്തം ലാഭവിഹിതത്തിന്റെ പരിധിക്കു മുകളിൽ നൽകിയതു വ്യക്തമായ അഴിമതിയും സാമ്പത്തിക തിരിമറിയുമാണെന്നു റിപ്പോർട്ടുകളുണ്ട്. മൂന്നു വർഷങ്ങളിലെ അറ്റാദായത്തിന്റെ 7.5 ശതമാനത്തിൽ കൂടുതൽ സംഭാവന നൽകാൻ പാടില്ലെന്ന നിയമം മറികടന്നാണ് 55 കമ്പനികൾ ബോണ്ടുകളായി സംഭാവന നൽകിയത് എന്നതിന്റെ വിവരങ്ങൾ പുറത്തുവന്നിട്ടുണ്ട്.

നഷ്ടത്തിലായിട്ടും ശതകോടികൾ സംഭാവന നൽകിയ കമ്പനികളുടെ ഫണ്ട് സ്രോതസുകൾ എന്താണെന്നു പോലും സർക്കാരും ഇഡിയും ആദായനികുതി വകുപ്പും അന്വേഷിക്കാത്തത് ദുരൂഹമാണ്. ഈ കമ്പനികൾ വൻകിട കമ്പനികളുടെ ഷെൽ കമ്പനികളായി പ്രവർത്തിച്ചതാകുമെന്നാണു സൂചന. നഷ്ടത്തിലുള്ള കമ്പനികൾ കോടിക്കണക്കിനു രൂപ സംഭാവന നൽകിയിട്ടും ആദായനികുതി വകുപ്പും ഇഡിയും അന്വേഷിക്കാത്തതെന്ത് എന്നതു സംശയം വർധിപ്പിക്കുന്നു.

നിയമപരമായ 7.5 ശതമാനമെന്ന പരിധിക്കു മുകളിൽ വിവിധ കമ്പനികൾ സംഭാവന നൽകിയവയിൽ 71 ശതമാനം തുക ബിജെപിക്കു മാത്രം ലഭിച്ചുവെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ശരാശരി അറ്റാദായത്തിന്റെ 7.5 ശതമാനത്തിൽ കൂടുതൽ കോർപറേറ്റ് കമ്പനികൾ സംഭാവന നൽകുന്നതിന് നിയമപരമായ വിലക്കുണ്ട്. രാഷ്ട്രീയ പാർട്ടികൾക്കു പരിധിയില്ലാതെ സംഭാവന നൽകാൻ അനുവദിച്ചിരുന്ന 2013-ലെ കമ്പനി നിയമത്തിലെ 182 (1) വകുപ്പിലെ വ്യവസ്ഥ 2017-ലെ ധനകാര്യ നിയമം ഇല്ലാതാക്കിയിരുന്നു. അറ്റാദായത്തിന്റെ ഏഴര ശതമാനത്തിൽ കൂടുതൽ സംഭാവന നൽകുന്നതിനുള്ള വ്യവസ്ഥ റദ്ദാക്കിയത് കഴിഞ്ഞ ഫെബ്രുവരി 15-ലെ സുപ്രീംകോടതി വിധിയിലൂടെ ശരിവെക്കുകയും ചെയ്തു. ഭരണഘടനയുടെ അനുച്ഛേദം 14-ന് എതിരാണിതെന്നു സുപ്രീംകോടതി ചൂണ്ടിക്കാട്ടി.

വരുമാനത്തിലേറെ തുക സംഭാവന നൽകിയ കമ്പനികളുടെ ഫണ്ടിംഗും ക്രമക്കേടുകളും തുറന്നുകാട്ടേണ്ടിയിരുന്ന കേന്ദ്ര അന്വേഷണ ഏജൻസികൾ മൗനം പാലിക്കുന്നതും നോട്ടീസ് പോലും നൽകാത്തതും രാഷ്ട്രീയ ഇടപെടൽ മൂലമാണെന്നാണ് ആരോപണം. പണം വാങ്ങിയതിന്റെ തെളിവില്ലാതെ അരവിന്ദ് കെജ്‌രിവാളിനെ പോലും അറസ്റ്റ് ചെയ്തു ജയിലിലാക്കിയ ഇഡിയും സിബിഐയും ഇലക്ടറൽ ബോണ്ടുകളിലെ അഴിമതിയെക്കുറിച്ചും അനധികൃത പണമിടപാടുകളെക്കുറിച്ചും അന്വേഷിക്കാൻ പോലും തയാറാകാത്തത് ദുരൂഹത കൂട്ടുന്നു.

# ഏറ്റവും കുറച്ച് സീറ്റിൽ മത്സരിച്ച് കോൺഗ്രസ്

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് ഇത്തവണ മത്സരിക്കുന്നത് പാർട്ടിയുടെ ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ എണ്ണം സീറ്റുകളിൽ. ഇതുവരെ 244 സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ച കോൺഗ്രസ് മുന്നൂറോളം സീറ്റിലായിരിക്കും മത്സരിക്കുക. പഞ്ചാബ്, ഹരിയാന, ഡൽഹി, ഹിമാചൽ, ചണ്ഡിഗഢ്, ലഡാക്ക് എന്നിവിടങ്ങളിൽ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചിട്ടില്ല. യുപിയിലെ അമേഠി, റായ്ബറേലി എന്നിവയടക്കം വിവിധ സംസ്ഥാനങ്ങളിലായി ഏതാനും സീറ്റുകളിൽ കൂടി സ്ഥാനാർത്ഥികളെ പ്രഖ്യാപിക്കാനുണ്ട്.

സീറ്റിന്റെ കാര്യത്തിൽ പിടിവാശി വേണ്ടെന്നും ഇന്ത്യാസഖ്യത്തിലെ പ്രാദേശിക കക്ഷികളുമായി പരമാവധി സഹകരിക്കണമെന്നും രാഹുൽ ഗാന്ധി പാർട്ടിക്കുള്ളിൽ നിലപാടെടുത്തത് നിർണായകമായി. പ്രാദേശിക കക്ഷികൾക്ക് സ്വാധീനമുള്ള സീറ്റുകൾ അവയ്ക്ക് വിട്ടുകൊടുക്കാൻ കോൺഗ്രസ് തയാറാവുകയായിരുന്നു.

വിജയസാദ്ധ്യതയുള്ള സീറ്റുകളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ് ഉചിതമെന്ന് സമീപകാലത്ത് പാർട്ടി നടത്തിയ സർവേ റിപ്പോർട്ട് ചൂണ്ടിക്കാട്ടിയിരുന്നു. 255 സീറ്റാണ് സർവേ കണ്ടെത്തിയത്.യുപി, മഹാരാഷ്ട്ര, ബിഹാർ എന്നിവിടങ്ങളിലാണ് കോൺഗ്രസ് കൂടുതൽ സീറ്റ് പ്രാദേശിക കക്ഷികൾക്ക് വിട്ടുകൊടുത്തത്. ബിജെപിയെ തടയുന്നതിൽ ഇന്ത്യാസഖ്യത്തിനു നിർണായക പങ്കുവഹിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്ന സംസ്ഥാനങ്ങളാണ് മഹാരാഷ്ട്രയും ബിഹാറും.

# കെജ്‌രിവാളിന്റെ അറസ്റ്റ്: ആം ആദ്മി പാർട്ടിയുടെ നേതൃത്വത്തിൽ ഉപവാസ സമരം

ന്യൂഡൽഹി: മദ്യനയ അഴിമതിക്കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിനെ ഇഡി അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് ആം ആദ്മി പാർട്ടിയുടെ നേതൃത്വത്തിൽ ബഹുജന ഉപവാസ സമരം നടത്തി.

ഡൽഹിയിലെ ജന്തർ മന്തറിൽ നടന്ന ഉപവാസ സമരത്തിൽ മന്ത്രിമാരായ ഗോപാൽ റായ്, സൗരഭ് ഭരദ്വാജ്, അതിഷി, ഡൽഹി മേയർ ഷെല്ലി ഒബ്റോയ്, എഎപി രാജ്യസഭാംഗം സഞ്ജയ് സിംഗ് എന്നിവർ പങ്കെടുത്തു. രാവിലെ പത്തിന് ആരംഭിച്ച ഉപവാസ സമരത്തിന് കനത്ത സുരക്ഷാസംവിധാനങ്ങളാണ് പോലീസ് ഏർപ്പെടുത്തിയത്. നഗരത്തിൽ ഗതാഗത നിയന്ത്രണവും ഏർപ്പെടുത്തിയിരുന്നു. പഞ്ചാബിലെ ഖത്കർ കാലാനിൽ നടന്ന ഉപവാസസമരത്തിന് മുഖ്യമന്ത്രി ഭഗവന്ത് മാൻ നേതൃത്വം നൽകി. കെജ്‌രിവാളിനെ ജയിലിൽ അടച്ചതിന്റെ മറുപടി വോട്ടിലൂടെ നൽകുമെന്ന പ്ലക്കാർഡുകൾ ഉയർത്തിയാണ് പ്രവർത്തകർ പ്രതിഷേധത്തിൽ പങ്കുചേർന്നത്.




ഇന്ത്യയിലെ 25 സംസ്ഥാനങ്ങൾക്കു പുറമെ ന്യൂയോർക്ക്, ബോസ്റ്റൺ, ടൊറന്റോ, വാഷിംഗ്ടൺ ഡിസി, മെൽബൺ, ലണ്ടൻ എന്നിവയുൾപ്പെടെയുള്ള പ്രധാന അന്താരാഷ്ട്ര കേന്ദ്രത്തിലും കെജ്‌രിവാളിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചു പ്രവർത്തകർ സമരം നടത്തി. മോദി സർക്കാരിന്റെ സ്വേച്ഛാധിപത്യ ഭരണത്തിനെതിരെയാണ് ഉപവാസസമരമെന്ന് ആം ആദ്മി പാർട്ടിയുടെ മുതിർന്ന നേതാവും ഡൽഹി മന്ത്രിയുമായ ഗോപാൽ റായ് ആഹ്വാനം ചെയ്തിരുന്നു.

ജനങ്ങൾ കെജ്‌രിവാളിനെ സ്നേഹിക്കുന്നുണ്ടെന്നും അവർ അദ്ദേഹത്തെ മുഖ്യമന്ത്രി മാത്രമായിട്ടല്ല, മറിച്ച് മകനോ സഹോദരനോ ആയിട്ടാണു കാണുന്നതെന്നും സമരത്തിൽ പങ്കെടുത്തു പ്രസംഗിക്കവെ ഡൽഹി മന്ത്രി അതിഷി മർലേന പറഞ്ഞു. ഇഡി അറസ്റ്റ് ചെയ്ത കെജ്‌രിവാളടക്കമുള്ള ആം ആദ്മി നേതാക്കളിൽനിന്ന് ഒരു പൈസ പോലും കണ്ടെത്താനായില്ലെന്നും അതിഷി ചൂണ്ടിക്കാട്ടി.

# കേരളത്തിൽ ചൂട് വർധിക്കുന്നു

തിരുവനന്തപുരം: 40 ഡിഗ്രിയും പിന്നിട്ട് കത്തിക്കയറുന്ന പകൽച്ചൂടിൽ വെന്തുരുകി കേരളം. പാലക്കാട് ഏപ്രിൽ ഏഴിന് രേഖപ്പെടുത്തിയത് 41.5 ഡിഗ്രി സെൽഷസ് ചൂടാണ്. 1951 മുതൽ 2023 വരെയുള്ള കാലയളവിലെ ഏറ്റവും കടുത്ത ചൂട് അനുഭവപ്പെട്ട ദിവസങ്ങളിൽ ഒന്നാണ് കടന്നുപോയത്.

പാലക്കാടിനൊപ്പം കൊല്ലത്തും കാസർഗോഡും ഏഴിന് കടുത്ത ചൂടാണ് അനുഭവപ്പെട്ടത്. ഏപ്രിൽ മാസത്തിൽ ഇതിനു മുൻപ് നാലു തവണയാണ് കേരളത്തിൽ താപനില 41 ഡിഗ്രി സെൽഷസിനു മുകളിലെത്തിയത്. 2016 ഏപ്രിൽ 27-ന് പാലക്കാട്ട് രേഖപ്പെടുത്തിയ 41.9 ഡിഗ്രി സെൽഷസാണ് കേരളത്തിലെ ഏപ്രിൽ മാസത്തെ സർവകാല റിക്കാർഡ്. അതേ വർഷം ഏപ്രിൽ 28-ന് 41.8 ഡിഗ്രിയും ഏപ്രിൽ 26-ന് 41.7 ഡിഗ്രിയും ചൂട് പാലക്കാട് രേഖപ്പെടുത്തി. ഇതിനു ശേഷമുള്ള ഏറ്റവും കടുത്ത ചൂടാണ് പാലക്കാട്ട് അനുഭവപ്പെട്ടതെന്ന് കാലാവസ്ഥാ നിരീക്ഷണകേന്ദ്രം അറിയിച്ചു.

ഏപ്രിൽ ഏഴിന് രാവിലെ 41.5 ഡിഗ്രി സെൽഷസും ഉച്ചയ്ക്കുശേഷം 40.7 ഡിഗ്രി സെൽഷസുമാണ് പാലക്കാട് രേഖപ്പെടുത്തിയ ചൂട്. അതേസമയം കാലാവസ്ഥാ നിരീക്ഷണകേന്ദ്രത്തിന്റെ ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളിൽ നിന്നുള്ള കണക്കുകൾ പ്രകാരം പാലക്കാട് അടക്കം കേരളത്തിൽ 12 ഇടങ്ങളിൽ ഏഴിന് പകൽ താപനില 40 ഡിഗ്രി സെൽഷസിനും മുകളിലെത്തി. പാലക്കാട് മങ്കരയിൽ 44.5 ഡിഗ്രിയും മലമ്പുഴയിൽ 43.3 ഡിഗ്രിയും കൊല്ലങ്കോട് 42.9 ഡിഗ്രിയും ഒറ്റപ്പാലത്ത് 42.5 ഡിഗ്രിയും ചൂട് രേഖപ്പെടുത്തി. പാലക്കാടിനു പുറമെ കൊല്ലം പുനലൂരിൽ 40 ഡിഗ്രി, കാസർഗോഡ് പാണത്തൂരിൽ 41.6, കോഴിക്കോട് കുന്നമംഗലത്ത് 40.1 ഡിഗ്രി എന്നിങ്ങനെയാണ് ചൂട് രേഖപ്പെടുത്തിയത്. വേനൽമഴ കുറഞ്ഞതാണ് കേരളത്തിലെ പകൽ താപനില ക്രമാതീതമായി ഉയരാൻ കാരണം. വരും ദിവസങ്ങളിലും കേരളത്തിൽ പകൽ താപനില ഉയർന്ന തോതിൽ തന്നെ തുടരുമെന്ന് കാലാവസ്ഥാ നിരീക്ഷണകേന്ദ്രം അറിയിച്ചു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 15
April 12, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

## മഹദ്‌വചനം


അമ്മയുടെ ഹൃദയമാണ് ശിശുവിന്റെ വിദ്യാലയം.


**ബിച്ചർ**


ആർദ്രതയില്ലാത്ത ഭവനങ്ങളിലാണ് എൺപതു ശതമാനം കുറ്റവാളികളുടെയും പിറവി.

**ആൻഡേഴ്സൺ**


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas
DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


നിങ്ങൾ ഇന്നും
പുനരുദ്ധാനത്തിൽ
വിശ്വസിക്കുന്നുവോ ?
Do you still believe in
bodily resurrection?
ഈ സുപ്രധാന ചോദ്യത്തിനു
മറുപടി നൽകുന്ന പുസ്തകം.
ഇംഗ്ലീഷ് ആമസോണിൽ
ലഭ്യമാണ്.
മലയാളം ഞങ്ങളിൽ നിന്നും
ലഭിക്കും.
വില $15.00
RETHINKING
RESURRECTION
A Closer Look at the Future
Hope of All Believers
SUNNY PHILIP
DR. SUNNY PHILIP
Pastor, author,
conference speaker
Gateway Christian Missions | 1862 Meadowbrook Rd | Merrick |NY 11566
(516) 286-0345 | sphilipnyc@gmail.com | www.touchnations.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## ജനാധിപത്യത്തിനെതിരെയുള്ള വെല്ലുവിളികൾ

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ അടക്കം എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) ഇതിനകം അറസ്റ്റ് ചെയ്ത പ്രതിപക്ഷനേതാക്കൾ കുറച്ചൊന്നുമല്ല. പൊതുതെരഞ്ഞെടുപ്പു പ്രഖ്യാപിച്ച വേളയിൽ, നേതാക്കളെ വേട്ടയാടിയും മറ്റും പ്രതിപക്ഷത്തെ തളർത്താനാണു സർക്കാരിന്റെ നീക്കമെന്ന ആരോപണമാകട്ടെ അതീവഗൗരവമുള്ളതും. കേന്ദ്ര അന്വേഷണ ഏജൻസികളുടെ പല നടപടികളും ജനാധിപത്യവിരുദ്ധമെന്ന ആരോപണത്തിന്റെ പശ്ചാത്തലത്തിൽ, മുതിർന്ന ആംആദ്മി പാർട്ടി നേതാവും രാജ്യസഭാംഗവുമായ സഞ്ജയ് സിങ്ങിനു സുപ്രീം കോടതി അനുവദിച്ച ജാമ്യത്തിനു പ്രാധാന്യമേറെയാണ്.

മദ്യനയവുമായി ബന്ധപ്പെട്ട കള്ളപ്പണക്കേസിൽ കഴിഞ്ഞവർഷം ഒക്ടോബർ നാലിനാണു സഞ്ജയ് സിങ് അറസ്റ്റിലായത്. 'ആറ് മാസമായി നിങ്ങളുടെ കസ്റ്റഡിയിലാണ്. പണം വാങ്ങിയെന്നു തെളിയിക്കാൻ ഇപ്പോഴും കഴിഞ്ഞിട്ടുമില്ല' എന്ന് ഇഡിയെ രൂക്ഷമായി വിമർശിച്ചുകൊണ്ടാണ് സുപ്രീം കോടതി അദ്ദേഹത്തിനു ജാമ്യം അനുവദിച്ചത്. വിചാരണ നീളുന്നുവെന്ന കാരണം പറഞ്ഞ് പ്രതികളെ അനന്തകാലം തടവിലിടാൻ ഇഡിക്കു കഴിയില്ലെന്നു സുപ്രീം കോടതി കഴിഞ്ഞമാസം വ്യക്തമാക്കിയിരുന്നു. ദീർഘകാലമായി ജയിലിലിട്ടിരിക്കുന്നതും വിചാരണ നടക്കുന്നില്ലെന്നതും പരിഗണിച്ച് കോടതിക്കു ജാമ്യം അനുവദിക്കാവുന്നതേയുള്ളൂ എന്നും അപ്പോൾ പറയുകയുണ്ടായി.

പൊതുതെരഞ്ഞെടുപ്പിന്റെ സമയക്രമം പ്രഖ്യാപിച്ചതോടെ സർക്കാരിനുൾപ്പെടെ ബാധകമാകുന്ന പെരുമാറ്റച്ചട്ടം നിലവിൽ വന്നു. എന്നാൽ, പ്രതിപക്ഷത്തെ പരമാവധി ഒതുക്കുന്ന രീതിയിലാണ് ഈസമയത്തും മോദി സർക്കാരിന്റെ നടപടികളെന്നു വിലയിരുത്താൻ പ്രയാസമില്ല. തെരഞ്ഞെടുപ്പ് അടുത്തപ്പോൾ അന്വേഷണ ഏജൻസികളുടെ ഉത്സാഹം കൂടിയെന്നു കരുതണം. ആദായനികുതി വകുപ്പിൽനിന്ന് കോൺഗ്രസ് ഒന്നിനു പിറകെ ഒന്നായി നേരിട്ട നടപടികൾതന്നെ ഉദാഹരണം. ഇന്ത്യൻ ജനാധിപത്യത്തിന്റെ സ്ഥിതിയെക്കുറിച്ചുള്ള ആശങ്ക വ്യക്തമാക്കുന്ന രാജ്യാന്തര പഠനങ്ങളിലൊന്നിൽ പറയുന്നു: 'ഭരണപക്ഷം പ്രതിപക്ഷത്തെ രാഷ്ട്രീയ എതിരാളി എന്നതിനു പകരം ശത്രുവെന്ന രീതിയിൽ കാണുന്നു.' സർക്കാരിന്റെയും ബിജെപിയുടെയും പല നടപടികളും ഈ വിലയിരുത്തൽ ശരിയെന്നു കരുതാൻ പ്രേരിപ്പിക്കുന്നവയാണ്.

നിലവിൽ ശ്രീലങ്കയുടെ ഭാഗമായ കച്ചത്തീവിന്റെ ഉടമസ്ഥാവകാശവും അതു സംബന്ധിച്ച കരാറും വിവാദമായിരിക്കുകയാണ്. ആ വിഷയത്തിൽ ചർച്ചകൾ പാടില്ലെന്നല്ല; പക്ഷേ, ജനകീയ വിഷയങ്ങൾ ഉന്നയിക്കപ്പെടേണ്ട തെരഞ്ഞെടുപ്പു കാലത്തുതന്നെ പൊടിതട്ടിയെടുക്കാൻ തക്ക പ്രാധാന്യമുണ്ടോ അര നൂറ്റാണ്ടു പഴക്കമുള്ള കരാറിനെന്ന ചോദ്യമുണ്ട്. മാത്രമല്ല, മുൻ സർക്കാർ അയൽരാജ്യവുമായി ഏർപ്പെട്ട കരാറിനെ പിന്നീടു തള്ളിപ്പറയുന്നത് രാജ്യത്തിന്റെ വിശ്വാസ്യത തകർക്കുന്ന നടപടിയാണെന്ന മുൻ വിദേശകാര്യ സെക്രട്ടറിമാരുടെ മുന്നറിയിപ്പും ഗൗരവത്തിലെടുക്കേണ്ടതുണ്ട്.

'അഴുക്കു നിറഞ്ഞ ദ്വീപ്' എന്ന് അർഥമുള്ള കച്ചത്തീവ് ഇന്ത്യക്കും ശ്രീലങ്കയ്ക്കുമിടയ്ക്കുള്ള ചെറുദ്വീപാണ്. തമിഴ്നാട്ടിലെ രാമേശ്വരത്തുനിന്ന് 16 കിലോമീറ്റർ അകലെയാണ് ആകെ 285 ഏക്കർ വിസ്തീർണം മാത്രമുള്ള ദ്വീപ്. ഇതു തർക്കത്തിൽ ഇടംപിടിക്കുന്നത് ആദ്യമായല്ല. ഈയിടെ പ്രധാനമന്ത്രി ഇതു പരാമർശിച്ചതോടെയാണ് പ്രശ്നത്തിനു കൂടുതൽ ഗൗരവമുണ്ടായത്. കച്ചത്തീവ് ശ്രീലങ്കയുടേതാണെന്ന നിലപാടായിരുന്നു നെഹ്റുവിന്റേതെന്നും 1974-ൽ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി രാജ്യതാത്പര്യം മാനിക്കാതെ ഇതു ശ്രീലങ്കയ്ക്കു വിട്ടുകൊടുത്തെന്നുമാണ് ആരോപണം. ഇക്കാര്യം തമിഴ്നാട് മുഖ്യമന്ത്രിയായിരുന്ന എം. കരുണാനിധിയെ വിദേശകാര്യ സെക്രട്ടറി അറിയിച്ചിരുന്നെന്ന പത്രറിപ്പോർട്ടാണ് പുതിയ വിവാദത്തിനു കാരണം. അതായത്, കച്ചത്തീവ് ഇന്ത്യക്കു നഷ്ടമാകാൻ കാരണം, കോൺഗ്രസും ഡിഎംകെയുമാണെന്നു സ്ഥാപിക്കാനാണ് ശ്രമമെന്നു പറയാം. ഇന്ത്യയിൽനിന്നുള്ള മത്സ്യത്തൊഴിലാളികളെ ശ്രീലങ്കൻ നാവികസേന പിടികൂടുന്നതും ജയിലിലടയ്ക്കുന്നതും പതിവായതിനാൽ തമിഴ്നാട്ടിലെ മത്സ്യത്തൊഴിലാളിമേഖലയിൽ വിഷയം വൈകാരികമാണ്. ലോക്സഭാ തെരഞ്ഞെടുപ്പിൽ ബിജെപിക്കു തമിഴ്നാട്ടിൽ സ്വാധീനമുണ്ടാക്കാൻ ഈ വിഷയം പ്രയോജനപ്പെടുമെന്ന് അവർ കരുതുന്നുണ്ടാകാം.

തെരഞ്ഞെടുപ്പ് സ്വതന്ത്രവും നീതിപൂർവകവുമെന്ന് ഉറപ്പാക്കേണ്ടതു തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവാദിത്തമാണ്. പ്രതിപക്ഷത്തിനു ശ്വാസം വിടാൻ സാധിക്കാത്ത സാഹചര്യമാണു സൃഷ്ടിക്കുന്നതെങ്കിൽ തെരഞ്ഞെടുപ്പ് എങ്ങനെ സ്വതന്ത്രവും നീതിപൂർവകവുമാകും? തെരഞ്ഞെടുപ്പു മുന്നിൽക്കണ്ടു തങ്ങളുടെ നേതാക്കളെ ഇഡി, സിബിഐ അടക്കമുള്ള അന്വേഷണ ഏജൻസികൾ വേട്ടയാടുകയാണെന്നും അവയ്ക്കു നിയന്ത്രണമേർപ്പെടുത്തണമെന്നും പ്രതിപക്ഷകക്ഷികൾ കമ്മീഷനോട് ആവശ്യപ്പെട്ടിരുന്നു. സ്വതന്ത്രവും നീതിയുക്തവുമായി തെരഞ്ഞെടുപ്പു നടത്തുന്നതിന് ഏജൻസികളുടെ നടപടി തടസ്സം സൃഷ്ടിക്കുന്നുവെന്നാണു പ്രതിപക്ഷത്തിന്റെ വാദം. ഈ ആവശ്യത്തിന്റെ അടിയന്തരസ്വഭാവം തിരിച്ചറിഞ്ഞ് തെരഞ്ഞെടുപ്പ് കമ്മീഷൻ ഉചിതനടപടികൾ എടുക്കേണ്ടത് പ്രതിപക്ഷത്തിന്റെ മാത്രമല്ല, ജനാധിപത്യത്തിന്റെതന്നെ ആവശ്യമാണ്. പ്രതിപക്ഷമില്ലെങ്കിൽ പിന്നെന്തു ജനാധിപത്യം?

# ലോക്സഭാ തെരഞ്ഞെടുപ്പിന് അന്താരാഷ്ട്ര നിരീക്ഷണം

ന്യൂഡൽഹി: ചരിത്രത്തിലാദ്യമായി ഇന്ത്യയിലെ ലോക്സഭാ തെരഞ്ഞെടുപ്പ് ലോകരാജ്യങ്ങളുടെ സൂക്ഷ്മനിരീക്ഷണത്തിലാകുമെന്ന് റിപ്പോർട്ട്. അഞ്ച് വിദഗ്ധരടങ്ങുന്ന അന്താരാഷ്ട്ര സ്വതന്ത്ര സമിതി ഇന്ത്യയിലെ തെരഞ്ഞെടുപ്പു പ്രക്രിയ നിരീക്ഷിക്കുകയും ആഴ്ചതോറും പ്രത്യേക റിപ്പോർട്ടുകളും ബുള്ളറ്റിനുകളും പ്രസിദ്ധീകരിക്കുകയും ചെയ്യുമെന്ന് സിറ്റിസൺസ് കമ്മീഷൻ ഫോർ ഇലക്ഷൻസ് കോഓർഡിനേറ്റർ എം.ജി. ദേവസഹായം പറഞ്ഞു.

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന്റെ അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികളുടെ പശ്ചാത്തലത്തിൽ ഐക്യരാഷ്ട്രസഭയും അമേരിക്കയും ജർമനിയും പരസ്യപ്രതികരണം നടത്തിയതിനു പുറമേയാണ് അന്താരാഷ്ട്ര സംഘത്തിന്റെ പ്രത്യേക നിരീക്ഷണം. ഇന്ത്യയുടെ ആഭ്യന്തര കാര്യത്തിൽ ഇടപെടേണ്ടതില്ലെന്ന് അമേരിക്കയുടെയും ജർമനിയുടെയും നയതന്ത്ര പ്രതിനിധികളെ വിളിച്ചുവരുത്തി കേന്ദ്ര വിദേശകാര്യ മന്ത്രാലയം അതൃപ്തി അറിയിച്ചെങ്കിലും അവരുടെ നിലപാടിൽ കാര്യമായ മാറ്റം വരുത്തിയിട്ടില്ല. ജർമൻ, അമേരിക്കൻ പ്രസ്താവനയ്ക്കെതിരെ ഇന്ത്യ രൂക്ഷമായി പ്രതികരിച്ച ശേഷവും യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറെസിന്റെ വക്താവ് നടത്തിയ സമാന പ്രസ്താവന ഇന്ത്യയ്ക്കു തിരിച്ചടിയായി.

ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ചിലെ നാഷണൽ ഫെലോയും ഡൽഹി യൂണിവേഴ്സിറ്റി റിട്ടയേർഡ് പ്രഫസറുമായ നീര ചണ്ഡോക്ക്, വേൾഡ് ഇന്റലക്ചൽസ് വിസ്ഡം ഫോറം ചെയർമാനും ഫ്രാൻസ്, യുകെ, കേന്ദ്രമായുള്ള ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പീസ് സ്റ്റഡീസ് ആൻഡ് ഗ്ലോബൽ ഫിലോസഫി ഡയറക്ടറും കോമൺവെൽത്ത്

**ജോർജ് കള്ളിവയലിൽ**

ഇന്റർഫെയ്ത്ത് നെറ്റ്‌വർക്ക് കൺവീനറും തത്ത്വചിന്തകനും ചരിത്രകാരനുമായ ഡോ. തോമസ് ഡാഫൺ, ബംഗ്ലാദേശിലെ മുൻ തെരഞ്ഞെടുപ്പു കമ്മീഷണർ സഖാവത് ഹുസൈൻ, കാൺപൂർ ഐഐടി മുൻ പ്രഫ. ഡോ. ഹരീഷ് കാർണിക്, അഹമ്മദാബാദ് ഐഐഎം മുൻ പ്രഫ. ഡോ. സെബാസ്റ്റ്യൻ മോറിസ്, ജർമനിയിലെ ഹൈഡൻബർഗ് യൂണിവേഴ്സിറ്റിയിലുള്ള സൗത്ത് ഏഷ്യ ഇൻസ്റ്റിറ്റ്യൂട്ടിലെ മോഡേൺ പൊളിറ്റിക്സ് ഓഫ് സൗത്ത് ഏഷ്യ പ്രഫസറും ചെയറുമായ രാഹുൽ മുഖർജി എന്നിവരായിരിക്കും ഇന്ത്യൻ തെരഞ്ഞെടുപ്പു നിരീക്ഷിക്കുന്നതിനുള്ള അന്താരാഷ്ട്ര സ്വതന്ത്ര സമിതി അംഗങ്ങളെന്ന് കോ-ഓർഡിനേറ്റർ ദേവസഹായം അറിയിച്ചു.

രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള സമനില ഉറപ്പാക്കുന്നതും സിവിൽ സൊസൈറ്റി ഗ്രൂപ്പുകൾ ഉയർത്തിയ ആശങ്കകൾ പരിഹരിക്കുന്നതും അടക്കമുള്ള കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷന്റെ വിശ്വാസ്യത അടക്കമുള്ള കാര്യങ്ങൾ അന്താരാഷ്ട്ര വിദഗ്ധർ നിരീക്ഷിക്കും.

സ്വതന്ത്രവും നീതിയുക്തവുമായ അന്തരീക്ഷത്തിൽ എല്ലാവർക്കും വോട്ടുചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു എന്നാണ് ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസിന്റെ വക്താവ് സ്റ്റെഫാൻ ഡുജാറിക് പത്രസമ്മേളനത്തിൽ പറഞ്ഞത്. തെരഞ്ഞെടുപ്പു നടക്കുന്ന ഏതൊരു രാജ്യത്തെയും പോലെ ഇന്ത്യയിലും എല്ലാവരുടെയും അവകാശങ്ങൾ ഉണ്ടായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. രാഷ്ട്രീയവും പൗരാവകാശങ്ങളും ഉൾപ്പെടെ സംരക്ഷിക്കപ്പെടണമെന്നും വക്താവ് പറഞ്ഞു. കെജ്‌രിവാളിനെ അറസ്റ്റ് ചെയ്തതിന്റെയും കോൺഗ്രസ് പാർട്ടിയുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചതിന്റെയും പശ്ചാത്തലത്തിൽ ഇന്ത്യയിലെ രാഷ്ട്രീയ അശാന്തിയെക്കുറിച്ചുള്ള ചോദ്യത്തിനു മറുപടി പറയവേയാണ് ദുജാറിക് ഇക്കാര്യം പറഞ്ഞത്.

ജനീവയിൽ നടന്ന മനുഷ്യാവകാശ കൗൺസിലിന്റെ 55-ാമത് സമ്മേളനത്തിൽ ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ ഹൈക്കമ്മീഷണർ വോൾക്കർ ടർക്കും ഇന്ത്യയുടെ തെരഞ്ഞെടുപ്പു പ്രക്രിയയെക്കുറിച്ച് ആശങ്ക അറിയിച്ചിരുന്നു. എന്നാൽ ഇത്തരം ആശങ്കകൾ അനാവശ്യമാണെന്ന് ജനീവയിലെ യുഎൻ കേന്ദ്രത്തിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി അരിന്ദം ബാഗ്ചി പ്രതികരിച്ചു.

## ആഗോള അതിസമ്പന്ന പട്ടികയിൽ 14 മലയാളികൾ

കൊച്ചി: ഫോബ്സ് മാസികയുടെ ആഗോള അതിസമ്പന്ന പട്ടികയിൽ ഇത്തവണ ഇടംപിടിച്ചത് 14 മലയാളികൾ. ആദ്യമായാണ് പട്ടികയിൽ ഇത്രയധികം മലയാളികൾ ഇടംനേടുന്നത്. ഇവരുടെ മൊത്തം ആസ്തിമൂല്യം ഏകദേശം 3.35 ലക്ഷം കോടി രൂപയാണ്. ആഗോളതലത്തിൽ ലൂയി വിട്ടൻ (എൽവിഎംഎച്ച്) എന്ന ആഡംബര ഉത്പന്നക്കമ്പനിയുടെ ഉടമ ബെർണാഡ് അർനാൾട്ടും ഇന്ത്യക്കാരിൽ റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാൻ മുകേഷ് അംബാനിയും ഒന്നാംസ്ഥാനത്തുള്ള പട്ടികയിൽ മലയാളികളിൽ ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി പ്രഥമസ്ഥാനം നിലനിർത്തി.

# പതിനേഴാം ലോക്സഭ ഒറ്റനോട്ടത്തിൽ

സംഭവ ബഹുലമായിരുന്നു 17-ാം ലോക്സഭ. കാലാവധി തികച്ച ലോകസഭകളുടെ ചരിത്രത്തിലെ ഏറ്റവും കുറവ് സെഷനുകൾ, ഡെപ്യൂട്ടി സ്പീക്കറെ തെരഞ്ഞെടുക്കാത്ത സഭ, ഏറ്റവും കൂടുതൽ എംപിമാർ സസ്പെൻഡ് ചെയ്യപ്പെട്ട സഭ, കുറഞ്ഞ സമയംകൊണ്ട് ബില്ലുകൾ പാസാക്കിയ സഭ. ഇങ്ങനെ വിശേഷണങ്ങൾ ഏറെയാണ് 17-ാം ലോക്സഭയ്ക്ക്.

2019 ജൂൺ മുതൽ 2024 ഫെബ്രുവരി വരെയുള്ള കാലത്ത് ആകെ 15 സെഷനുകളിലായി 274 ദിവസംമാത്രമാണ് സഭ സമ്മേളിച്ചത്. ഇതിൽ 11 സമ്മേളനങ്ങളും നേരത്തേ പിരിഞ്ഞു. കോവിഡ് കാലമായതിനാൽ 2020-ൽ 33 ദിവസംമാത്രമാണ് സഭ സമ്മേളിച്ചത്. 16-ാം ലോക്സഭ 16 സമ്മേളനങ്ങളിലായി 312 ദിവസം സമ്മേളിച്ചു.

സഭയിലവതരിപ്പിച്ച ബില്ലുകളിൽ 58 ശതമാനവും രണ്ടാഴ്ചയ്ക്കുള്ളിൽ പാസാക്കി. 35 ശതമാനം ബില്ലുകളും പാസാക്കാൻ ഒരുമണിക്കൂറിൽ താഴെ മാത്രമാണ് ചർച്ച നടത്തിയത്. ജമ്മു-കശ്മീർ പുനഃസംഘടനാ ബിൽ 2019, വനിതാ സംവരണ ബിൽ 2023 എന്നിവ അവതരിപ്പിച്ച് രണ്ടാംദിവസം പാസാക്കി. 16 ശതമാനം ബില്ലുകൾ മാത്രമാണ് പാർലമെന്റ് കമ്മിറ്റികൾക്ക് മുന്നിലെത്തിയത്.

ഭരണഘടനയിലെ ആർട്ടിക്കിൾ 93 പ്രകാരം ലോക്സഭയ്ക്ക് സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും വേണം. സഭ സമ്മേളിച്ച് എത്രയുംവേഗം ഇരുവരേയും തെരഞ്ഞെടുക്കണമെന്നാണ് ചട്ടം. എന്നാൽ, ഡെപ്യൂട്ടി സ്പീക്കറില്ലാതെ കാലാവധി തികച്ച ആദ്യ സഭയാണിത്.

ലോക്സഭാ ചരിത്രത്തിൽ വനിതാപ്രാതിനിധ്യത്തിൽ 17-ാം ലോക്സഭാ ചരിത്രമെഴുതി. ആകെ എംപിമാരിൽ 78 പേർ വനിതകളായിരുന്നു (14.36 ശതമാനം). 16-ാം ലോക്സഭയിൽ വനിതാ പ്രാതിനിധ്യം 61 (11.23 ശതമാനം).

പാർലമെന്റ് മന്ദിരത്തിനുള്ളിൽ ഗുരുതര സുരക്ഷാവീഴ്ചയ്ക്കും 17-ാം ലോക്സഭ സാക്ഷിയായി. മന്ദിരത്തിനുള്ളിൽ അതിക്രമിച്ചു കയറിയ അക്രമികൾ ഗ്യാസ് കനിസ്റ്ററുകൾ പൊട്ടിക്കുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്തു.

ഛത്തീസ്ഗഡ്, ഗുജറാത്ത് എന്നിവിടങ്ങളിൽനിന്നുള്ള എംപിമാരാണ് ശരാശരി ഹാജർനിലയിൽ മുന്നിൽ (216). അരുണാചലിൽനിന്നുള്ള എംപിമാരാണ് പിന്നിൽ (127). പാർട്ടികളിൽ തെലുങ്കുദേശം പാർട്ടിയുടെ മൂന്ന് എംപിമാർ ശരാശരി 229 ഹാജറുമായി മുന്നിലെത്തി. 57 ഹാജറുമായി എഎപിയുടെ രണ്ട് എംപിമാരാണ് പിന്നിൽ.

വിവിധ ദിവസങ്ങളിലായി ഇരുസഭകളിലുമായി 146 എംപിമാർ സസ്പെൻഡ് ചെയ്യപ്പെട്ടു. ഒരുദിവസം 78 ലോക്സഭാ എംപിമാർ സസ്പെൻഡ് ചെയ്യപ്പെട്ടതും 17-ാം ലോക്സഭയിലാണ്. ചോദ്യത്തിനു കോഴവാങ്ങിയതിനു ബംഗാളിൽനിന്നുള്ള തൃണമൂൽ എംപി മഹുവ മൊയ്ത്രയെ എത്തിക്സ് കമ്മിറ്റി പുറത്താക്കിയതും ഇക്കാലത്താണ്. 'മോദി' പരാമർശവുമായി ബന്ധപ്പെട്ട് സൂറത്ത് കോടതി ശിക്ഷിച്ച രാഹുൽ ഗാന്ധിയെ അയോഗ്യനാക്കിയതും 17-ാം ലോക്സഭയുടെ കാലത്താണ്. പിന്നീട് സുപ്രീംകോടതി രാഹുലിനു അനുകൂലവിധി പറപ്പെടുവിച്ചിരുന്നു.

2023 മേയ് 28-ന് സഭ പുതിയ മന്ദിരത്തിലേക്കു മാറി. പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്തു.

# Loving Memory of

## 5th Death Anniversary

**4-13-2024**



## Jomy Cyriac Abraham

### Theradiyel

Birth: 11/9/1988 - Death: 4/13/2019

Parents: Cyriac & Mary Theradiyel
Brother: Jomon Abraham

## 20th Death Anniversary

**4-16-2024**



## O. Abraham

### Theradiyel

*Inserted By*
*Sorrowing Family Members*



JB RESTORATION
JB ADJUSTERS
OPTIMUM CONTRACTORS



MATHEW
മത്തായിച്ചൻ

JORGE

MATHEW 630-205-5585 JORGE 630-335-2987

ROOFING & SIDING

We Specialize In Storm Damage Repair
We Work With All Home Insurance

FREE ESTIMATE
COMMERCIAL & RESIDENTIAL

REMODELING
WINDOW & DOOR REPLACEMENT
PAINTING
WATER DAMAGE
AND MORE!

THANNIKKARY VACATION HOME

S.H.MOUNT P.O., KOTTAYAM 686006, KERALA

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

# മുഖ്യമന്ത്രിയുടെ പ്രസംഗത്തിനിടെ മൈക്ക് വില്ലനായി

തലയോലപ്പറമ്പ്: എൽഡിഎഫിന്റെ തെരഞ്ഞെടുപ്പ് കൺവൻഷനിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രസംഗത്തിനിടയിൽ മൈക്ക് തകരാറിലായി പത്തു മിനിറ്റ് പ്രസംഗം തടസപ്പെട്ടു. എൽഡിഎഫ് സ്ഥാനാർത്ഥി തോമസ് ചാഴികാടന്റെ തെരഞ്ഞെടുപ്പ് പ്രചാരണവുമായി ബന്ധപ്പെട്ട് തലയോലപ്പറമ്പിൽ സംഘടിപ്പിച്ച കൺവൻഷനിൽ മുഖ്യമന്ത്രി പ്രസംഗിച്ചു തുടങ്ങിയപ്പോഴാണ് മൈക്ക് തകരാറിലായത്.




തോമസ് ചാഴികാടന്റെ തെരഞ്ഞെടുപ്പ് കൺവൻഷനിൽ മുഖ്യമന്ത്രി പ്രസംഗിക്കവേ തകരാറിലായ മൈക്ക് ശരിയാക്കാൻ ശ്രമിക്കുന്ന വി.എൻ. വാസവനും ജോസ് കെ. മാണിയും

മൈക്ക് കൂടുതൽ സൗകര്യപ്രദമായി നീക്കിവെച്ച് സംസാരിക്കാൻ മുഖ്യമന്ത്രി ശ്രമിക്കുന്നതിനിടയിൽ മൈക്കിന്റെ സ്റ്റാൻഡ് ഒടിഞ്ഞു. പിന്നീട് മറ്റൊരു സ്റ്റാൻഡ് കൊണ്ടുവന്ന് ഘടിപ്പിച്ച് പത്ത് മിനിട്ടിനു ശേഷമാണ് മുഖ്യമന്ത്രി പ്രസംഗം തുടർന്നത്.

പൗരത്വ ഭേദഗതി നിയമം, ഇലക്ടറൽ ബോണ്ട്, ഇഡി അന്വേഷണം, കേരളത്തിലെ സാമ്പത്തിക പ്രതിസന്ധി എന്നിവയുമായി ബന്ധപ്പെടുത്തി ബിജെപിയെയും കോൺഗ്രസിനെയും രൂക്ഷമായി വിമർശിച്ച് മുഖ്യമന്ത്രി പ്രസംഗം തുടരുന്നതിനിടയിൽ സമ്മേളന പന്തലിനു നടുവിൽ തീ ആളിയതിനെത്തുടർന്ന് പ്രസംഗം വീണ്ടും തടസപ്പെട്ടു. ആംപ്ലിഫയർ ചൂടു കൂടിയതിനെത്തുടർന്ന് കത്തിയാണ് തീ ആളിയത്. ഉടൻ വൈദ്യുതി ബന്ധം വിച്ഛേദിച്ച് ടെക്നീഷ്യന്മാരും പ്രവർത്തകരും ചേർന്ന് തീ അണച്ചു. മുഖ്യമന്ത്രി വീണ്ടും പ്രസംഗം തുടർന്നു.

# രാഹുലിന്റെ പേരിൽ 18 കേസുകൾ

കല്പറ്റ: വയനാട് ലോക്സഭാമണ്ഡലത്തിലെ യുഡിഎഫ് സ്ഥാനാർത്ഥി രാഹുൽഗാന്ധിയുടെ പേരിലുള്ളത് 18 ക്രിമിനൽ കേസുകൾ. പതിനൊന്നും പ്രസംഗങ്ങളിലെ പരാമർശങ്ങളിൽ എടുത്ത അപകീർത്തിക്കേസുകളാണ്.



പകർപ്പവകാശനിയമം, പോക്സോ, വഞ്ചനക്കുറ്റം, ക്രിമിനൽ ഗൂഢാലോചന, ബാലനീതി നിയമം തുടങ്ങിയ വകുപ്പുകൾപ്രകാരവും കേസുകൾ രജിസ്റ്റർചെയ്തിട്ടുണ്ട്. രാഹുൽ ഗാന്ധിക്കുവേണ്ടി കെപിസിസി പ്രസിഡണ്ടിന്റെ ചുമതലയുള്ള എം.എം. ഹസനാണ് കേസിന്റെ വിവരങ്ങൾ വെളിപ്പെടുത്തി ഇംഗ്ലീഷ് പത്രത്തിൽ പരസ്യം നൽകിയിരിക്കുന്നത്.

2021-ൽ ഡൽഹി കന്റോൺമെന്റ് ഏരിയയിൽ ബലാത്സംഗത്തിനിരയായി കൊല്ലപ്പെട്ട ഒൻപത് വയസ്സുകാരി പെൺകുട്ടിയുടെ മാതാപിതാക്കളുടെ ചിത്രം രാഹുൽ ഗാന്ധി ട്വീറ്റ് ചെയ്തിരുന്നു. ഇതിന്റെ പേരിലാണ് ഡൽഹി പോലീസ് പോക്സോ, ജുവനൈൽ ജസ്റ്റിസ് ആക്ട് നിയമപ്രകാരം കേസെടുത്തത്.

# മദ്യനയക്കേസിൽ സഞ്ജയ് സിംഗിന് ജാമ്യം

ന്യൂഡൽഹി: ഡൽഹി മദ്യനയക്കേസിൽ ആം ആദ്മി നേതാവും രാജ്യസഭാംഗവുമായ സഞ്ജയ് സിംഗിന് സുപ്രീം കോടതി ജാമ്യം അനുവദിച്ചു. ജാമ്യാപേക്ഷ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് എതിർക്കാതിരുന്നതോടെയാണ് സഞ്ജയ് സിംഗിന് പുറത്തേക്കുള്ള വഴിയൊരുങ്ങിയത്. വിചാരണക്കോടതിക്ക് ജാമ്യവ്യവസ്ഥകൾ തീരുമാനിക്കാമെന്ന് സുപ്രീം കോടതി വ്യക്തമാക്കി.

സഞ്ജയ് സിംഗിനെതിരെ ഇഡിക്ക് ഒന്നും കണ്ടെത്താനായില്ലെന്നു ചൂണ്ടിക്കാട്ടിയ കോടതി, അഴിമതിയുമായി ബന്ധപ്പെട്ട പണം കണ്ടെത്താനും സാധിച്ചില്ലെന്നു കാട്ടി ഇഡിയെ വിമർശിച്ചു. ഇതേ കേസുമായി ബന്ധപ്പെട്ട് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ തിഹാർ ജയിലിൽ എത്തിയതിന് പിന്നാലെയാണ് ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, ദീപാങ്കർ ദത്ത, പി.ബി. വരാലെ എന്നിവർ ഉൾപ്പെടുന്ന ബെഞ്ച് സഞ്ജയ് സിംഗിന് ജാമ്യം അനുവദിച്ചത്. മദ്യനയക്കേസിൽ അറസ്റ്റിലായ നേതാക്കളിൽ ആദ്യമായാണ് ഒരു നേതാവിന് ജാമ്യം ലഭിക്കുന്നത്. 2023 ഒക്ടോബറിലാണ് സഞ്ജയ് സിംഗ് അറസ്റ്റിലായത്.

മദ്യനയക്കേസിൽ അറസ്റ്റിലാകുകയും പിന്നീട് മാപ്പുസാക്ഷിയാക്കുകയും ചെയ്ത വ്യവസായി ദിനേശ് അറോറയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ 2023 ഒക്ടോബറിലാണ് സഞ്ജയ് സിംഗിനെ ഇഡി അറസ്റ്റ് ചെയ്തത്. ദിനേശ് അറോറയുടെ കൈയിൽ നിന്നു രണ്ടു തവണയായി സഞ്ജയ് സിംഗ് രണ്ടുകോടി രൂപയുടെ കോഴപ്പണം കൈപ്പറ്റിയെന്നായിരുന്നു ഇഡിയുടെ ആരോപണം. എന്നാൽ ഇതുമായി ബന്ധപ്പെട്ട് തെളിവുകൾ കണ്ടെത്താൻ അന്വേഷണ ഉദ്യോഗസ്ഥർക്ക് സാധിച്ചില്ല. മദ്യനയ കേസിൽ മാപ്പുസാക്ഷിയായ ദിനേശ് അറോറയുടെ മൊഴി മാത്രം മുൻനിർത്തിയാണ് ഇഡി സഞ്ജയ് സിംഗിനെ അറസ്റ്റ് ചെയ്തത്. സഞ്ജയ് സിംഗിന്റെ അറസ്റ്റിനു ശേഷമാണ് മദ്യനയക്കേസിൽ ഡൽഹി മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയെയും പിന്നീട് മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിനെയും ഇഡി അറസ്റ്റ് ചെയ്തത്.



സഞ്ജയ് സിംഗ് തിഹാർ ജയിലിൽനിന്ന് പുറത്തുവന്നശേഷം വാഹനത്തിന് മുകളിൽ കയറി പ്രവർത്തകരെ അഭിവാദ്യം ചെയ്ത് സംസാരിക്കുന്നു

# കൺകറന്റ് ലിസ്റ്റിലെ നിയമനിർമാണത്തിന് കേന്ദ്രാനുമതി തേടേണ്ടതില്ല

തിരുവനന്തപുരം: കേന്ദ്രത്തിനും സംസ്ഥാനത്തിനും തുല്യാധികാരമുള്ള കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെട്ട വിഷയങ്ങളിലെ നിയമനിർമാണത്തിന് കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുമതി നേടണമെന്ന വ്യവസ്ഥ ഒഴിവാക്കിയുള്ള റൂൾസ് ഓഫ് ബിസിനസ് ഭേദഗതിക്ക് ഗവർണറുടെ അംഗീകാരം.

ഇതോടെ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെട്ട വിഷയങ്ങളിൽ കേന്ദ്രത്തിന്റെ അനുമതിയില്ലാതെ കേരളത്തിനു നിയമം നിർമിക്കാം. നിലവിലെ കേന്ദ്രനിയമത്തിനു വിരുദ്ധമാണെങ്കിൽ മാത്രം കേന്ദ്രാനുമതി തേടിയാൽ മതിയെന്നും നിയമത്തിൽ പറയുന്നു.

കഴിഞ്ഞ വർഷം ഫെബ്രുവരിയിൽ ചേർന്ന മന്ത്രിസഭാ യോഗമാണ് റൂൾസ് ഓഫ് ബിസിനസ് ഭേദഗതി കൊണ്ടുവന്നത്. എന്നാൽ, ഗവർണർ അംഗീകരിക്കാത്തതിനാൽ റൂൾസ് ബിസിനസ് ഭേദഗതി നിലവിൽ വന്നിരുന്നില്ല. തെരഞ്ഞെടുപ്പു കമ്മീഷന്റെ അനുമതി സർക്കാർ നേടേണ്ടതുണ്ടെങ്കിൽ നേടണമെന്ന വ്യവസ്ഥയോടെയാണ് അംഗീകരിച്ചത്.

നിയമനിർമാണത്തിന് അനുമതി തേടിയുള്ള അപേക്ഷകളുടെ എണ്ണം വൻതോതിലായതോടെ, അതീവഗൗരവമില്ലാത്ത വിഷയങ്ങളിൽ മുൻകൂർ കേന്ദ്രാനുമതി തേടേണ്ടതില്ലെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രാലയം 2010-ൽ സംസ്ഥാനങ്ങളോട് നിർദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് റൂൾസ് ഓഫ് ബിസിനസ് ഭേദഗതി കൊണ്ടുവന്നത്. കേന്ദ്രസർക്കാരിന്റെ അഭിപ്രായംകൂടി തേടിയ ശേഷമാണു ഗവർണർ ഭേദഗതിക്ക് അംഗീകാരം നൽകിയത്.








# Loving Memory of

6th Death Anniversary

4-17-2024



**Chacko Kaniyalil**

**Chicago**

8th Death Anniversary

7-31-2024




**C.J. Annamma Kaniyalil**

**Chicago**

Inserted By
Sorrowing Family

# Sixth Death Anniversary

4-6-2024



**LUKOSE KULATHILKAROTE**

**Chicago**

Inserted By
Sorrowing Family

# മാവേലിക്കരയിൽ കടുത്ത മത്സരം

സമുദ്രനിരപ്പിന് താഴെയുള്ള കുട്ടനാട് മുതൽ പശ്ചിമഘട്ടത്തിന്റെ താഴ്‌വാരം വരെ മൂന്ന് ജില്ലകളിലായി പരന്നുകിടക്കുന്ന മാവേലിക്കര ലോക്സഭാ മണ്ഡലത്തിൽ പ്രചാരണം ഹൈവോൾട്ടിൽ. ഇത്രയേറെ വൈവിധ്യം നിറഞ്ഞൊരു മണ്ഡലം ഒരുപക്ഷേ ഇന്ത്യയിൽ തന്നെയുണ്ടാകാനിടയില്ല. മണ്ണിന്റെ ഘടനയിൽ തുടങ്ങി കൃഷിരീതിയിലും വോട്ടർമാരുടെ ഭാഷാപ്രയോഗങ്ങളിൽപോലും വ്യത്യസ്തത നിറഞ്ഞുനിൽക്കുന്ന ഈ മണ്ഡലത്തെ കേരളത്തിന്റെ പരിച്ഛേദമായും കാണാം.


കൊടിക്കുന്നിൽ സുരേഷ്


സി.എ. അരുൺകുമാർ


ബൈജു കലാശാല

കേരളത്തിൽ മൂന്ന് ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന മറ്റൊരു മണ്ഡലമില്ല. അതുകൊണ്ടു തന്നെ ഓരോ പ്രദേശത്തും അവിടങ്ങളിലേതായ വിഷയങ്ങളാണ് മുഴങ്ങുന്നത്. ആലപ്പുഴ ജില്ലയിലെ കുട്ടനാട്, മാവേലിക്കര, ചെങ്ങന്നൂർ, കോട്ടയം ജില്ലയിലെ ചങ്ങനാശേരി, കൊല്ലം ജില്ലയിലെ കുന്നത്തൂർ, കൊട്ടാരക്കര, പത്തനാപുരം എന്നീ നിയമസഭാ മണ്ഡലങ്ങളാണ് ഈ മണ്ഡലത്തിൽ ഉൾപ്പടുന്നത്. വിവിധ ക്രൈസ്തവ സഭകളുടെയും എൻഎസ്എസ്, കെപിഎംഎസ്, വിശ്വകർമ്മ സഭ ഉൾപ്പെടെയുള്ള സാമുദായിക സംഘടനകളുടെയും ആസ്ഥാനങ്ങൾ സ്ഥിതിചെയ്യുന്ന ഇവിടെ മത-സമുദായ സംഘടനകളുടെ നിലപാടുകളും നിർണായകമാകുന്നു. ദേശീയ രാഷ്ട്രീയത്തിലേക്ക് പ്രഫ. പി.ജെ. കുര്യൻ എന്ന നേതാവിനെ സമ്മാനിച്ചത് മാവേലിക്കരയാണ്.

1980 മുതൽ 1999 വരെ അദ്ദേഹം ആറ് തവണ എംപിയായതിൽ അഞ്ച് വിജയങ്ങളും മാവേലിക്കരയിൽ നിന്നായിരുന്നു. മണ്ഡലം രൂപീകൃതമായ 1962 മുതലുള്ള ചരിത്രം പരിശോധിച്ചാൽ യുഡിഎഫ് ആധിപത്യം പ്രകടം. സംവരണ മണ്ഡലമായിട്ടായിരുന്നു തുടക്കം. അടുത്ത തവണ പൊതുമണ്ഡലമായി. എന്നാൽ, 2009-ലെ പുനർനിർണയത്തോടെ വീണ്ടും സംവരണ മണ്ഡലമായി. 1962-ൽ ആദ്യ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർത്ഥി അച്യുതനായിരുന്നു ജയം. 1967-ൽ സംയുക്ത സോഷ്യലിസ്റ്റ് പാർട്ടി സ്ഥാനാർത്ഥി ജി.പി. മംഗലത്തുമഠം വിജയിച്ചു. 1971-ൽ കോൺഗ്രസ്-സിപിഐ മുന്നണി സ്ഥാനാർത്ഥിയായി മത്സരിച്ച കേരള കോൺഗ്രസ് നേതാവ് ആർ. ബാലകൃഷ്ണപിള്ള സി.പി.എം. നേതാവ് എസ്. രാമചന്ദ്രൻ പിള്ളയെ 55,527 വോട്ടുകളുടെ ഭൂരിപക്ഷത്തിന് കീഴടക്കി. അടിയന്തിരാവസ്ഥയ്ക്കു ശേഷം നടന്ന 1977-ലെ തെരഞ്ഞെടുപ്പിലും മാവേലിക്കരയിൽ കോൺഗ്രസിലെ ബി.കെ. നായർക്കായിരുന്നു ജയം. 1980-ൽ യുഡിഎഫിനായി പി.ജെ. കുര്യൻ കന്നിയങ്കത്തിനെത്തി. എൽഡിഎഫ് സ്വതന്ത്രൻ തേവള്ളി മാധവൻ പിള്ളയെ 63,122 വോട്ടിന് തോൽപിച്ചു. 1984-ൽ ഇന്ദിരാഗാന്ധി വധത്തിനുശേഷം നടന്ന തെരഞ്ഞെടുപ്പിൽ കേരളത്തിൽ സഹതാപ തരംഗം ആഞ്ഞടിച്ചെങ്കിലും കോൺഗ്രസ് കോട്ടയായ മാവേലിക്കര യു.ഡി.എഫിനെ കൈവിട്ടു. ജനതാ പാർട്ടിയുടെ തമ്പാൻ തോമസാണ് യുഡിഎഫ് സ്വതന്ത്രൻ ടി.എൻ. ഉപേന്ദ്രനാഥക്കുറുപ്പിനെ പരാജയപ്പെടുത്തിയത്.

1989-ൽ മടങ്ങിയെത്തിയ പി.ജെ. കുര്യൻ സിറ്റിങ് എംപി തമ്പാൻ തോമസിനെ തോൽപിച്ച് മണ്ഡലം തിരിച്ചുപിടിച്ചു. 1991-ലും 1996-ലും 1998-ലും പി.ജെ. കുര്യൻ വിജയം ആവർത്തിച്ചു. ഭൂരിപക്ഷം കുറഞ്ഞുവന്നതോടെ അദ്ദേഹം ഉപേക്ഷിച്ച മാവേലിക്കരയിൽ 1999-ൽ രമേശ് ചെന്നിത്തലയെ മത്സരിപ്പിച്ച് യുഡിഎഫ് മണ്ഡലം നിലനിർത്തി. എന്നാൽ, അടുത്ത തവണ അദ്ദേഹത്തിനും അടിതെറ്റി. 2004-ൽ രമേശിനെ എൽഡിഎഫ് സ്ഥാനാർത്ഥി സി.എസ്. സുജാത അട്ടിമറിച്ചു. 2009-ലെ മണ്ഡലം പുനർ നിർണയത്തിൽ അടൂർ ഇല്ലാതായതോടെ പകരം മാവേലിക്കര സംവരണ മണ്ഡലമായി. ഇതോടെ മാവേലിക്കരയിലെത്തിയ കൊടിക്കുന്നിൽ സുരേഷ് തുടർച്ചയായി വിജയക്കൊടി പാറിക്കുന്നതാണ് പിന്നീട് കാണാനായത്.

ആദ്യം സിപിഐയുടെ ആർ.എസ്. അനിലിനെ കീഴടക്കി. 2014-ലും 2019-ലും സിപിഐയുടെതന്നെ ചെങ്ങറ സുരേന്ദ്രനെയും ചിറ്റയം ഗോപകുമാറിനെയും തോൽപിച്ച് കൊടിക്കുന്നിൽ ഹാട്രിക് സ്വന്തമാക്കി. കേരളത്തിൽനിന്ന് ഏറ്റവും കൂടുതൽ കാലം ലോക്സഭാംഗമായ ആളെന്ന നാഴികക്കല്ലും ഇതിനിടെ പിന്നിട്ടു. കഴിഞ്ഞ വട്ടം 61138 വോട്ടിനായിരുന്നു ജയം. ഇത്തവണ മണ്ഡലം പിടിക്കാനായി യുവനേതാവും കൃഷി മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയും എഐഎസ്എഫ് സംസ്ഥാന കമ്മിറ്റി അംഗവുമായ സി.എ. അരുൺകുമാറിനെയാണ് എൽഡിഎഫ് രംഗത്തിറക്കിയത്.

നേരത്തെ രംഗത്തിറങ്ങിയതിന്റെ മേൽക്കൈ പ്രചാരണത്തിൽ അരുണിനുണ്ട്. അൽപം വൈകിയാണ് സ്ഥാനാർത്ഥി പ്രഖ്യാപനം നടന്നതെങ്കിലും മണ്ഡലത്തിന്റെ മുക്കും മൂലയും നന്നായി അറിയാവുന്ന യുഡിഎഫ് സ്ഥാനാർത്ഥി കൊടിക്കുന്നിൽ സുരേഷും ഒപ്പത്തിനൊപ്പമെത്തിക്കഴിഞ്ഞു. കോൺഗ്രസ് വിട്ട് ബിഡിജെഎസിൽ എത്തിയ മുൻ കെപിഎംഎസ് നേതാവ് ബൈജു കലാശാലയാണ് എൻഡിഎ സ്ഥാനാർത്ഥി. അദ്ദേഹവും മണ്ഡലത്തിന് സുപരിചിതൻ തന്നെ. മാത്രമല്ല കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ മാവേലിക്കരയിൽ യുഡിഎഫ് സ്ഥാനാർത്ഥിയായിരുന്നെന്ന പ്രത്യേകതയുമുണ്ട്. ത്രികോണമത്സരത്തിന്റെ വീറും വാശിയും കൈവന്നതോടെ മണ്ഡലത്തിൽ പ്രചാരണവിഷയങ്ങളും മാറിമറിയുകയാണ്. ദേശീയവിഷയങ്ങളിൽ തുടങ്ങി നെല്ല്, കശുവണ്ടി, റബർ മേഖലകളിലെ പ്രശ്നങ്ങളും പ്രതിസന്ധികളും വരെ ഇവിടെ ഗൗരവമേറിയ ചർച്ചകൾക്ക് വഴിതുറക്കുന്നു. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ മാവേലിക്കരയിലെ 7 നിയമസഭാ മണ്ഡലങ്ങളിലും എൽഡിഎഫാണ് വിജയിച്ചത്.

അതാവർത്തിക്കാനുള്ള പ്രവർത്തനത്തിലാണ് മുന്നണി നേതൃത്വവും പ്രവർത്തകരും. എന്നാൽ, ലോക്സഭാ തെരഞ്ഞെടുപ്പിലെ സാഹചര്യം തികച്ചും വ്യത്യസ്തമാണെന്നും വിജയം ഉറപ്പാണെന്നും യുഡിഎഫ് നേതാക്കൾ പറയുന്നു. ആഞ്ഞു പിടിച്ചാൽ നേട്ടം അകലെയാകില്ലെന്ന ആത്മവിശ്വാസത്തിലാണ് എൻഡിഎയും.

# തൃശൂരിൽ പൊടിപൂരം

ലോക്സഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കും മുമ്പുതന്നെ ശ്രദ്ധിക്കപ്പെട്ട മണ്ഡലമാണു തൃശൂർ. കോൺഗ്രസിലെ കെ. മുരളീധരന്റെ മാസ് എൻട്രിയും സിപിഐയിലെ മുൻമന്ത്രി വി.എസ്. സുനിൽകുമാറിന്റെ അപ്രതീക്ഷിതവരവും ബിജെപിയിലെ സുരേഷ് ഗോപിയുടെ രണ്ടാംമത്സരവും കൂടിയായപ്പോൾ ത്രികോണമത്സരത്തിനു ചൂടും വാശിയുമേറെ.


കെ. മുരളീധരൻ


വി.എസ്. സുനിൽകുമാർ


സുരേഷ് ഗോപി

തൃശൂരിലെ സിറ്റിംഗ് എംപിയായ ടി.എൻ. പ്രതാപനുവേണ്ടി ചുവരെഴുത്ത് തകൃതിയായി നടക്കുന്നതിനിടെയായിരുന്നു വടകരയിലെ സിറ്റിംഗ് എംപിയായ കെ. മുരളീധരനെ കോൺഗ്രസ് തൃശൂരിൽ യുഡിഎഫ് സ്ഥാനാർത്ഥിയായി പ്രഖ്യാപിക്കുന്നത്. ലീഡർ കെ. കരുണാകരന്റെ മകൾ പദ്മജ ബിജെപിയിലേക്കു കൂടുമാറിയതാണു തലമാറ്റത്തിനു കാരണം. പദ്മജയുടെ ചതിക്കു തിരിച്ചടി നൽകാൻ സഹോദരനെത്തന്നെ ഇറക്കി തെരഞ്ഞെടുപ്പു രംഗം കോൺഗ്രസ് ചടുലമാക്കി.

തൃശൂരിലെ സിറ്റിംഗ് സീറ്റിൽ ഗ്രൂപ്പുവഴക്കുകൾ ഇല്ലാതെയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കെതിരേയുള്ള പ്രതിഷേധങ്ങളും കോൺഗ്രസിനു മുൻതൂക്കം നൽകുന്നു. നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ സിറ്റിംഗ് സീറ്റായിരുന്ന തൃശൂർ തിരിച്ചുപിടിച്ചതിന്റെ ചരിത്രമാണ് ഇടതുസ്ഥാനാർത്ഥിയായ മുൻമന്ത്രി വി.എസ്. സുനിൽകുമാറിന്റെ ആത്മവിശ്വാസം. എൻഡിഎ സ്ഥാനാർത്ഥികൾക്കു സാധാരണ കിട്ടുന്നതിനേക്കാൾ ഒരു ലക്ഷം വോട്ട് ആദ്യമത്സരത്തിൽ കൂടുതൽ കിട്ടിയതിന്റെ ആത്മവിശ്വാസത്തിലാണ് സുരേഷ് ഗോപി വീണ്ടും ഇറങ്ങിയിരിക്കുന്നത്.


കരുവന്നൂർ വിഷയത്തിൽ പ്രതിരോധത്തിലാണ് ഇടതു പാർട്ടികൾ. കോൺഗ്രസും ബിജെപിയും കരുവന്നൂർ വിഷയം ആളിക്കത്തിക്കാൻ പറ്റാവുന്നതൊക്കെ ചെയ്തു. ഇടക്കാലത്തു കരുവന്നൂരിൽ ഇഡിക്കും ബിജെപിക്കും ആവേശം കുറഞ്ഞത് സിപിഎം-ബിജെപി അന്തർധാരയുടെ തെളിവായി കോൺഗ്രസ് ചൂണ്ടിക്കാട്ടുന്നു. അങ്ങനെ പലതുണ്ട് തൃശൂരിൽ വിഷയങ്ങൾ.

സ്ഥാനാർത്ഥി പ്രഖ്യാപനം ഉണ്ടാകും മുൻപേ പ്രധാനമന്ത്രി നരേന്ദ്ര മോദിയും കോൺഗ്രസ് അഖിലേന്ത്യാ അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുമൊക്കെ പ്രചാരണത്തിനെത്തിയത് തൃശൂരിലെ മത്സരത്തെ ദേശീയ ശ്രദ്ധയിലെത്തിച്ചു. അടിയൊഴുക്കുകളിലാണു മുന്നണികളുടെ ആശങ്കയും പ്രതീക്ഷയും. പദ്മജയുടെ ചേരിമാറ്റം ആർക്കു ഗുണം ചെയ്യുമെന്നു കണ്ടുതന്നെ അറിയണം. മണ്ഡലത്തിലെ പ്രബലരായ ക്രൈസ്തവസമുദായത്തിന്റെ നിലപാടും നിർണായകഘടകം.






# കെജ്‌രിവാളിനെ മുഖ്യമന്ത്രിസ്ഥാനത്തുനിന്നു നീക്കണമെന്ന ഹർജി തള്ളി



ന്യൂഡൽഹി: അരവിന്ദ് കെജ്‌രിവാളിനെ ഡൽഹി മുഖ്യമന്ത്രി സ്ഥാനത്തുനിന്ന് നീക്കണമെന്നാവശ്യപ്പെട്ടുള്ള പൊതുതാത്പര്യ ഹർജി ഡൽഹി ഹൈക്കോടതി തള്ളി. ഭരണഘടനാപരമായ വിഷയമായതിനാൽ കോടതി നേരിട്ട് ഇടപെടുന്നില്ലെന്നും ലഫ്. ഗവർണറെ സമീപിക്കാനും കോടതി നിർദേശിച്ചു. മുഖ്യമന്ത്രിയെ തത്സ്ഥാനത്തുനിന്നു മാറ്റുന്നതിന് കോടതിക്ക് അധികാരമില്ലെന്നും ആക്ടിംഗ് ചീഫ് ജസ്റ്റിസ് മൻമോഹൻ അധ്യക്ഷനായ ബെഞ്ച് നിരീക്ഷിച്ചു. ഡൽഹി മദ്യനയക്കേസിൽ അറസ്റ്റു ചെയ്തു ജുഡീഷൽ കസ്റ്റഡിയിൽ ജയിലിലാക്കിയ സാഹചര്യത്തിൽ കെജ്‌രിവാളിനോട് രാജിവെക്കാൻ ലഫ്. ഗവർണറോടു നിർദേശിക്കണമെന്നാവശ്യപ്പെട്ട് ഹിന്ദു സേന എന്ന സംഘടനയാണു പൊതുതാത്പര്യ ഹർജി നൽകിയത്.

ജനാധിപത്യം അതിന്റെ വഴിക്കു നീങ്ങട്ടെയെന്നു നിലപാട് സ്വീകരിച്ച കോടതി മുഖ്യമന്ത്രിസ്ഥാനത്തുനിന്ന് മാറണോ എന്നത് കെജ്‌രിവാൾ തീരുമാനിക്കട്ടെയെന്നും ചൂണ്ടിക്കാട്ടി. അതേസമയം, വ്യക്തിപരമായ താത്പര്യങ്ങൾ ദേശീയ താത്പര്യങ്ങൾക്കു കീഴിലായിരിക്കണമെന്നു കോടതി ഓർമിപ്പിക്കുകയും ചെയ്തു. ഇഡി അറസ്റ്റ് ചെയ്തതിനെത്തുടർന്ന് ജുഡീഷൽ കസ്റ്റഡിയിലായ കെജ്‌രിവാൾ നിലവിൽ തിഹാർ ജയിലിലാണ്.

തെരഞ്ഞെടുപ്പുകാലത്തെ ഇഡിയുടെ അറസ്റ്റ് പാർട്ടിയെയും തന്നെയും ദുർബലപ്പെടുത്താനാണെന്ന് കെജ്‌രിവാൾ ഹൈക്കോടതിയിൽ ചൂണ്ടിക്കാട്ടിയിരുന്നു. മാർച്ച് 21-നാണ് കെജ്‌രിവാളിനെ മദ്യനയക്കേസിൽ ഇഡി അറസ്റ്റ് ചെയ്തത്.

# അക്കാമ്മ ചെറിയാനെയും ബിജെപിയിലെടുത്തു

പത്തനംതിട്ട: സ്വാതന്ത്ര്യസമര ചരിത്രത്തിന്റെ ഉജ്വലമായ ഏട് എഴുതിച്ചേർത്ത അക്കാമ്മ ചെറിയാന്റെ ഛായാചിത്രമായിരുന്നു പത്തനംതിട്ടയിൽ തെരഞ്ഞെടുപ്പ് പ്രചാരണത്തിനെത്തിയ പ്രധാനമന്ത്രി മോദിക്ക് പദ്മജ വേണുഗോപാൽ നൽകിയ ഉപഹാരം. ചുമതലയേറ്റെടുക്കുന്ന സ്റ്റേറ്റ് കോൺഗ്രസ് പ്രസിഡണ്ടുമാരെല്ലാം സിപിയുടെ ഭരണത്തിൽ അറസ്റ്റിലാകുന്ന അസാധാരണ സാഹചര്യത്തിലാണ് അക്കാമ്മ ചെറിയാൻ ചുമതലയേൽക്കുന്നത്. ഉത്തരവാദിത്വ ഭരണം അടക്കമുള്ള കാര്യങ്ങൾ ഉൾപ്പെടുത്തിയ നിവേദനം രാജാവിന് നൽകാനായിരുന്നു പാർട്ടി തീരുമാനം.

അറസ്റ്റ് ഒഴിവാക്കാൻ ചെന്നൈയിലെത്തി അവിടെനിന്ന് തെങ്കാശി വഴി തിരുവനന്തപുരത്തെത്തിയ അക്കാമ്മ ചെറിയാൻ, ലക്ഷക്കണക്കിന് കോൺഗ്രസ് പ്രവർത്തകരുടെ പ്രകടനം നയിച്ച് രാജാവിനെ കാണാൻ പോയ വഴി തടയപ്പെട്ടു. പിരിഞ്ഞുപോകാനുള്ള കല്പന അനുസരിക്കാതെ വന്നപ്പോൾ നിറയൊഴിക്കുമെന്ന് ഭീഷണിപ്പെടുത്തിയ ഇംഗ്ലീഷുകാരനായ പോലീസ് മേധാവിയോട് മാറിലെ പുഷ്പഹാരങ്ങൾ മാറ്റിക്കൊടുത്ത് അങ്ങനെയെങ്കിൽ തന്റെ നെഞ്ചിലേക്ക് ആദ്യം നിറയൊഴിക്കൂവെന്ന് പറഞ്ഞ് നേരിട്ട ഉജ്വല ചരിത്രത്തിനുടമയാണ് അക്കാമ്മ ചെറിയാൻ. ബിജെപിക്ക് സ്വാതന്ത്ര്യസമര സേനാനികളുടെ കുറവുണ്ടെന്ന് മനസ്സിലാക്കിയ പദ്മജ കാഞ്ഞിരപ്പള്ളിക്കാരിയായ അക്കാമ്മ ചെറിയാനെ ബിജെപിയിലെടുക്കുകയായിരുന്നു. കാഞ്ഞിരപ്പള്ളി പത്തനംതിട്ട മണ്ഡലത്തിലാണല്ലോ.

# കേരളത്തിൽ പത്രികാ സമർപ്പണം പൂർത്തിയായി

തിരുവനന്തപുരം: ലോക്സഭ തെരഞ്ഞെടുപ്പിന്റെ നാമനിർദേശപത്രികാ സമർപ്പണം ഏപ്രിൽ നാലിന് സമാപിച്ചപ്പോൾ കേരളത്തിലെ 20 മണ്ഡലങ്ങളിലായി 290 സ്ഥാനാർഥികൾ പത്രിക സമർപ്പിച്ചു.

ആകെ 499 പത്രികകളാണ് ഇതുവരെ ലഭിച്ചത്. അഞ്ചിന് നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന നടന്നു. എട്ടിന് പത്രിക പിൻവലിക്കാനുള്ള സമയപരിധി അവസാനിക്കുന്നതോടെ അന്തിമ സ്ഥാനാർഥിപ്പട്ടികയ്ക്കു രൂപമാകും.

തിരുവനന്തപുരം മണ്ഡലത്തിലാണ് ഏറ്റവും കൂടുതൽ സ്ഥാനാർഥികളുള്ളത്-22, കുറവ് സംവരണ മണ്ഡലമായ ആലത്തൂരിലും-8. മാർച്ച് 28-നാണ് കേരളത്തിൽ നാമനിർദേശ പത്രികാസമർപ്പണം തുടങ്ങിയത്.

അവസാന ദിവസമായ നാലിന് 252 പത്രികകളാണ് ലഭിച്ചതെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു.

നാമനിർദേശ പത്രികയുടെ മണ്ഡലം തിരിച്ചുള്ള വിവരം: തിരുവനന്തപുരം-22, ആറ്റിങ്ങൽ-14, കൊല്ലം-15, പത്തനംതിട്ട-10, മാവേലിക്കര-14, ആലപ്പുഴ-14, കോട്ടയം-17, ഇടുക്കി-12, എറണാകുളം-14, ചാലക്കുടി-13, തൃശൂർ-15, ആലത്തൂർ-8, പാലക്കാട്-16, പൊന്നാനി-20, മലപ്പുറം-14, കോഴിക്കോട്-15, വയനാട്-12, വടകര-14, കണ്ണൂർ-18, കാസർഗോഡ്-13.

# എസ്ഡിപിഐയുടെ പിന്തുണ വേണ്ടെന്ന് യുഡിഎഫ്

തിരുവനന്തപുരം: എസ്ഡിപിഐ പിന്തുണ സ്വീകരിക്കില്ലെന്നും ന്യൂനപക്ഷ വർഗീയതയെയും ഭൂരിപക്ഷ വർഗീയതയെയും കേരളത്തിലെ കോൺഗ്രസും യുഡിഎഫും ഒരുപോലെ എതിർക്കുമെന്നും കെപിസിസി ആക്ടിംഗ് പ്രസിഡണ്ട് എം.എം. ഹസനും പ്രതിപക്ഷ നേതാവ് വി.ഡി. സതീശനും സംയുക്ത പത്രസമ്മേളനത്തിൽ വ്യക്തമാക്കി.

എസ്ഡിപിഐ പോലുള്ള സംഘടനകളുടെ പിന്തുണ സ്വീകരിക്കില്ല. എസ്ഡിപിഐ യുഡിഎഫിനു നൽകിയിരിക്കുന്ന പിന്തുണയെയും അതേ പശ്ചാത്തലത്തിലാണ് യുഡിഎഫ് കാണുന്നത്. ജനങ്ങൾ വ്യക്തിപരമായാണ് വോട്ട് ചെയ്യുന്നത്.

എല്ലാ ജനവിഭാഗങ്ങളും യുഡിഎഫിന് വോട്ട് ചെയ്യണമെന്നാണ് ആഗ്രഹം. എന്നാൽ സംഘടനകളുടെ കാര്യത്തിൽ ഇതാണ് ഞങ്ങളുടെ തീരുമാനം. ഈ തീരുമാനത്തിന്റെ പശ്ചാത്തലത്തിലാണ് എസ്ഡിപിഐയുടെ പിന്തുണയും യുഡിഎഫ് കാണുന്നതെന്നും അവർ പറഞ്ഞു.

വയനാട്ടിൽ രാഹുൽ ഗാന്ധി നാമനിർദേശം കൊടുക്കാൻ വന്നപ്പോൾ നടത്തിയ റോഡ് ഷോയിൽ പതാകകൾ ഒന്നും കണ്ടില്ലെന്നാണ് മുഖ്യമന്ത്രിയുടെ പരാതി. ഞങ്ങൾ എങ്ങനെ പ്രചാരണം നടത്തണമെന്ന് മുഖ്യമന്ത്രി സ്റ്റഡി ക്ലാസ് എടുക്കേണ്ട. എകെജി സെന്ററിൽനിന്നു തീരുമാനിക്കുന്നതല്ല യുഡിഎഫിന്റെ പ്രചാരണരീതി.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ പതാകവിവാദം ഉണ്ടാക്കിയത് ബിജെപിയാണ്. ഈ തെരഞ്ഞെടുപ്പിൽ അതേ വിവാദം ഉണ്ടാക്കുന്നത് പിണറായി വിജയനാണ്. ബിജെപിയെ സന്തോഷിപ്പിക്കാൻവേണ്ടിയാണ് പിണറായി ഇതു ചെയ്യുന്നതെന്നും സതീശൻ പറഞ്ഞു.

# സോണിയ ഗാന്ധി രാജ്യസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു



സോണിയ ഗാന്ധി രാജ്യസഭാംഗമായി സത്യപ്രതിജ്ഞ ചെയ്യുന്നു

ന്യൂഡൽഹി: മുൻ കോൺഗ്രസ് അധ്യക്ഷ സോണിയ ഗാന്ധിയും റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവും ഉൾപ്പെടെ 14 പേർ രാജ്യസഭാംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്തു.

ഉപരാഷ്ട്രപതിയും രാജ്യസഭാ ചെയർമാനുമായ ജഗ്ദീപ് ധൻകർ സത്യവാചകം ചൊല്ലിക്കൊടുത്തു. രാജസ്ഥാനിൽനിന്നാണ് സോണിയ രാജ്യസഭാംഗമായത്. ആദ്യമായാണ് സോണിയ രാജ്യസഭാംഗമാകുന്നത്. 1999 മുതൽ സോണിയഗാന്ധി ലോക്സഭാംഗമായിരുന്നു.



# പാനൂരിലെ ബോംബ് സ്ഫോടനത്തിൽ സിപിഎം പ്രവർത്തകൻ മരിച്ചു: ആറുപേർ കസ്റ്റഡിയിൽ

പാനൂർ: തെരഞ്ഞെടുപ്പു മാപിനിയിൽ പ്രചാരണച്ചൂട് തിളച്ചുയരവേ, പാനൂർ മുളിയാത്തോടിൽ ബോംബ് നിർമാണത്തിനിടെ സ്ഫോടനം. സിപിഎം പ്രവർത്തകൻ മരിച്ചു. മൂന്നു പേർക്ക് പരുക്ക്. ഒരാളുടെ നില ഗുരുതരം. മുളിയാതോട് മരമില്ലിനു സമീപത്ത് ആൾതാമസമില്ലാത്ത വീടിന്റെ ഒന്നാം നിലയിലാണ് ഏപ്രിൽ അഞ്ചിന് പുലർച്ചെ ഒന്നോടെ ഉഗ്രസ്ഫോടനമുണ്ടായത്.

കാട്ടിന്റവിട ഷെറിൻ (26) ആണു മരിച്ച സിപിഎം പ്രവർത്തകൻ. പരുക്കേറ്റ വിനിഷി(24)നെ കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിലേക്കു മാറ്റി. വിനോദ് (30), അശ്വന്ത് (25) എന്നിവരെ നാട്ടുകാർ തലശേരി സഹകരണ ആശുപത്രിയിലെത്തിച്ചു. പിന്നീടു കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിലേക്കു കൊണ്ടുപോയി. പരുക്കേറ്റവരിൽ ഒരാളുടെ കൈപ്പത്തി അറ്റ നിലയിലാണ്. മുഖത്തും കൈക്കും പരുക്കുണ്ട്.

സിപിഎം പ്രാദേശിക നേതാവിന്റെ മകനായ വിനീഷിന്റെ ഇരു കൈപ്പത്തികളും അറ്റുപോയതായാണു ലഭിക്കുന്ന വിവരം. ബോംബ് നിർമ്മാണത്തിനിടെയാണ് സ്ഫോടനമെന്നു പോലീസ് പറഞ്ഞു. പരുക്കേറ്റവരെ ഉടനടി കൂത്തുപറമ്പ് ആശുപത്രിയിലേക്ക് മാറ്റിയിരുന്നു. ആശുപത്രിയിൽനിന്ന് ലഭിച്ച വിവരത്തെ തുടർന്നാണ് പോലീസ് സ്ഥലത്തെത്തിയത്.

സ്ഫോടന വിവരം മറച്ചുവെക്കാനും തെളിവുകൾ നശിപ്പിക്കാനും പോലീസ് ശ്രമിച്ചുവെന്ന് ആരോപണമുയർന്നിരുന്നു. പാനൂർ സിഐ പ്രേംസദന്റെ നേതൃത്വത്തിൽ പോലീസ് സംഘം സ്ഥലത്തെത്തി പരിശോധന നടത്തി. അതിനിടെ സ്ഫോടനവുമായി



ബന്ധപ്പെട്ട് ആറുപേരെ കസ്റ്റഡിയിലെടുത്തു. ചെറുപ്പറമ്പ് അടുങ്കുടിയവയലിൽ അടുപ്പുകൂട്ടിയപറമ്പത്ത് ഷബിൻ ലാൽ (27), സെൻട്രൽ കുന്നോത്തുപറമ്പിലെ കിഴക്കയിൽ അതുൽ (30), ചെണ്ടയാട് പാടാന്റതാഴ ഉറപ്പുള്ളകണ്ടിയിൽ അരുൺ (29), കുന്നോത്തുപറമ്പ് ചിറക്കരാണ്ടിമ്മൽ സായൂജ് (24), മുളിയത്തോട് സ്വദേശി മിഥുൻ (27), കുന്നോത്ത് പറമ്പിലെ അമൽ ബാബു (28) എന്നിവരെയാണ് പോലീസ് അറസ്റ്റ് ചെയ്തത്. സ്ഫോടനം നടക്കുമ്പോൾ സ്ഥലത്തുണ്ടായിരുന്നവരാണ് കസ്റ്റഡിയിലായത്. കൊളവല്ലൂർ, പാനൂർ മേഖലയിലുള്ളവരാണ് കസ്റ്റഡിയിലായിരിക്കുന്നത്. അതേസമയം, മുളിയാത്തോടുനിന്ന് കൂടുതൽ ബോബുകൾ നിർമിച്ച് കടത്തിയതായി പോലീസിന് വിവരം ലഭിച്ചു. അപകടസമയത്ത് സ്ഥലത്ത് പത്തുപേർ ഉണ്ടായിരുന്നുവെന്നാണ് നിഗമനം. ബോംബ് നിർമാണ സംഘത്തിൽ വേറെയും ആളുകൾ ഉണ്ടെന്നു സംശയിക്കുന്നു.

വീട്ടുടമയുടെ അനുമതിയില്ലാതെയാണ് ഇവിടെനിന്ന് സംഘം ബോംബ് നിർമിച്ചത്. ഉഗ്രസ്ഫോടന ശേഷിയുള്ള സ്റ്റീൽ ബോംബാണ് പൊട്ടിയത്. സംഭവസ്ഥലത്ത് പോലീസ് നടത്തിയ പരിശോധനയിൽ രണ്ട് സ്റ്റീൽ ബോംബുകൾ കണ്ടെടുത്തിരുന്നു.

## ജനന രജിസ്ട്രേഷന് മാതാപിതാക്കളുടെ മതം രേഖപ്പെടുത്തണം

ന്യൂഡൽഹി: കുട്ടികളുടെ ജനന രജിസ്ട്രേഷനുള്ള അപേക്ഷയിൽ ഇനി മുതൽ അമ്മയുടെയും അച്ഛന്റെയും മതം പ്രത്യേകമായി രേഖപ്പെടുത്തണം. ഇതുവരെ കുടുംബത്തിന്റെ മതം ഏതെന്നു മാത്രമാണ് അപേക്ഷാഫോമിൽ ചോദിച്ചിരുന്നത്.

ജനന, മരണ രജിസ്ട്രേഷനുകളുടെ ദേശീയ ഡേറ്റബേസ് സൃഷ്ടിക്കാനുള്ള നിയമഭേദഗതി 2023 ഒക്ടോബർ ഒന്നു മുതൽ പ്രാബല്യത്തിലുണ്ട്. ഈ നിയമഭേദഗതിയുടെ ചുവടുപിടിച്ചാണു മാതൃകാചട്ടം കേന്ദ്രം പുറത്തിറക്കിയത്. ഇതു സംസ്ഥാനങ്ങൾ വിജ്ഞാപനം ചെയ്യണം.

2023 ഒക്ടോബർ ഒന്നിനുശേഷം ജനിച്ചവരുടെ പ്രായം തെളിയിക്കുന്ന അടിസ്ഥാനരേഖ ജനന സർട്ടിഫിക്കറ്റ് ആണ്. ദേശീയ ജനസംഖ്യാ രജിസ്റ്റർ (എൻപിആർ), വോട്ടർ പട്ടിക, ആധാർ, റേഷൻ കാർഡ്, പാസ്പോർട്ട്, ഡ്രൈവിങ് ലൈസൻസ്, ഭൂമി രജിസ്ട്രേഷൻ എന്നീ വിവരശേഖരങ്ങൾ ജനന, മരണ രജിസ്ട്രേഷനുകൾ അനുസരിച്ചാകും പുതുക്കുക.

## കോൺഗ്രസ് പ്രകടന പത്രിക പുറത്തിറക്കി

ന്യൂഡൽഹി: തൊഴിൽ, ക്ഷേമം, സമ്പത്ത് എന്നിവയ്ക്ക് ഊന്നൽ നൽകുന്ന പ്രകടനപത്രികയുമായി കോൺഗ്രസ്. 'ന്യായ് പത്ര' എന്നപേരിൽ പുറത്തിറക്കിയ പ്രകടനപത്രികയിൽ ജാതി സെൻസസ് നടപ്പാക്കുമെന്നും ജമ്മു-കാശ്മീരിന്റെ സംസ്ഥാനപദവി പുനഃസ്ഥാപിക്കുമെന്നും കോൺഗ്രസ് വാഗ്ദാനം നൽകുന്നു. കർഷകരുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി മിനിമം താങ്ങുവില നടപ്പിലാക്കുമെന്നും ആരോഗ്യരംഗത്തടക്കം വൻ പദ്ധതികൾ നടപ്പാക്കുമെന്നും ന്യായ് പത്ര വാഗ്ദാനം ചെയ്യുന്നു.

പാർട്ടി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, മുതിർന്ന നേതാക്കളായ സോണിയ ഗാന്ധി, രാഹുൽ ഗാന്ധി, കെ.സി. വേണുഗോപാൽ, പി. ചിദംബരം എന്നിവർ ചേർന്നാണ് കോൺഗ്രസ് ആസ്ഥാനത്ത് പ്രകടനപത്രിക പുറത്തിറക്കിയത്.

കേന്ദ്രസർക്കാർ ജോലികളിൽ വനിതാസംവരണം 50 ശതമാനമാക്കി ഉയർത്തും, കായിക സംഘടനകളുടെ രജിസ്ട്രേഷനുകൾക്കായി നിയമനിർമാണം, വിവേചനം, ലൈംഗിക പീഡനം, പക്ഷപാതം തുടങ്ങിയവയിൽനിന്ന് കായികതാരങ്ങൾക്കും അംഗങ്ങൾക്കും സംരക്ഷണം ഉറപ്പാക്കും. 21 വയസിൽ താഴെയുള്ള വളർന്നുവരുന്ന കായികതാരങ്ങൾക്ക് 10,000 രൂപ പ്രതിമാസ സ്കോളർഷിപ് നൽകും. നിർധന കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ പ്രതിവർഷം ലഭിക്കുന്ന മഹാലക്ഷ്മി പദ്ധതി ആരംഭിക്കും, അഗ്നിപഥ് പദ്ധതി നിർത്തലാക്കും, ഉന്നതവിദ്യാഭ്യാസ പ്രവേശന പരീക്ഷയായ നീറ്റ് ഐച്ഛികമാക്കും, പട്ടികജാതി, പട്ടികവർഗ, മറ്റു പിന്നാക്ക വിഭാഗങ്ങൾക്കുള്ള സംവരണം 50 ശതമാനത്തിനു മുകളിലേക്ക് ഉയർത്തുന്നതിനുള്ള ഭരണഘടനാ ഭേദഗതി പാസാക്കും തുടങ്ങിയ വാഗ്ദാനങ്ങളും പ്രകടന പത്രികയിൽ ഉറപ്പു നൽകുന്നു.

മതം, ഭാഷ, ജാതി എന്നിവയ്ക്ക് അതീതമായി ഒരു ജനാധിപത്യ സർക്കാർ സ്ഥാപിക്കാൻ വിവേകപൂർവം തെരഞ്ഞെടുപ്പിൽ പങ്കെടുക്കണമെന്നും പ്രകടനപത്രികയിലൂടെ കോൺഗ്രസ് അഭ്യർഥിക്കുന്നു. സാധാരണക്കാരുടെ ആവശ്യങ്ങൾ മനസിലാക്കി ജനങ്ങളിലേക്ക് എത്തിച്ചേരുന്ന തരത്തിലാണു പ്രകടന പത്രിക തയാറാക്കിയതെന്നു നേതാക്കൾ വ്യക്തമാക്കി.




## ബാങ്ക് അക്കൗണ്ട് മരവിപ്പിച്ചതിനു പിന്നിൽ രാഷ്ട്രീയ വേട്ടയാടൽ: സീതാറാം യെച്ചൂരി

ന്യൂഡൽഹി: തൃശൂരിൽ സിപിഎമ്മിന്റെ ബാങ്ക് അക്കൗണ്ട് ആദായനികുതി വകുപ്പ് മരവിപ്പിച്ചതിനു പിന്നിൽ രാഷ്ട്രീയ വേട്ടയാടലെന്നു സിപിഎം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി. കാരണം അറിയാതെയാണ് ആദായനികുതി വകുപ്പിന്റെ നടപടി. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ കൃത്യമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പാർട്ടിക്കു വെളിപ്പെടുത്താത്ത അക്കൗണ്ടുകളില്ലെന്നും സീതാറാം യെച്ചൂരി പറഞ്ഞു. തൃശൂർ ജില്ലാ കമ്മിറ്റിക്ക് ബാങ്ക് ഓഫ് ഇന്ത്യയുടെ എംജി റോഡ് ശാഖയിലുള്ള അക്കൗണ്ടാണു മരവിപ്പിച്ചത്. ഈ അക്കൗണ്ട് വഴി ഈ മാസം ഒരു കോടി രൂപ പിൻവലിച്ചിരുന്നു. അതേസമയം, തങ്ങളുടെ ബാങ്ക് അക്കൗണ്ടുകൾ സുതാര്യമാണെന്ന് ജില്ലാ നേതൃത്വം പ്രതികരിച്ചു. നാല് കോടി 80 ലക്ഷം രൂപയാണ് ബാങ്കിൽ ഇപ്പോഴത്തെ ബാലൻസ്.

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445

GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS
- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DEN TURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE

Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!
www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs Please Call ...
THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056

FULL TIME REALTOR

# ബെൻസൻവിൽ ദേവാലയത്തിൽ പുതുഞായർ തിരുനാൾ ആഘോഷിച്ചു



ചിക്കാഗോ: ചിക്കാഗോ ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ പുതുഞായർ തിരുനാൾ ആഘോഷിച്ചു. ചിക്കാഗോയിലെ കല്ലറ പഴയപള്ളി ഇടവകാംഗങ്ങൾ എല്ലാവരുടെയും നേതൃത്വത്തിലാണ് സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ തോമ്മാശ്ലീഹായുടെ തിരുനാൾ പ്രത്യേകം ആഘോഷിച്ചത്.

ഞായറാഴ്ച രാവിലെ 10 മണിക്ക് വിശുദ്ധ കുർബാന അർപ്പിക്കപ്പെട്ടു. തുടർന്ന് നേർച്ച സമർപ്പണവും ദേവാലയത്തിൽ വന്ന എല്ലാവർക്കുമായി സ്നേഹവിരുന്നും ഒരുക്കിയിരുന്നു.

**ലിൻസ് താന്നിച്ചുവട്ടിൽ**

ജോബി ഓളിയിൽ, അനിൽ മറ്റത്തിക്കുന്നേൽ എന്നിവർ പ്രസുദേന്തി കോ-ഓർഡിനേറ്റർമാരായി കല്ലറ പഴയപള്ളി ഇടവകാംഗങ്ങളെ ഒരുമിച്ചുകൂട്ടിയാണ് തിരുനാൾ സംഘടിപ്പിച്ചത്.

ധൈര്യശാലിയായ ഒരു ശിഷ്യന്റെ ശാഠ്യവും വിശ്വാസനിറവും ആഘോഷമാക്കുന്ന പുതുഞായർ തിരുനാൾ പഴയ കല്ലറ ഇടവക മക്കൾ ഏറ്റെടുത്തു നടത്തിയതിൽ അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ അവരെ പ്രത്യേകമായി അഭിനന്ദിച്ചു.

നാട്ടിൽ അതേദിവസം ഇടവക ദേവാലയതിരുനാൾ ആഘോഷിച്ചപ്പോൾ കല്ലറ ഇടവകജനം ബെൻസൻവിൽ ദേവാലയത്തിൽ ഒരുമിച്ചുകൂടി നാട്ടിൽ ആഘോഷിച്ചിരുന്ന തിരുനാൾ ഓർമ്മകളെ വീണ്ടും സജീവമാക്കുകയും പുതിയ തലമുറയിലേക്ക് പകരുകയും ചെയ്തത് എല്ലാവർക്കും പ്രചോദനമാകട്ടെയെന്ന് വികാരി ഫാ. തോമസ് മുളവനാൽ ആശംസിച്ചു.

തിരുനാൾ ആഘോഷ ക്രമീകരണങ്ങൾക്ക് അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ, ട്രസ്റ്റിമാരായ തോമസ് നെടുവാമ്പുഴ, സാബു മുത്തോലം, മത്തിയാസ് പുല്ലാപ്പള്ളി, കിഷോർ കണ്ണാല, ജെൻസൺ ഐക്കരപ്പറമ്പിൽ എന്നിവർ നേതൃത്വം നല്കി.

# ഫോമ സെൻട്രൽ റീജിയൻ യൂത്ത് ഫെസ്റ്റിവൽ മെയ് നാലിന്

ചിക്കാഗോ: ഫോമ സെൻട്രൽ റീജിയന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്കായി വിവിധയിനം കലാമത്സരങ്ങൾ നടത്തുന്നു. യൂത്ത്ഫെസ്റ്റിവലിന്റെ നടത്തിപ്പിനായി ജനറൽ കോ-ഓർഡിനേറ്ററായി ജൂബി വള്ളിക്കളവും കോ-ഓർഡിനേറ്റേഴ്സായി ആഷ മാത്യു,

**ജോഷി വള്ളിക്കളം**

ത്തുന്നത്. ക്ലാസിക്കൽ ഡാൻസ്, സിനിമാറ്റിക് ഡാൻസ്, ഫോക്ക് ഡാൻസ്, വെസ്റ്റേൺ ഡാൻസ്, മലയാളം ഫിലിം സോങ്, ഇംഗ്ലീഷ് സോങ്, ക്ലാസിക്കൽ സോങ്, പ്രസംഗം-മലയാളം ആൻഡ്

ഈ മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് ഓഗസ്റ്റ് 8 മുതൽ 11 വരെ പുന്റാ കാനായിൽ വെച്ച് നടക്കുന്ന നാഷണൽ കൺവൻഷനോടനുബന്ധിച്ച് നടത്തുന്ന മത്സരങ്ങളിൽ പങ്കെടുക്കുവാൻ അർഹത ലഭിക്കുന്നതാണ്.


ജൂബി വള്ളിക്കളം


ആഷ മാത്യു


ഡോ. സ്വർണം ചിറമേൽ


ശ്രീജയ നിഷാന്ത്


ലിന്റ ജോളിസ്

ഡോ. സ്വർണ്ണം ചിറമേൽ, ശ്രീജയ നിഷാന്ത്, ലിന്റ ജോളിസ് എന്നിവരെയും ആർവിപി ടോമി എടത്തിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം തെരഞ്ഞെടുത്തു.

ഡെസ്പ്ലെയിൻസിലുള്ള ക്നാനായ കമ്യൂണിറ്റി സെന്ററിൽ വെച്ച് മെയ് നാലിനാണ് യൂത്ത് ഫെസ്റ്റിവൽ നടഇംഗ്ലീഷ്, ക്രിയേറ്റീവ് പെർഫോമൻസ്-മിമിക്രി, മോണോ ആക്ട്, സ്റ്റാൻഡ് അപ് കോമഡി, ഫാൻസി ഡ്രസ്, സ്പെല്ലിങ് ബീ, മലയാളം കവിതാപാരായണം, പെൻസിൽ ഡ്രോയിങ്, പെയിന്റിങ്, ഗ്രൂപ്പ് ഡാൻസുകൾ എന്നീ വിഭാഗങ്ങളിൽ മത്സരങ്ങൾ നടത്തുന്നതാണ്.

കുട്ടികളുടെ കലാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനായി നടത്തുന്ന ഈ യൂത്ത് ഫെസ്റ്റിവലിൽ അവരെ പങ്കെടുപ്പിച്ച് ഇത് വിജയിപ്പിക്കുന്നതിനായി ചിക്കാഗോയിലുള്ള എല്ലാ ഡാൻസ് സ്കൂൾ ടീച്ചേഴ്സിന്റെയും മാതാപിതാക്കളുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

# ബിബിസി ഇന്ത്യയിലെ ന്യൂസ്‌റൂം പ്രവർത്തനം അവസാനിപ്പിക്കുന്നു

ന്യൂഡൽഹി: കേന്ദ്രസർക്കാരിന്റെ അപ്രീതിക്കിരയായ സാഹചര്യത്തിൽ ഇന്ത്യയിലെ ന്യൂസ് റൂം പ്രവർത്തനം അവസാനിപ്പിക്കുന്നതായി രാജ്യാന്തര വാർത്താ സ്ഥാപനമായ ബിബിസി. ബിബിസിയിലെ ഇന്ത്യാക്കാരായ മുൻ മാധ്യമപ്രവർത്തകർ ചേർന്നു രൂപീകരിച്ച കളക്ടീവ് ന്യൂസ് റൂം എന്ന സ്വകാര്യ സ്ഥാപനത്തിന് പ്രസിദ്ധീകരണത്തിനുള്ള ലൈസൻസ് കൈമാറിയതായി ബിബിസി അറിയിച്ചു.

കളക്ടീവ് ന്യൂസ് ഉടൻ പ്രവർത്തനം ആരംഭിക്കും. ആദ്യമായിട്ടാണ് മറ്റൊരു സ്ഥാപനത്തിന് പ്രസിദ്ധീകരണത്തിനുള്ള ലൈസൻസ് കൈമാറുന്നതെന്നും മാധ്യമപ്രവർത്തനത്തിൽ വിട്ടുവീഴ്ചയില്ലെന്നും ബിബിസി പ്രതികരിച്ചു.

ബിബിസി ഇന്ത്യയുടെ മുൻ സീനിയർ ന്യൂസ് എഡിറ്റർ രൂപ് ധായാണ് കളക്ടീവ് ന്യൂസ് റൂമിന്റെ എക്സിക്യൂട്ടീവ് ഓഫീസർ. ബിബിസിയുടെ പൂർണപിന്തുണയോടെ പത്രപ്രവർത്തന സ്വാതന്ത്ര്യം മുറുകെപ്പിടിക്കുമെന്ന് രൂപ് ധാ വ്യക്തമാക്കി. പ്രസിദ്ധീകരണത്തിനായി മറ്റൊരു സ്ഥാപനത്തെ ബിബിസി അധികാരപ്പെടുത്തുന്നത് അഭൂതപൂർവമാണെന്നും അവർ ചൂണ്ടിക്കാട്ടി.

രാജ്യത്ത് ഡിജിറ്റൽ മേഖലയിൽ 26 ശതമാനം നേരിട്ടുള്ള വിദേശനിക്ഷേപ (എഫ്ഡിഐ) പരിധി ഏർപ്പെടുത്തി 2020-ൽ അവതരിപ്പിച്ച നിയമങ്ങളാണ് ബിബിസിയുടെ ഇന്ത്യൻ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ കാരണം. നിലവിൽ യുകെ ആസ്ഥാനമായ കമ്പനിയുടെ ഉടമസ്ഥതയിലാണ് ബിബിസി ഇന്ത്യ. 200 ജീവനക്കാരടങ്ങിയ ഇന്ത്യയിലെ ബ്യൂറോയുടെ പ്രവർത്തനമാണ് ബിബിസി അവസാനിപ്പിക്കുന്നത്.

1940 മെയ് മാസത്തിലാണ് ബിബിസി ഇന്ത്യയിൽ പ്രവർത്തനം ആരംഭിച്ചത്. 2002 ഗുജറാത്ത് കലാപത്തെക്കുറിച്ച് 'ഇന്ത്യ ദി മോദി ക്വസ്റ്റ്യൻ' എന്ന ഡോക്യുമെന്ററി സംപ്രേഷണം ചെയ്തതിനു പിന്നാലെ ബിബിസിയുടെ ഡൽഹി, മുംബൈ ഓഫീസുകളിൽ ആദായനികുതി വകുപ്പ് പരിശോധന നടത്തിയിരുന്നു.

തുടർന്ന് ചട്ടലംഘനം ആരോപിച്ച് പിഴ ഈടാക്കുകയും നോട്ടീസ് അയയ്ക്കുകയും ചെയ്തിരുന്നു. ഒരു വർഷത്തോളമായി ഇതുമായി ബന്ധപ്പെട്ട നടപടി ആദായനികുതി വകുപ്പ് തുടരുകയാണ്. ഇതിനിടയിലാണ് ബിബിസിയുടെ പുതിയ തീരുമാനം.

# മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ സ്ഥാനം: ജസ്റ്റിസ് എസ്. മണികുമാർ പിന്മാറി

തിരുവനന്തപുരം: സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ സ്ഥാനം ഏറ്റെടുക്കുന്നില്ലെന്നു ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് എസ്. മണികുമാർ, ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ അറിയിച്ചു. പിതാവ് മരിച്ച സാഹചര്യത്തിൽ ചെന്നൈ വിടാൻ സാധിക്കില്ലെന്നാണ് മണികുമാർ അറിയിച്ചത്. സമീപകാലത്ത് അദ്ദേഹത്തിന്റെ ഭാര്യയ്ക്കു പരുക്കേറ്റതും കാരണമാണെന്ന് അറിയുന്നു. ഹൈക്കോടതി ചീഫ് ജസ്റ്റിസിനെയും ഇക്കാര്യം അറിയിച്ചിട്ടുണ്ട്. പുതിയ ചെയർമാൻ വരുന്നതു വരെ കമ്മീഷനിലെ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥിനു ചെയർമാന്റെ ചുമതല നൽകി ഗവർണർ ഉത്തരവിറക്കി.



വിവാദത്തെ തുടർന്ന് 10 മാസം തടഞ്ഞുവെച്ച ശേഷമാണ് മണികുമാറിനെ നിയമിക്കാൻ ഗവർണർ അനുമതി നൽകിയത്. കഴിഞ്ഞ മേയിൽ ജസ്റ്റിസ് ആന്റണി ഡൊമിനിക് വിരമിച്ച ഒഴിവിലാണ് മുഖ്യമന്ത്രി പിണറായി വിജയൻ അധ്യക്ഷനായ മൂന്നംഗ സമിതി മണികുമാറിനെ ശിപാർശ ചെയ്തത്. പ്രതിപക്ഷ നേതാവ് വി.ഡി. സതീശന്റെ വിയോജനക്കുറിപ്പ് സഹിതമാണു ഗവർണർക്ക് സമർപ്പിച്ചത്.

കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തലയും സേവ് യൂണിവേഴ്സിറ്റി ക്യാംപെയ്ൻ കമ്മിറ്റിയും മണികുമാറിനെതിരെ ഗവർണർക്ക് പരാതി നൽകിയിരുന്നു. ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആയിരിക്കെ സർക്കാരിന് എതിരെയുള്ള പ്രധാന കേസുകളിൽ തീരുമാനം എടുക്കാതെ മാറ്റിവെച്ചെന്ന് ആണ് പ്രതിപക്ഷം ഉന്നയിച്ച മുഖ്യ ആരോപണം.

സർവകലാശാലകളുമായി ബന്ധപ്പെട്ട കേസുകളിൽ ഗവർണർക്കു തിരിച്ചടി നേരിട്ടതും മണികുമാറിന്റെ നിയമനം വൈകാൻ കാരണമായി. ചീഫ് ജസ്റ്റിസ് സ്ഥാനത്തു നിന്നു വിരമിക്കുന്നതിനു മുൻപ് മുഖ്യമന്ത്രി പിണറായി വിജയൻ കോവളത്തെ ഹോട്ടലിൽ അദ്ദേഹത്തിന് യാത്രയയപ്പ് നൽകിയതു വാർത്തയായിരുന്നു. നിയമന തീരുമാനത്തിൽ അതൃപ്തി പ്രകടിപ്പിച്ച ഗവർണർ, പരാതികൾ സംബന്ധിച്ച് നിയമോപദേശവും തേടി. കമ്മീഷന്റെ പുതിയ അധ്യക്ഷനെ കണ്ടെത്താൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലുള്ള സമിതി വീണ്ടും യോഗം ചേരണം.

# വോട്ടിംഗ് ശതമാനം വർധിപ്പിക്കാൻ തെരഞ്ഞെടുപ്പു കമ്മീഷൻ

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പിൽ വോട്ടിംഗ് ശതമാനം വർധിപ്പിക്കുന്നതിനായി തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഇടപെടൽ. ഇതു സംബന്ധിച്ച് തെരഞ്ഞെടുത്ത ജില്ലകളിൽ നിന്നുള്ള മുനിസിപ്പൽ കമ്മീഷണർമാർക്കും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർമാർക്കും ചീഫ് ഇലക്ഷൻ കമ്മീഷണർ രാജീവ് കുമാർ നിർദേശം നൽകി.

മുൻ പൊതുതെരഞ്ഞെടുപ്പുകളിൽ കുറഞ്ഞ പോളിംഗ് നടന്നിട്ടുള്ള പാർലമെന്റ് മണ്ഡലങ്ങളിലെ വോട്ടിംഗ് ശതമാനം വർധിപ്പിക്കുന്നതിനുള്ള ശ്രമങ്ങളാണ് കമ്മീഷൻ നടത്തുന്നത്.

മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ, കമ്മീഷണർമാരായ ജ്ഞാനേഷ് കുമാർ, സുഖ്ബീർ സിംഗ് സന്ധു എന്നിവരുടെ നേതൃത്വത്തിലാണ് സമ്മേളനം നടന്നത്.

# ഫോമാ കൺവൻഷന്റെ ഏർലി ബേർഡ് രജിസ്ട്രേഷൻ ഏപ്രിൽ 30 വരെ നീട്ടി

ന്യൂയോർക്ക്: ഓഗസ്റ്റ് 8 മുതൽ 11 വരെ നടക്കുന്ന ഫോമാ കൺവൻഷന്റെ ഏർലി ബേർഡ് രജിസ്ട്രേഷൻ ഏപ്രിൽ 30 വരെ നീട്ടാൻ തീരുമാനിച്ചതായി പ്രസിഡണ്ട് ഡോ. ജേക്കബ് തോമസും കൺവൻഷൻ ചെയർ കുഞ്ഞു മാലിയിലും അറിയിച്ചു. ഏർലി ബേർഡ് രജിസ്ട്രേഷൻ മാർച്ച് 31 വരെ എന്നാണ് നേരത്തെ അറിയിച്ചിരുന്നത്. എന്നാൽ, പലർക്കും അതിനകം രജിസ്റ്റർ ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നും സമയപരിധി നീട്ടണമെന്നും പ്രാദേശിക സംഘടനകളും മറ്റും ആവശ്യപ്പെട്ടതിനെ തുടർന്നാണ് തീയതി നീട്ടിയത്.

ഏറ്റവും കുറഞ്ഞ നിരക്കിൽ രജിസ്റ്റർ ചെയ്യാൻ ഒരു മാസംകൂടി സമയം നീട്ടി നല്കിയത് പരമാവധി പേർ ഉപയോഗപ്പെടുത്തണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. ഫോമാ കൺവൻഷനിൽ പങ്കെടുക്കുക മാത്രമല്ല അതിമനോഹരമായ ഡൊമിനിക്കൻ റിപ്പബ്ലിക് സന്ദർശിക്കാനും പുണ്ട കാനായിലെ ഫൈവ് സ്റ്റാർ ഹോട്ടലായ ബാർസലോ ബാവറോ പാലസ് റിസോർട്ടിൽ താമസിക്കാനും കിട്ടുന്ന അപൂർവ അവസരമാണിത്. മികച്ച താമസസൗകര്യങ്ങൾ, സദാസമയം ഭക്ഷണവും ഡ്രിങ്ക്സും എല്ലാം അടങ്ങിയതാണ് രജിസ്ട്രേഷൻ. അവയ്ക്കൊന്നും ചെലവില്ല. ഡോൾഫിനുകളുള്ള 12 സ്വിമ്മിംഗ് പൂളുകൾ, കസിനോ, ലോകമെമ്പാടുമുള്ള ഭക്ഷണങ്ങൾ നല്കുന്ന 11 ഭക്ഷണശാലകൾ, സ്പിരിറ്റുകളും വൈനും ഡൊമിനിക്കൻ റമ്മും നല്കുന്ന ഏഴ് വ്യത്യസ്ത സ്വിമ്മിംഗ് പൂളുകൾ എന്നിവയൊക്കെ പ്രത്യേകതയാണ്. ഒന്നിനും പ്രത്യേക ചെലവില്ല. ശുദ്ധമായ വെള്ള മണൽനിറഞ്ഞ കടൽത്തീരമാണ് മറ്റൊരാകർഷണം. ഇവിടെ കടലിന് അധികം ആഴമില്ല. റിസോർട്ടിൽ അവരുടേതായ ദൈനംദിന നാടകങ്ങളും കോമഡി ഷോകളും ഉണ്ട്. എല്ലാംകൊണ്ടും ആഹ്ലാദകരമായ അനുഭവമായിരിക്കും കൺവൻഷൻ എന്നതിൽ സംശയമില്ല.



ഫോമ വഴി രജിസ്റ്റർ ചെയ്യുന്നവർക്ക് മൂന്നു ദിവസം മുമ്പ് വരുകയോ മൂന്നു ദിവസം കഴിഞ്ഞു പോകുകയോ ആവാം. ഇതിനു പ്രത്യേക തുക നല്കണം. രജിസ്റ്റർ ചെയ്യാൻ https://fomaaconvention2024.com/ എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# ഷാലു പുന്നൂസ് മോണ്ട്ഗോമറി കൗണ്ടി ഹ്യൂമൻ സർവീസ് ആൻഡ് പബ്ലിക് ഹെൽത്ത് കമ്മിറ്റിയിൽ

**സന്തോഷ് എബ്രഹാം**

ഫിലാഡൽഫിയ: ഫിലാഡൽഫിയായിലെ മലയാളി സമൂഹത്തിന്റെ നിറസാന്നിദ്ധ്യമായ ഷാലു പുന്നൂസിനെ മോണ്ട്ഗോമറി കൗണ്ടി ഹ്യൂമൻ സർവീസ് ആൻഡ് പബ്ലിക് ഹെൽത്ത് കമ്മിറ്റിയിലേക്ക് നിയമിച്ചു. ആദ്യമായാണ് ഒരു മലയാളി ഈ സ്ഥാനത്തേക്ക് അവരോധിക്കപ്പെട്ടത്. യുണൈറ്റഡ് ഇന്ത്യൻ പാക്ക് എന്ന സംഘടന കൗണ്ടി ഇലക്ഷനിൽ സജീവ സാന്നിദ്ധ്യമായിരുന്നു. കൗണ്ടിയിൽ മത്സരിച്ച സ്ഥാനാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു മീറ്റ് ക്യാൻഡിഡേറ്റ് സംഘടിപ്പിക്കുകയും സ്ഥാനാർത്ഥികളുടെ വിജയത്തിനായി പ്രവർത്തിക്കുകയും ചെയ്തു.



മോണ്ട്ഗോമറി കൗണ്ടിയിലുള്ള ആളുകളുടെ ആരോഗ്യസുരക്ഷാ ക്രമീകരണങ്ങൾക്ക് മേൽനോട്ടം വഹിക്കുക എന്നതാണ് ഈ കമ്മിറ്റിയുടെ ചുമതല. ഷാലു പുന്നൂസിന്റെ സ്ഥാനലബ്ധിയിൽ മാപ്പ് പ്രസിഡണ്ട് ശ്രീജിത്ത് കോമത്ത്, മാപ്പ് വൈസ് പ്രസിഡണ്ട് കൊച്ചുമോൻ വയലത്ത്, ഒഐസിസി നാഷണൽ സെക്രട്ടറി ജീമോൻ റാന്നി, ഒഐസിസി നാഷണൽ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ഫിലാഡൽഫിയയിലെ സാംസ്കാരിക സാമൂഹിക നേതാക്കൾ എന്നിവർ അനുമോദനം അറിയിച്ചു.

# കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം ക്രൈസ്തവ സാഹിത്യ രചനകൾ ക്ഷണിക്കുന്നു

ന്യൂയോർക്ക്: പുതിയ എഴുത്തുകാരുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നോർത്ത് അമേരിക്കയിലെ എല്ലാ മലയാളി പെന്തെക്കോസ്ത് പ്രാദേശിക സഭകളെയും ഉൾപ്പെടുത്തി ഉപന്യാസം, ചെറുകഥ, കവിത, ലേഖനങ്ങൾ, കാർട്ടൂൺ ചിത്രങ്ങൾ തുടങ്ങി സത്യവേദപുസ്തക വിഷയങ്ങളെ ആസ്പദമാക്കിയിട്ടുള്ള ക്രൈസ്തവ സാഹിത്യരചനകൾ രചയിതാക്കളിൽ നിന്നും ക്ഷണിക്കുന്നു.



മത്സരാർത്ഥികൾക്ക് രജിസ്ട്രേഷൻ ആവശ്യമില്ല. ഇംഗ്ലീഷ്, മലയാളം ഭാഷകൾ ഇഷ്ടാനുസരണം തെരഞ്ഞെടുക്കാം. വിവിധ പ്രായഗ്രൂപ്പുകളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിൽ വിജയിക്കുന്നവർക്ക് ജൂലൈ 4 മുതൽ 7 വരെ ഹൂസ്റ്റൺ പി.സി.എൻ.എ.കെ കോൺഫറൻസിനോട് അനുബന്ധിച്ചുള്ള കെ.പി.ഡബ്ല്യു.എഫ് സമ്മേളനത്തിൽ വെച്ച് അവാർഡും സർട്ടിഫിക്കറ്റും നല്കി ആദരിക്കും. പങ്കെടുക്കുന്നവരുടെ എണ്ണം അനുസരിച്ച് ആവശ്യമെങ്കിൽ പ്രാഥമിക റൗണ്ടുകൾ പൂർത്തീകരിച്ചതിനു ശേഷം ഫൈനൽ മത്സരം നടത്തുന്നതാണ്. വിജയികളാകുന്നവരുടെ സാഹിത്യ സൃഷ്ടികൾ പ്രമുഖ ക്രൈസ്തവ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കും. റൈറ്റേഴ്സ് ഫോറം അവാർഡുകൾ മുൻവർഷങ്ങളിൽ ലഭിച്ചിട്ടുള്ളവരെ ഈ വർഷം അവാർഡുകൾക്ക് പരിഗണിക്കുന്നതല്ല.

രചനകൾ മെയ് 10-ന് മുമ്പായി സഭാ പാസ്റ്ററിന്റെ പേരും ഫോൺ നമ്പറും സഹിതം അയച്ചുതരേണ്ടതാണ്. 2023-24 വർഷത്തിൽ പ്രസിദ്ധീകരിച്ച മികച്ച പുസ്തകങ്ങൾക്കും പുരസ്കാരം നല്കും. പുസ്തകങ്ങളുടെ രണ്ട് കോപ്പികൾ സെക്രട്ടറിയുടെ വിലാസത്തിൽ അയച്ചു നല്കേണ്ടതാണ്.

രാജൻ ആര്യപ്പള്ളിൽ (പ്രസിഡണ്ട്), സാം മാത്യു (വൈസ് പ്രസിഡണ്ട്), നിബു വെള്ളവന്താനം (ജനറൽ സെക്രട്ടറി), പാസ്റ്റർ എബിൻ അലക്സ് (ജോ. സെക്രട്ടറി), ഡോ. ജോളി ജോസഫ് (ട്രഷറർ), ഷൈനി സാം (ലേഡീസ് കോ-ഓർഡിനേറ്റർ), വെസ്ലി മാത്യു (മീഡിയ കോ-ഓർഡിനേറ്റർ) എന്നിവരാണ് കെ.പി.ഡബ്ല്യു.എഫ് നാഷണൽ ഭാരവാഹികൾ 1993-ലെ സിറാക്യൂസ് സമ്മേളനത്തിൽ വെച്ചാണ് ആദ്യമായി അമേരിക്കയിലെ മലയാളി പെന്തെക്കോസ്ത് എഴുത്തുകാർ ഒന്നിച്ചുകൂടി സംഘടനയ്ക്ക് രൂപം നല്കിയത്.

Address: Nibu Vellavanthanam, 3845 Shoreview Drive, Kissimmee, FL 34744.

E-mail: usakpwf@gmail.com

# സിഎംഎ ഫാമിലി എൻറിച്ച്മെന്റ് പ്രോഗ്രാം മെയ് 24-ന്

**ആൽവിൻ ഷിക്കോർ**

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷൻ ഫാമിലി എൻറിച്ച്മെന്റ് പ്രോഗ്രാം മെയ് 24-ന് വെള്ളിയാഴ്ച വൈകിട്ട് 6.30-ന് നടത്തപ്പെടുന്നു. ഫിലോകാലിയ ഫൗണ്ടേഷന്റെ സ്ഥാപകരായ ബ്രദർ മാരിയോ ജോസഫ്, ജിജി മാരിയോ എന്നിവർ ഇതിൽ പങ്കെടുക്കുന്നു.

മോർട്ടൺഗ്രോവ് സെ. മേരീസ് ക്നാനായ ചർച്ച് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്ന ഫാമിലി എൻറിച്ച്മെന്റ് പ്രോഗ്രാം വിവിധ വിഭാഗങ്ങളായിട്ടാണ് നടത്തപ്പെടുക. വെള്ളിയാഴ്ച കപ്പിൾസ് ഗൈഡൻസ് ക്ലാസ് പ്രസിദ്ധ പ്രഭാഷകരായ മാരിയോ ജോസഫ്, ജിജി മാരിയോ എന്നിവർ നയിക്കും. ദമ്പതികൾക്കായി നടത്തുന്ന ഈ പരിപാടി കുടുംബജീവിതം നയിക്കുന്നവർക്ക് ഒരു മുതൽക്കൂട്ടായിരിക്കുമെന്ന് ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജെസ്സി റിൻസി അറിയിച്ചു.




12 മുതൽ 17 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്കായി കിഡ്സ് കോർണർ മെയ് 26-ന് ഞായറാഴ്ച വൈകിട്ട് 4 മണിക്ക് ബ്രദർ മാരിയോ ജോസഫ്, ജിജി മാരിയോ എന്നിവർ സംയുക്തമായി ഉദ്ഘാടനം ചെയ്യും. നേരത്തെ നിശ്ചയിച്ചിരുന്ന തീയതികളിൽ ചില മാറ്റങ്ങൾ നടത്തേണ്ടി വന്നതായി സംഘാടകർ അറിയിച്ചു.

യുവജനങ്ങൾക്കായുള്ള യൂത്ത് സമ്മിറ്റ് മെയ് 27 തിങ്കൾ രാവിലെ 10 മുതൽ 4 വരെ വിവിധ പരിപാടികളോടെ നടത്തപ്പെടും. ബ്രദർ മാരിയോ ജോസഫ് ക്ലാസ് നയിക്കും. സി.ജെ. മാത്യു, സാറ അനിൽ, ബോബി ചിറയിൽ എന്നിവർ യൂത്ത് സമ്മിറ്റ് പ്രോഗ്രാമിന് നേതൃത്വം നല്കും.

ചിക്കാഗോയിൽ മാത്രമല്ല അമേരിക്കയിലുള്ള എല്ലാവരെയും ഈ മെമ്മോറിയൽ ഡേ വീക്കെൻഡിൽ നടത്തുന്ന ഫാമിലി എൻറിച്ച്മെന്റ് പരിപാടികളിലേക്ക് ക്ഷണിക്കുന്നതായി ചിക്കാഗോ മലയാളി അസോസിയേഷൻ ഭാരവാഹികളായ ആൽവിൻ ഷിക്കോർ, മനോജ് അച്ചേട്ട്, ഫിലിപ്പ് പുത്തൻപുരയിൽ, ഡോ. സിബിൾ ഫിലിപ്പ്, വിവീഷ് ജേക്കബ് എന്നിവർ അറിയിച്ചു. എക്യുമെനിക്കൽ കൗൺസിൽ, ദേശീയ സംഘടനകളായ ഫൊക്കാന, ഫോമ മുതലായ എല്ലാ സംഘടനകളുടെയും പിന്തുണ അഭ്യർത്ഥിക്കുന്നതായി ഭാരവാഹികൾ അറിയിച്ചു.

## ഏപ്രിൽ 11: ലിവിങ് ഡോണർ ഡേ

# ഞങ്ങൾക്കുള്ളതെല്ലാം ഞങ്ങളുടേതല്ല....




ലേഖനം



ലൂസി കണിയാലി

ഖലീൽ ജിബ്രാൻ പറയുന്നു: "ചിലരുണ്ട്, അവർ ആഹ്ലാദത്തിനു വേണ്ടിയോ നന്മ ചെയ്യണമെന്നു കരുതിയോ അല്ല ദാനം ചെയ്യുന്നത്. ദൂരെയെങ്ങോ ഒരു താഴ്‌വരയിൽ വളരുന്ന മിർട്ടിൽ ചെടി അന്തരീക്ഷത്തിലേക്ക് സുഗന്ധം പ്രസരിപ്പിക്കുന്നതുപോലെ അവർ നല്കുന്നു. ഇങ്ങനെയുള്ളവരുടെ കൈകളിലൂടെയാണ് ദൈവം സംസാരിക്കുന്നത്. ഇവരുടെ മിഴികൾക്കകമേയിരുന്നാണ് ദൈവം ഭൂമിക്കുമേൽ മന്ദഹസിക്കുന്നത്. ചോദിക്കുമ്പോൾ നല്കുന്നത് നല്ലതുതന്നെ. എന്നാൽ, അറിഞ്ഞു നല്കുന്നത് എത്രയോ ശ്രേഷ്ഠം. ഉദാരമനസ്കരായ ദാതാക്കൾക്ക് ദാനത്തേക്കാൾ വലിയ ആനന്ദമാണ് ദാനം സ്വീകരിക്കുന്നവർക്കു വേണ്ടിയുള്ള ആ തേടൽ."

ഈ ലോകത്തിലെ നമ്മുടെ സഹജീവികളിൽ അവരെവിടെയോ ഉള്ളവരാകട്ടെ, അവരുടെ നിസ്സഹായാവസ്ഥ അറിഞ്ഞ് അവർക്കായി ഒരു സഹായം എത്തിച്ചുകൊടുക്കണമെന്ന ഒരു 'തേടൽ' നമ്മുടെ ഉള്ളിലുണ്ടാകുമ്പോൾ ഒരു വലിയ ദൈവാന്വേഷണം തന്നെയാണ് സംഭവിക്കുന്നത്. ആ ആവശ്യം നിവർത്തിച്ചുകൊടുക്കുമ്പോൾ കിട്ടുന്ന സംതൃപ്തിയാണ് ദൈവാനുഭവം. ഹൃദയവും മിഴികളും നിറയ്ക്കുന്ന ഒരു സമാധാനമാണത്. കൊടുക്കൽ വാങ്ങലുകളാണല്ലോ ജീവിതം. മാത്സര്യത്തിന്റെയും പ്രായോഗികതയുടെയും ലോകത്തിൽ സംതൃപ്തി കിട്ടാൻ കൊടുക്കലുകൾ വേണ്ടിവരും.

ഈ രാജ്യത്ത് തൊണ്ണൂറ്റിരണ്ടായിരത്തിലധികം ആളുകൾ വൃക്ക (Kidney) എന്ന അവയവത്തിന് കേടുവന്ന് ഡയാലിസിസുമായി ജീവിച്ച്, എന്നോ കിട്ടിയേക്കാവുന്ന കേടില്ലാത്ത ഒരു വൃക്കയും കാത്ത് ജീവിക്കുമ്പോൾ ഈ കുറിപ്പെഴുതാതിരിക്കാൻ കഴിയുന്നില്ല. ഓരോ പതിന്നാലു മിനിറ്റിലും ആ കാത്തിരിപ്പുകാരുടെ ലിസ്റ്റിലേക്ക് ഒരു പേരുകൂടി എഴുതി ചേർക്കപ്പെടുന്നു. ഈ ഹതഭാഗ്യരിൽ ഒരാൾ, ഓരോ മണിക്കൂറിലും മരിക്കുകയോ സങ്കീർണ്ണമായ രോഗാവസ്ഥയിലേക്ക് എത്തപ്പെടുകയോ ചെയ്യുന്നു. ഇതിൽ ഇന്നോ നാളെയോ നിങ്ങളുണ്ടാകാം. നിങ്ങളുടെ പ്രിയപ്പെട്ടവരുണ്ടാകാം. ചിലപ്പോൾ പരിചിതരുണ്ടാകാം. ആയിരക്കണക്കിനാളുകൾ നിങ്ങളെ അറിയാത്തവരോ നിങ്ങളറിയാത്തവരോ ആയിരിക്കും. ഈ മനുഷ്യർ കടന്നുപോകുന്ന നിസ്സഹായാവസ്ഥകളിലൂടെ ഒരിക്കലും ആരും കടന്നുപോകാതിരിക്കട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. ശരീരമെന്ന സങ്കീർണ്ണമായ യന്ത്രത്തിന്റെ ഓരോ ഭാഗങ്ങളും എത്ര വിലപ്പെട്ടതാണെന്ന് അതിലൊന്നിന് കേടുവന്നാൽ മാത്രമേ മനസ്സിലാകൂ. ഇതിൽ ചിലതിന് കേടുവന്നാൽ നന്നാക്കിയെടുക്കാം. പക്ഷേ, മാറ്റിവെച്ചാൽ ശരിയായി കിട്ടുന്ന യന്ത്രങ്ങളിൽ ഒന്നാണ് കിഡ്നി. ഭൂരിപക്ഷം ആളുകളും ജനിക്കുന്നത് രണ്ട് വൃക്കകളുമായിട്ടാണ്. ഇതു രണ്ടും ഒരേ ജോലികൾ ചെയ്തുകൊണ്ടിരിക്കുന്നു. ഇതിൽ ഒന്നിനു തനിയെ ചെയ്യാ




വുന്ന ജോലികളാണ് രണ്ടുപേരും കൂടി ചെയ്യുന്നത്. പ്രവർത്തനക്ഷമമാണെങ്കിൽ മനുഷ്യശരീരത്തിന് ഒരു വൃക്കയുടെ ആവശ്യമേയുള്ളൂ. പൊതുവെ സമൂഹത്തിൽ പലർക്കും അറിഞ്ഞുകൂടാത്ത ഒരു യാഥാർത്ഥ്യമാണിത്. വളരെയധികം തെറ്റിദ്ധരിക്കപ്പെടുന്ന ഒരു സത്യം. നമുക്ക് രണ്ടുള്ളതിൽ ഒന്ന് ദാനം കൊടുക്കുമ്പോൾ നമുക്കു കാര്യമായ നഷ്ടങ്ങൾ ഒന്നുമുണ്ടാകുന്നില്ല. സ്വീകരിക്കുന്ന വ്യക്തിക്ക് ജീവനും ജീവിതവും തിരിച്ചുകിട്ടുന്നു. കൂടുതൽകാലം (20–40 വർഷങ്ങൾ) ആരോഗ്യകരമായ ജീവിതം കിട്ടുന്നു.

ഇപ്പോഴത്തെ കണക്കുകൾ പ്രകാരം വൃക്ക മാറ്റിവെക്കലിനായി പേരു ചേർക്കപ്പെട്ടു കഴിഞ്ഞാൽ 3–10 വർഷങ്ങളാണ് കാത്തിരിപ്പുസമയം. ഇതിനോടകം രോഗിയുടെ ആരോഗ്യാവസ്ഥ സങ്കീർണ്ണമാകാൻ സാദ്ധ്യത വളരെക്കൂടുതലാണ്. രോഗിയുടെ ഊർജ്ജം മാത്രമല്ല അവരുമായി ബന്ധപ്പെട്ടവരുടെ ഊർജ്ജവും സമാധാനവും സന്തോഷങ്ങളും ജീവിതതാളങ്ങൾ വരെ താഴ്ന്ന നിലയിലാകുവാനും സാദ്ധ്യതകൾ ഏറെയാണ്.

ഒരാൾ വൃക്കദാനത്തിന് തയ്യാറായാൽ, അവരുടെ ബന്ധുവിന് അല്ലെങ്കിൽ അവർ ആഗ്രഹിക്കുന്ന വ്യക്തിക്ക് അത് യോജിച്ചതല്ലെങ്കിൽ (Match) പോലും ആ സംരംഭത്തിലൂടെ ആ വ്യക്തിയെ സഹായിക്കാൻ സാധിക്കും. അതിനുള്ള സംവിധാനങ്ങൾ non direct donation, swap program, compatible share voucher program എന്നിങ്ങനെ പല പേരുകളിലുണ്ട്. നിങ്ങൾ ദാനം നല്കുന്നതിലൂടെ തന്നെ നിങ്ങൾ ആഗ്രഹിക്കുന്ന വ്യക്തിക്ക് നേരിട്ടല്ലെങ്കിൽ പോലും പ്രയോജനമുണ്ടാകുന്നുണ്ട്. നമ്മളറിയാത്ത, നമ്മളെ അറിയാത്ത അജ്ഞാതനായ ഒരാൾക്ക് ജീവിതം തിരിച്ചുപിടിച്ചു കൊടുക്കുന്നതിനോളം സംതൃപ്തി നമുക്ക് വേറെ എവിടെനിന്നു കിട്ടും?

ആരോഗ്യവാനായ ഓരോ വ്യക്തിയും വൃക്കദാനത്തിന് അനുയോജ്യനാണ്. വൃക്കദാനത്തിനു മുന്നോടിയായുള്ള പരിശോധനകളുടെ ചെലവ്, ശസ്ത്രക്രിയ, അതിന് അനുബന്ധമായ ചെലവുകൾ ഒന്നുംതന്നെ ദാതാവിന്റെ ഉത്തരവാദിത്വമല്ല. ഇതെല്ലാം വൃക്കദാനം സ്വീകരിക്കുന്നയാളിന്റെ ഹെൽത്ത് ഇൻഷ്വറൻസാണ് ഉത്തരവാദിത്വത്തോടെ ഏറ്റെടുക്കുന്നത്. അതേസമയം പണം വാങ്ങി വൃക്ക ദാനം കൊടുക്കുന്നത് അമേരിക്കയിൽ നിയമവിരുദ്ധമാണ്. സാധാരണഗതിയിൽ ദാതാവിന്റെ ലാപ്രോസ്കോപ്പി (താക്കോൽദ്വാര ശസ്ത്രക്രിയ) ശസ്ത്രക്രിയയ്ക്കുശേഷം രണ്ടു മുതൽ നാല് ആഴ്ചയ്ക്കുള്ളിൽ പൂർണ്ണ ആരോഗ്യവാനായി പഴയ രീതിയിൽ ജീവിതം തുടരാൻ കഴിയും. മറ്റ് ആരോഗ്യതടസ്സങ്ങളോ പുതിയ മരുന്നുകളോ ഒന്നും വേണ്ടിവരുന്നില്ല.

ഈ കുറിപ്പുകളെഴുതുമ്പോൾ എനിക്ക് പല കാര്യങ്ങളും സത്യസന്ധമായി പറയാൻ കഴിയുന്നത് ഞാൻ 2020 സെപ്റ്റംബർ പതിനാറാം തീയതി ഈ കഥയിലെ നായികയായതുകൊണ്ടാണ്. എന്റെ ഭർത്താവിനു വേണ്ടി ഒരു വൃക്ക ദാനം ചെയ്യുവാൻ എടുത്ത തീരുമാനം എന്തുമാത്രം ശരിയായിരുന്നു എന്ന് ഓർത്ത് എന്നും അഭിമാനിക്കുന്നു. ഞങ്ങളിൽ ഒരാളുടെ ജീവനും മരണവും രണ്ടു വശങ്ങളിലായി ഒരു പ്രശ്നമായി നിന്നപ്പോൾ അതിനുള്ള പരിഹാരം എന്താണ് എന്നാണ് ചിന്തിച്ചത്. ഒരേദിവസം ഒരേ ആശുപത്രിയിൽ മാതാപിതാക്കളെ രണ്ടുപേരെയും ഒരേസമയം ശസ്ത്രക്രിയാ മുറിയിലേക്ക് യാത്രയാക്കിയ ഞങ്ങളുടെ മൂന്നു മക്കളുടെ മാനസ്സികാവസ്ഥ എന്തായിരുന്നിരിക്കും എന്നൊക്കെ ഓർക്കാൻ തോന്നിയില്ല. ഒരു വർഷക്കാലം ഒരു മുറിയിൽ രാത്രി എട്ടു മണി മുതൽ വെളുപ്പിനെ നാലു മണിവരെ പെരിട്ടോണിയൽ ഡയാലിസിസ് മെഷീനുമായി സ്വയം ബന്ധിപ്പിച്ച് എട്ടുപത്തടി വിസ്തീർണ്ണതയിൽ ചുരുങ്ങപ്പെട്ട അവരുടെ പിതാവിന്റെ സ്വാതന്ത്ര്യം മാത്രമായിരുന്നു അന്നെന്റെ മനസ്സിൽ. അത് എന്റെ സ്വാർത്ഥത! ഭർത്താവിനു വേണ്ടി വൃക്ക ദാനം നടത്തിയ പ്രദീപിന്റെ പ്രിയപത്നി ബിജിമോളായിരുന്നു എനിക്കു പ്രചോദനം. ഞങ്ങളെക്കാളും ഉയരങ്ങളിൽ ഞാൻ കാണുന്ന സോഫിയാമ്മ എന്ന പെൺകുട്ടി അവളുടെ ചേച്ചിയുടെ മകനുവേണ്ടിയാണ് വൃക്കദാനം നടത്തിയത്. ചിക്കാഗോയിൽ താമസിക്കുന്ന ഞങ്ങൾക്കെല്ലാവർക്കും മുമ്പേ നടന്ന എനിക്കു പേരറിയാത്ത, സ്വയം വെളിപ്പെടുത്താത്ത എത്രയോ പേർ. 6900–നു മുകളിൽ ദാതാക്കൾ 2023–ലുണ്ടായിരുന്നു. ഏപ്രിൽ പതിനൊന്ന്. ഇതു ഞങ്ങളുടെ ദിവസമാണ്. നാഷണൽ ലിവിംഗ് ഡോണർ ഡേ (National Living Donor Day) കൊടുക്കുന്ന ആളും സ്വീകരിക്കുന്ന ആളും സ്വീകർത്താക്കളാണെന്ന ബോദ്ധ്യം ഞങ്ങൾക്കുണ്ട്. കാരണം ഞങ്ങൾക്കുള്ളതെല്ലാം ഞങ്ങളുടേതല്ല – ഞങ്ങൾക്ക് നല്കപ്പെട്ടതാണ് എന്ന ബോദ്ധ്യം ഞങ്ങൾക്കുണ്ട്.

എല്ലാവർക്കും ശുഭാശംസകൾ!

കേരളാ എക്സ്പ്രസ് സേവനത്തിന്റെ മുപ്പത്തിരണ്ടാം വർഷം 1992-2024










# സംഘാടനത്തിന്റെ പുതിയ ശബ്ദം ജോൺസൺ തങ്കച്ചൻ



**" ശൈലിയുടെ കാര്യങ്ങളിൽ ഒഴുക്കിനൊപ്പം നീന്തുക; തത്വത്തിന്റെ കാര്യങ്ങളിൽ ഒരു പാറപോലെ നിൽക്കുക"**

ഒരു നേതാവിന്റെ യഥാർത്ഥ അടയാളം ധീരമായ പ്രവർത്തന രീതിയിൽ ഉറച്ചുനിൽക്കാനുള്ള സന്നദ്ധതയാണ്. ചിന്തയുള്ള പൗരന്മാർക്ക് ലോകത്തെ മാറ്റാൻ കഴിയുമെന്നതിൽ ഒരിക്കലും നാം സംശയിക്കരുത്. കാരണം അത്തരം പൗരന്മാരാണ് പിന്നീട് ലോകത്തെ നിയന്ത്രിക്കുന്ന വലിയ നേതാക്കളായി മാറിയിട്ടുള്ളത്.

അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ നേതൃത്വ രംഗത്തേക്ക് ഒരു വലിയ ഉത്തരവാദിത്വം ഏറ്റെടുത്തു കൊണ്ട് ഒരു ചെറുപ്പക്കാരൻ കടന്നുവരുന്നു. ജോൺസൺ തങ്കച്ചൻ. 2024 ഫൊക്കാന അന്തർദ്ദേശീയ കൺവൻഷൻ ചെയർമാൻ. മധ്യതിരുവിതാംകൂറിന്റെ കാർഷിക ഗ്രാമമായ പുനലൂരിൽനിന്നും അമേരിക്കയിലേക്ക് പറിച്ചുനട്ട സമൃദ്ധമായ ഒരു ജീവിത പശ്ചാത്തലമുള്ള ജോൺസൺ തങ്കച്ചൻ കടന്നുചെല്ലാത്ത മേഖലകൾ വിരളം. നാട്ടിലെത്തിയാൽ ഏക്കർ കണക്കിന് വ്യാപിച്ച് കിടക്കുന്ന നെല്ലി മുതൽ ഡ്രാഗൺ ഫ്രൂട്ട് വരെ വിളയുന്ന ജൈവവൈവിദ്ധ്യമുള്ള ഫാമിന്റെ ഉടമ. ബാംഗ്ളൂരിൽ എത്തിയാൽ നിരവധി ബിസിനസ് ബന്ധങ്ങൾ ഉള്ള ബിസിനസുകാരൻ.

അമേരിക്കയിൽ എത്തിയാൽ നല്ലൊരു റിയൽടർ, പുതിയ സ്റ്റാർട്ട് അപ്പുകളുടെ തുടക്കക്കാരൻ, അങ്ങനെ നിരവധി വിശേഷണങ്ങൾ സ്വന്തമായി നേടിയെടുത്ത ജോൺസൺ തങ്കച്ചന്റെ ജീവിതവഴികളിലൂടെ ഒരു യാത്ര.

## രാഷ്ട്രീയ കുടുംബത്തിന്റെ തണൽ

പുനലൂർ കരവാളൂർ മാത്ര വെഞ്ചേമ്പ് എൻ.ജി.പി.എം. ഹൈസ്കൂൾ ഹെഡ്മാസ്റ്ററും കേരളാ കോൺഗ്രസ് (എം) സംസ്ഥാന നേതാവും ജില്ലാ സെക്രട്ടറിയും ആയിരുന്ന പി. തങ്കച്ചന്റെയും വീട്ടമ്മയായ ചിന്നമ്മ തങ്കച്ചന്റെയും മകനായി ജനനം. പ്രാഥമിക വിദ്യാഭ്യാസം പുനലൂർ മേരിഗിരി സ്കൂൾ. പത്താം ക്ലാസ് വരെ ഗവൺമെന്റ് ഹൈസ്കൂൾ പുനലൂർ. പ്രീഡിഗ്രി പുനലൂർ എസ്.എൻ. കോളേജ്. ഹൈസ്കൂളിൽ പഠിക്കുമ്പോൾ രാഷ്ട്രീയം ഉണ്ടായിരുന്നുവെങ്കിലും കോളേജിലേക്കെത്തിയപ്പോൾ രാഷ്ട്രീയ പ്രവർത്തനം സജീവമായി. കെ.എസ്.യുവിന്റെ പാനലിൽ ക്ലാസ് റപ്പ് ആയും പിന്നീട് യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലറായും മത്സരിച്ചു. പ്രീഡിഗ്രിക്ക് ശേഷം എഞ്ചിനീയറിംഗ് പഠനത്തിനായി ബാംഗ്ലൂരിലേക്ക്. എം.വി.ജെ. കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ചേർന്നപ്പോഴാണ് വിദ്യാർത്ഥി രാഷ്ട്രീയത്തിൽ കൂടുതൽ സജീവമായി. ബാംഗ്ലൂരിൽ യൂത്ത് കോൺഗ്രസിൽ പ്രവർത്തനം തുടങ്ങി. ബാംഗ്ലൂർ ഡിസ്ട്രിക്ട് യൂത്ത് കോൺഗ്രസ് പ്രവർത്തകനായി തുടങ്ങിയ രാഷ്ട്രീയ ജീവിതം പെട്ടെന്ന് തന്നെ മാറി മറിഞ്ഞു. തുടർന്ന് ഡിസ്ട്രിക്ട് സെക്രട്ടറിയായി. തുടർന്ന് യൂത്ത് കോൺഗ്രസ് കർണാടക സംസ്ഥാന സെക്രട്ടറിയായി. ദിനേശ് ഗുണ്ടുറാവു ആയിരുന്നു അന്ന് സംസ്ഥാന പ്രസിഡന്റ്. 2005 മുതൽ 2007 വരെ ഈ പദവിയിൽ തുടർന്നു.

## സോഫ്റ്റ് വെയർ കമ്പനി മുതൽ ഗുരുകുലം വരെ

2000-ൽ എഞ്ചിനീയറിംഗിന് ഒപ്പം പഠിച്ച ചില സുഹൃത്തുക്കളുമായി ചേർന്ന് ഒരു സോഫ്റ്റ് വെയർ കമ്പനി തുടങ്ങി. കൂടാതെ കേരളം മുഴുവൻ ഗുരുകുലം ബുക്സ് ആന്റ് പബ്ലിക്കേഷൻ കൂടി ആരംഭിച്ചു. ലേബർ ഇന്ത്യയുമായി സഹകരിച്ചാണ് ഈ പദ്ധതി തുടങ്ങിയത്. കേരളത്തിൽ മിക്കവാറും എല്ലാ സ്കൂളുകളിലും കരിയർ ഗൈഡൻസ് സെമിനാറുകൾ സംഘടിപ്പിച്ചു. ഈ സമയത്തായിരുന്നു വിവാഹം. പ്രീഡിഗ്രിക്കാലം മുതൽ ഒപ്പം ഉണ്ടായിരുന്ന സിബിയെ ജോൺസൺ തങ്കച്ചൻ തന്റെ ജീവിത സഖിയാക്കി. സിബി മണിപ്പാൽ നേഴ്സിംഗ് കോളേജിൽ നേഴ്സിംഗ് പഠനം കഴിഞ്ഞ് നിൽക്കുന്ന സമയത്തായിരുന്നു വിവാഹം. ഈ സമയത്ത് സിബിക്ക് അമേരിക്കയിൽ നേഴ്സായി ജോലിക്ക് അവസരം ലഭിച്ചു.

## അമേരിക്കയിലേക്ക്

2007-ൽ കുടുംബസമേതം അമേരിക്കയിലെത്തി. റിച്ച്മെണ്ട് എന്ന സ്ഥലത്തായിരുന്നു താമസം. ഇന്ത്യയിലുണ്ടായിരുന്ന ബിസിനസ് സംരംഭങ്ങൾ എല്ലാം പെട്ടെന്ന് നിർത്തലാക്കിയാണ് അമേരിക്കയിലേക്ക് വന്നത്. അമേരിക്കയിൽ ഒരു പുതിയ സാധ്യത എന്ന നിലയിൽ റിയൽ എസ്റ്റേറ്റ് രംഗത്തേക്കിറങ്ങി. മലയാളി കുടുംബങ്ങൾ കുറവുള്ള സ്ഥലമായിരുന്നു റിച്ച്മെണ്ട്. റിയൽ എസ്റ്റേറ്റ് ബിസിനസ്സിനൊപ്പം ബിഗ് സ്റ്റേജ് ഇഫക്ട് എന്ന പേരിൽ ഒരു ഇവന്റ് മാനേജ്മെന്റ് കമ്പനി കൂടി തുടങ്ങി. 2011 - 2012 കാലയളവിൽ ഇന്ത്യൻ സർക്കിളുകളിൽ അറിയപ്പെടുന്ന റിയൽടർ ആയി മാറുവാൻ അദ്ദേഹത്തിന് സാധിച്ചു. ബിസിനസ് പച്ചപിടിച്ചപ്പോൾ പഴയ സാമൂഹ്യ പ്രവർത്തനം പൊടിതട്ടിയെടുത്തു. 2018 ആയപ്പോഴേക്കും മലയാളി സംഘടനാ രംഗത്തേക്ക് കടന്നുവന്നു.

## ഗ്രാമം മുതൽ ഫൊക്കാന വരെ

ജോലി, കുടുംബം, ജീവിതം എന്നിവയാണ്






>> Namibia inviting investment

US business delegation explore opportunities

Tender for Goods:






# വഴിത്താരകൾ

തയ്യാറാക്കിയത്: **അനിൽ പെണ്ണുക്കര**

ഒരു മലയാളിയുടെ ശരാശരി ചിന്തയെങ്കിലും സാമൂഹികമായ കൂട്ടായ്മകൾ അവരെ കൂടുതൽ വളർത്തുന്നു എന്ന തിരിച്ചറിവുള്ള ഒരാളായിരുന്നു ജോൺസൺ തങ്കച്ചനും. അങ്ങനെ റിച്ച്മെണ്ട് മലയാളി അസ്സോസിയേഷനായ ഗ്രാമത്തിൽ സജീവമായി. 2020-ൽ ഗ്രാമത്തിന്റെ പ്രസിഡന്റ്. ആ സമയത്താണ് ഫൊക്കാനയിൽ സജീവമാകുവുകയും നാഷണൽ കമ്മിറ്റി മെമ്പറായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തത്. ഇപ്പോൾ റീജിയണൽ വൈസ് പ്രസിഡന്റ്. ഒപ്പം ഏറ്റവും ഉത്തരവാദിത്വമുള്ള ഒരു പദവികൂടി ഏറ്റെടുത്തു 2024-ലെ ഫൊക്കാന അന്തർദ്ദേശീയ കൺവൻഷൻ ചെയർമാൻ പദവി.

### ചരിത്രമാകാൻ ഫൊക്കാന അന്തർദ്ദേശീയ കൺവൻഷൻ

2024 ജൂലൈ ആദ്യവാരത്തിൽ വാഷിംഗ്ടണിൽ സംഘടിപ്പിക്കുന്ന ഫൊക്കാന അന്തർദ്ദേശീയ കൺവൻഷനുള്ള ഒരുക്കങ്ങൾക്ക് നേതൃത്വം വഹിക്കുന്ന ജോൺസൺ തങ്കച്ചന് സംഘാടനത്തിന്റെ രീതികൾ ഒന്നും പുതുമയല്ല. അർഹതപ്പെട്ട കൈകളിലാണ് കൺവൻഷന്റെ ഉത്തരവാദിത്വം ഫൊക്കാന ഏൽപ്പിച്ചിട്ടുള്ളത്. ഡെലിഗേറ്റുകൾക്കായുള്ള മുറികൾ ഇതിനോടകം ബുക്കു ചെയ്തു കഴിഞ്ഞു. കേരളാ മുഖ്യമന്ത്രി, എം.പിമാർ, എം.എൽ.എമാർ, സാംസ്കാരിക നായകന്മാർ, ചലച്ചിത്ര താരങ്ങൾ തുടങ്ങി പ്രഗത്ഭരുടെ ഒരു നിര കൺവൻഷനായി എത്തും. അമേരിക്കയിലെ യുവ തലമുറയുടെ ഒരു പരിഛേദത്തെ ഇക്കുറി കൺവൻഷന്റെ ഭാഗമാക്കും. മൂന്നുദിവസം കൺവൻഷന് എത്തുന്ന കുട്ടികൾക്ക് അത് അവരുടെ കൺവൻഷൻ ആയി തോന്നും. ചെറുപ്പക്കാർക്ക് അവരുടെ കൺവൻഷൻ ആയി തോന്നണം. എല്ലാ ആളുകൾക്കും ഇഷ്ടപ്പെടുന്ന, പരമ്പരാഗത രീതികൾ എല്ലാം മാറ്റിമറിക്കുന്ന ഒരു ഉത്സവമായിട്ടാകും വാഷിംഗ്ടൺ ഫൊക്കാന കൺവൻഷൻ ഗ്ലോബൽ മലയാളികളെ സ്വീകരിക്കുക. വളരെ ഈടുറ്റതും സമയബന്ധിതമായ പ്രോഗാമുകൾകൊണ്ടും സമ്പുഷ്ടമായ ഒരു ഫൊക്കാന കൺവൻഷനാണ് വാഷിംഗ്ടൺ ഡി.സിയിൽ സംഘടന ഒരുക്കുന്നത്. ഡോ. ബാബു സ്റ്റീഫന്റെ നിശ്ചയ ദാർഢ്യവും, ഡോ. കലാ ഷഹിയുടെ സാംസ്കാരിക കലാ നേതൃത്വവും കൂടിയാകുമ്പോൾ ജോൺസൺ തങ്കച്ചന് കൺവൻഷൻ നടത്തിപ്പ് സ്വാതന്ത്ര്യത്തിന്റെയും സംഘാടനത്തിന്റെയും പുതിയ വഴിയാവും തുറന്നിടുക. മുൻവർഷങ്ങളിൽ നിന്നും കൂടുതലായി രജിസ്ട്രേഷൻ പ്രതീക്ഷിക്കുന്ന ഫൊക്കാന വാഷിംഗ്ടൺ അന്തർദ്ദേശീയ കൺവൻഷൻ ചരിത്രത്തിൽ രേഖപ്പെടുത്തുന്ന മഹോത്സവമാക്കി മാറ്റാനാണ് ജോൺസൺ തങ്കച്ചന്റെ പ്ലാൻ.

### അന്തർദ്ദേശീയ ബന്ധങ്ങൾ

വളർച്ചയുടെ പടവുകളിൽ ജോൺസൺ തങ്കച്ചൻ ഉണ്ടാക്കിയെടുത്ത സൗഹൃദ ബന്ധങ്ങൾ അദ്ദേഹത്തെ വിവിധ രംഗങ്ങളിൽ വളർത്തിയെടുക്കുന്നതിന് സഹായിക്കുന്നുണ്ട്. നമീബിയയിലേക്ക് 2018-ലെ ട്രേഡ് മിഷനിൽ അമേരിക്കൻ പ്രതിനിധിയായി നിയമനം ലഭിച്ചത് വിജയവഴിയിലെ ഒരു ഏടാണ്. നമീബിയയിലെ എക്സ്ചേഞ്ച് പ്രോഗ്രാമുകൾ, സെമിനാറുകൾ ഒക്കെയായി സജീവമായി. മൈനിംഗ്, ഫാർമസ്യൂട്ടിക്കൽസ്, ഫിഷറീസ്, ടൂറിസം, അഗ്രിക്കൾച്ചർ തുടങ്ങിയ നമീബിയയുടെ സാധ്യതകൾ കണ്ടെത്തി നമീബിയൻ ഗവൺമെന്റിന്റെ ഉപദേഷ്ടാവ് എന്ന നിലയിലേക്ക് വരെ വളരുവാൻ സാധിച്ചു. അവിടെ കൂടുതൽ ലഭിച്ചിരുന്ന കറ്റാർവാഴയുടെ സാധ്യതകൾ പരീക്ഷിച്ചത് നമീബിയയിലെ അഗ്രിക്കൾച്ചറൽ ഡിപ്പാർട്ട്മെന്റിന് ഗുണകരമാക്കി മാറ്റി. അലോവേരയുടെ ഒരു പൾപ്പിംഗ് പ്ലാന്റ് സ്ഥാപിക്കൽ അതിനായുള്ള ഇൻവെസ്റ്റ്മെന്റ്, അലോവേരയുടെ ചണ്ടിയിൽ നിന്ന് ലിക്വർ നിർമ്മാണം എന്നിവയ്ക്കെല്ലാം പ്രോജക്റ്റുകൾ തയ്യാറാക്കി. പക്ഷെ പദ്ധതികൾക്ക് തുടക്കം കുറിച്ചുവെങ്കിലും കൊറോണ വന്നതോടെ തിരികെ പോകേണ്ടി വന്നു.

ഇ.ബി. ഫൈവ്, ലോക്കൽ റിയൽ എസ്റ്റേറ്റ് രംഗത്തും കൊറോണ സമയത്തും ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നു എങ്കിലും ഇപ്പോൾ ഈ രണ്ട് സംരംഭങ്ങളും കൂടുതൽ വിജയത്തിലേക്ക് കടന്നുവരുന്നതും ജോൺസൺ തങ്കച്ചന് ബിസിനസ് പ്രതീക്ഷയാണ്. കൊറോണ ക്കാലം നമീബിയ പ്രോക്റ്റുകൾ ഇല്ലാതാക്കിയത് ഇപ്പോഴും ഒരു വേദനയായി അദ്ദേഹത്തിന്റെ മനസ്സിലുണ്ട്. കൂടാതെ വിദ്യാഭ്യാസ രംഗത്തും അദ്ദേഹം സജീവമാണ്. റോബോ മാറ്റ് ഇന്നവേഷൻസ് എന്ന പേരിൽ ഒരു സ്റ്റാർട്ട് അപ്പും ഇപ്പോൾ നടത്തുന്നുണ്ട്. ഇത് ഗ്ലോബൽ ലെവലിലേക്ക് വളർത്താനുള്ള ശ്രമമാണിപ്പോൾ അദ്ദേഹം നടത്തുന്നത്.

### എല്ലാം വിളയുന്ന വലിയ വിളയിൽ തോട്ടത്തിന്റെ ഉടമ

പുനലൂർ വലിയ വിളയിൽ അമ്മയുടെ കുടുംബം പരമ്പരാഗതമായി കാർഷിക കുടുംബം ആയിരുന്നു. അമ്മയ്ക്ക് കുടുംബ വീതമായി ലഭിച്ച സ്ഥലം റബർ തോട്ടമായിരുന്നു. പരമ്പരാഗതമായി കിട്ടിയ കുടുംബസ്വത്ത് ആയിരുന്നു അത്. പക്ഷെ റബ്ബർ മരങ്ങൾ എല്ലാം മാറ്റി ഒരു സമ്പൂർണ്ണ ജൈവ വൈവിദ്ധ്യ കൃഷിയിടമാക്കി മാറ്റുവാൻ ആയിരുന്നു ജോൺസൺ തങ്കച്ചന്റെ പ്ലാൻ. മാവിന്റേയും, തെങ്ങിന്റേയും, വാഴയുടേയും ഇടയിൽകൂടി നടക്കുന്ന ഒരു ഫീൽ റബറിന് കിട്ടില്ല എന്ന ചിന്തകൂടി ആയപ്പോൾ 2015-ൽ സമ്പൂർണ്ണ ജൈവ വൈവിദ്ധ്യ കൃഷിക്ക് തുടക്കം കുറിച്ചു. വിവിധ രാജ്യങ്ങളിലെ ചെടികൾ, ഫലവൃക്ഷങ്ങൾ ഉൾപ്പെടെ വലിയൊരു തോട്ടം അഞ്ചുവർഷം കൊണ്ട് റെഡിയാക്കിയെടുത്തു. ഓരോ സീസണിലുള്ള പഴവർഗ്ഗങ്ങൾ, എല്ലാ നാടൻ വിളകളും, കരിമീൻ കുളം, നാടൻ മത്സ്യങ്ങളുടെ സംരക്ഷണം തുടങ്ങി നിരവധി പ്രോജക്റ്റുകളാണ് ജോൺസൺ തങ്കച്ചന്റെ പുനലൂരിലെ വീടിന്റെ പരിസരത്ത് വളർന്നുവരുന്നത്. കൂടാതെ തന്റെ മക്കളെ മലയാളവുമായി അടുപ്പിക്കുക എന്ന ലക്ഷ്യവും ഇതിന് പിന്നിലുണ്ട്. എല്ലാ വർഷവും കുടുംബസമേതം നാട്ടിലെത്തുന്ന ജോൺസൺ തങ്കച്ചനും കുടുംബവും നാട്ടുകാർക്കും പ്രിയപ്പെട്ടവരാകുമ്പോൾ നമ്മുടെ മലയാളവും അമേരിക്കൻ പുതുതലമുറയിലൂടെ സമ്പുഷ്ടരാകുന്നു.

### ചലച്ചിത്രാസ്വാദകൻ, നിർമ്മാതാവ്

സിനിമ സ്വാധീനിക്കാത്ത മലയാളി ലോകത്ത് വിരലിൽ എണ്ണാവുന്നവരേ ഉള്ളു. സുഹൃത്തുക്കളോടൊപ്പം പുനലൂരിൽ ഓലമേഞ്ഞ പഴയ സിനിമാകൊട്ടകയിൽ ഇരുന്ന് സിനിമ കണ്ട കാലം മുതൽക്കേ സിനിമ ജോൺസൺ തങ്കച്ചന് പ്രിയമാണ്. നിരവധി സിനിമാ ബന്ധങ്ങൾ ഒപ്പമുള്ള അദ്ദേഹം 2016-ൽ ഡ്രീം വെസ്റ്റ് ഗ്ലോബൽ എന്ന നിർമ്മാണ കമ്പനിക്ക് രൂപം നൽകി. തന്റെ ഒരു പാർട്ണറുടെ സഹകരണത്തോടെയാണ് ഈ കമ്പനി തുടങ്ങിയത്. ലോകപ്രശസ്ത ബാലചിത്രകാരൻ ക്ലിന്റിന്റെ കഥ സിനിമയാക്കാനായിരുന്നു ആദ്യശ്രമം. പക്ഷെ സംവിധായകൻ ഹരികുമാർ ക്ലിന്റ് എന്ന പേരിൽ സിനിമ അനൗൺസ് ചെയ്തിരുന്നതിനാൽ അതോടെ ആ പ്രോജക്റ്റ് ഉപേക്ഷിച്ചു. പിന്നീട് ഓറഞ്ച് വാലി, ഫോർത്ത് റിവർ എന്നീ സിനിമകൾ നിർമ്മിച്ചു. രണ്ട് സിനിമകളും ആമസോണിൽ ലഭിക്കും. ഒരു ബിഗ് ബഡ്ജറ്റ് സിനിമയുമായാണ് ഇനി ജോൺസൺ തങ്കച്ചനും സംഘവും വരിക.

### കുടുംബം

ഏതൊരു വ്യക്തിയുടേയും വിജയകഥകൾക്ക് പിന്നിൽ അടിയുറച്ച പിന്തുണയുമായി ഒരു കുടുംബം ഉണ്ടാകും. പിതാവ് തങ്കച്ചനും മാതാവ് ചിന്നമ്മയും നൽകിയ പിന്തുണയും ബാല്യകാലം മുതൽക്കേ ഒപ്പം ഉണ്ടായിരുന്ന കൂട്ടുകാരി കൂടിയായ ഭാര്യ സിബി ജോൺസൺ (ആർ.എൻ), മക്കളായ ജോയൽ ജോൺസൺ (മൂന്നാം വർഷം ഡിഗ്രി വിദ്യാർത്ഥി), മകൾ സെലിൻ ജോൺസൺ (12-ാം ക്ലാസ് വിദ്യാർത്ഥിനി), ജൂലിയ മറിയം ജോൺസൺ (5-ാം ക്ലാസ് വിദ്യാർത്ഥിനി) എന്നിവരുടെ സമ്പൂർണ്ണ പിന്തുണ ഈ വിജയത്തിന്റെ നാൾവഴികളിൽ തുണയായിട്ടുണ്ട് എന്ന് ജോൺസൺ തങ്കച്ചൻ അടിവരയിടുമ്പോൾ ഒരു കാര്യം വ്യക്തം. അദ്ദേഹം ഈ കുടുംബത്തിന് വേണ്ടി ജീവിക്കുന്ന ഒരു സമ്പൂർണ്ണ ഗൃഹനാഥൻ കൂടിയാണ്.

ജോൺസൺ തങ്കച്ചൻ ഒരു സാധാരണ മനുഷ്യനല്ല. മറിച്ച് ലോകത്തിന്റെ ഏതു കോണിലേക്ക് പോയാലും ഒരു സാധാരണ മലയാളിയിലേക്ക് മനസ്സുകൊണ്ടും പ്രവൃത്തികൊണ്ടും തിരികെയെത്താനുള്ള വ്യഗ്രതയുള്ള ഒരു സമ്പൂർണ്ണ മലയാളിയാണ് അദ്ദേഹം. ലോകത്തോളം വേരുകൾ പടരുന്ന മലയാളിക്ക് അഭിമാനത്തോടെ പറയാവുന്ന ഒരു പേരായി ജോൺസൺ തങ്കച്ചൻ മാറും എന്നതിൽ സംശയമില്ല. കാരണം അദ്ദേഹം അത്രത്തോളം നന്മകൾ സൂക്ഷിക്കുന്ന, നാടിനെ സ്നേഹിക്കുന്ന, സൗഹൃദങ്ങൾ കാത്തുസൂക്ഷിക്കുന്ന, വന്ന വഴികളിലെ നെല്ലും പതിരും തിരിച്ചറിയുന്ന മനുഷ്യത്വത്തിന്റെ മുഖം കൂടിയാണ്. ഈ മുഖം ഫൊക്കാനയുടെ വളർച്ചയിൽ ഒരു പുതിയ അദ്ധ്യായം എഴുതി ചേർക്കുന്ന നിമിഷത്തിനായി നമുക്ക് കാത്തിരിക്കാം.

© Kerala Express








# ഫ്ളോറൽ പാർക്കിൽ ചീട്ടുകളി മത്സരങ്ങൾ മെയ് 11–ന്

ന്യൂയോർക്ക്: ന്യൂഹൈഡ് പാർക്ക് കേന്ദ്രീകൃതമായി 1986 മുതൽ പ്രവർത്തിക്കുന്ന ന്യൂയോർക്ക് മലയാളി സ്പോർട്സ് ക്ലബ് (NYMSC) 'ചീട്ടുകളി ചാമ്പ്യൻസ് ടൂർണമെന്റ് 2024' മെയ് 11-ന് ശനിയാഴ്ച രാവിലെ 8 മുതൽ ഫ്ളോറൽ പാർക്കിൽ സംഘടിപ്പിക്കുന്നു. 56 ഇനത്തിലും 28 ഇനത്തിലുമായി ഇന്റർനാഷണൽ മത്സരമാണ് സംഘടിപ്പിക്കുന്നത്. 56 ചീട്ടുകളി ഇനത്തിൽ വിജയികൾക്ക് ഒന്നാം സമ്മാനമായി ആയിരത്തി അഞ്ഞൂറ് ഡോളറും ($ 1,500) രണ്ടാം സമ്മാനമായി എഴുനൂറ്റി അമ്പത് ഡോളറുമാണ് ($ 750) നല്കുന്നത്. 28 ചീട്ടുകളി ഇനത്തിൽ ഒന്നാം സമ്മാനമായി ആയിരം ഡോളറും ($ 1,000) രണ്ടാം സമ്മാനമായി അഞ്ഞൂറ് ഡോളറുമാണ് ($ 500) നല്കുന്നത്.



മത്സര നിബന്ധനകൾ: (1) മത്സരത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ മെയ് ഒന്നിനു മുമ്പായി പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. (2) രജിസ്ട്രേഷൻ ഫീസായി ഒരു വ്യക്തിക്ക് നൂറ് ഡോളറും മൂന്നു പേരടങ്ങുന്ന ഒരു ടീമിന് മൂന്നൂറു ഡോളറും നല്കേണ്ടതാണ്. (3) 56 ഇനത്തിലുള്ള മത്സരത്തിനും 28 ഇനത്തിലുള്ള മത്സരത്തിനും വെവ്വേറെ പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. (4) 56 ഇനത്തിൽ മത്സരത്തിൽ പങ്കെടുക്കുന്നവർ രാവിലെ 8 മണിക്കു മുമ്പായി മത്സരവേദിയിൽ എത്തിയിരിക്കണം. (5) 28 മത്സരം ഉച്ചയ്ക്ക് ശേഷമാണ് സംഘടിപ്പിക്കുന്നത്. 28 മത്സരത്തിൽ പങ്കെടുക്കുന്നവർ മത്സരദിവസം ഉച്ചയ്ക്ക് 1.30-ന് മുമ്പായി മത്സരവേദിയിൽ റിപ്പോർട്ട് ചെയ്യണം. (6) രജിസ്ട്രേഷൻ ഫീസ് ZELLE മുഖേനയോ VENMO മുഖേനയോ +1 (516) 587 1403 എന്ന നമ്പറിലേക്ക് അയയ്ക്കേണ്ടതാണ്. (7) രജിസ്ട്രേഷൻ ഫീ ഇല്ലാതെ പേര് രജിസ്റ്റർ ചെയ്യുന്നവരെ മത്സരത്തിന് പരിഗണിക്കുന്നതല്ല. (8) രജിസ്ട്രേഷൻ ഫീ കൊടുത്തവർ മത്സരത്തിൽ പങ്കെടുത്തില്ലെങ്കിൽ

**മാത്യുക്കുട്ടി ഈശോ**

ഒരു കാരണവശാലും ഫീസ് തിരികെ നല്കുന്നതല്ല. (9) സംഘാടക സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

ഫ്ളോറൽ പാർക്കിലുള്ള ടൈസൺ സെന്റർ ഓഡിറ്റോറിയത്തിൽ (TYSON CENTER-26 N TYSON AVENUE, FLORAL PARK, NY 11001) മെയ് 11 ശനിയാഴ്ച രാവിലെ 8 മുതൽ ആരംഭിക്കുന്ന മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് പ്രഭാതഭക്ഷണം, ചായ, കാപ്പി, ഉച്ചഭക്ഷണം, ഡിന്നർ, ശീതള പാനീയങ്ങൾ തുടങ്ങിയവ നല്കുന്നതാണ്.

ന്യൂയോർക്ക് മലയാളി സ്പോർട്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും സോക്കർ, വോളിബോൾ, ഷട്ടിൽ ബാഡ്മിന്റൺ, ക്രിക്കറ്റ് തുടങ്ങിയ വിവിധയിനങ്ങളിൽ മത്സരങ്ങൾ വിജയപ്രദമായി നടത്തിവരുന്നു.

ചീട്ടുകളി സംബന്ധമായ കൂടുതൽ വിവരങ്ങൾക്ക് സംഘാടകസമിതി അംഗങ്ങളുമായി ബന്ധപ്പെടുക: (1) സജി തോമസ് 646 591 8465, (2) സഖറിയ മത്തായി 917 243 5545, (3) മാത്യു ചെറവള്ളിൽ (ഷെറി) 516 587 1403, (4) രാജു പറമ്പിൽ 516 455 2917, (5) രഘു നൈനാൻ 516 526 9835, (6) ബോബി മാത്യു 646 261 6314, (7) ബിജു ഫിലിപ്പ് 631 572 6934, (8) ബിജു ചാക്കോ 516 996 4611.

# അമേരിക്കയുടെ അയൽരാജ്യമായ ഹെയ്റ്റിയിലെ കൂട്ടക്കൊല വർദ്ധിക്കുന്നു

**കോര ചെറിയാൻ**

ഫിലാഡൽഫിയാ: ഫ്ളോറിഡയിൽനിന്നും വെറും 847 മൈൽ അഥവാ 1363 കിലോമീറ്റർ മാത്രം വിദൂരതയിലുള്ള ഹെയ്റ്റിയിലെ വിവിധ ഭീകരസംഘങ്ങളുടെ ആക്രമണങ്ങൾ സുരക്ഷിതത്വം ഇല്ലാത്ത നിർദ്ദോഷികളെ വെട്ടിവീഴ്ത്തുന്നു. തലസ്ഥാന നഗരമായ പോർട്ട് എ.യു. പ്രിൻസിന്റെ സമീപത്തായി സാമാന്യം സമ്പദ്സമൃദ്ധിയിൽ ജീവിക്കുന്ന രണ്ടു കൗൺസിൽ മേഖലകളിൽ കൊടും കുറ്റവാളിസംഘം ഫെബ്രുവരി 29-ന് ആരംഭിച്ച കൂട്ടക്കൊലയിൽ രണ്ടു ഡസനിലധികം സമീപവാസികളെ വെട്ടിക്കൊന്നശേഷം മോഷണം നടത്തി.

തോമാസിൻ സമൂഹത്തിലും ലാബോൾ സമൂഹത്തിലും പെട്ടവരാണ് കൂടുതലായി ആക്രമിക്കപ്പെടുന്നതും മോഷണത്തിനിരയാകുന്നതും. പെൻഷൻവില്ലെ തെരുവിൽ അഗാധമായി മുറിവേറ്റ 12 ശവശരീരങ്ങളുടെയും മരണത്തോട് മല്ലിട്ട് അതിവേദനയോടെ വിലപിക്കുന്നവരുടെയും ഭീകര ദൃശ്യങ്ങൾ അസ്സോസിയേറ്റ് പ്രസ്സ് റിപ്പോർട്ടർ ക്യാമറായിൽ പകർത്തി പ്രസിദ്ധീകരിച്ചു. തെരുവിന്റെ വിവിധ ഭാഗങ്ങളിൽ കൊല്ലപ്പെട്ടവരുടേയും ഗുരുതരമായി മുറിവേറ്റവരുടേയും സമീപത്തായി വൻജനാവലി തടിച്ചുകൂടി രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിലും തുടർന്നും ആക്രമണങ്ങൾ നടക്കുമെന്ന ഭയത്തിലാണ്.

കൂട്ടകൊലപാതകത്തിന്റെ മുഖ്യ കാരണം വിവിധ സമൂഹത്തിൽപ്പെട്ട അക്രമികളുടെ പകവീട്ടലും ഉൾപ്പോരും മൂലമെന്ന് സാധാരണ ഹെയ്റ്റൻ ജനത വിശ്വസിക്കുന്നു. ശക്തമായ പോലീസ് നിയന്ത്രണങ്ങൾ ഉണ്ടെങ്കിലും ജനങ്ങൾ തെരുവിൽ ഇറങ്ങുവാൻ ഭയപ്പെടുന്നു. ഗാംഗ്സ് വയലൻസ് ശാന്തമാകാതെ വർദ്ധിക്കുന്നതിലും രാഷ്ട്രീയ നേതാക്കളോടുള്ള വിദ്വേഷം മൂലവും പ്രൈം മിനിസ്റ്റർ ഏരിയൽ ഹെൻട്രി രാജി സമർപ്പിക്കുവാനുള്ള സന്നദ്ധതപ്രകടിപ്പിച്ചു.




ലേഖകൻ

പ്രൈം മിനസ്റ്ററായി ഹെൻട്രിയെ ഇലക്ട് ചെയ്ത വോട്ടിംങ്ങിൽ കൃത്രിമത്വം നടത്തിയെന്നും രാജ്യത്ത് പട്ടിണിയും ആക്രമണവും വർദ്ധിപ്പിക്കുകയാണെന്നുള്ള പരാതിയും പ്രതിഷേധവുംമൂലം ആരംഭിച്ച ക്രമസമാധാന വീഴ്ച ഇപ്പോൾ വർദ്ധിക്കുന്നു. വൻവിഭാഗം രാഷ്ട്രീയനേതാക്കൾ ഹെൻട്രി ഭരണം പൂർണ്ണമായും കയ്യടക്കി ഏകാധിപത്യം സ്ഥാപിക്കുവാനുള്ള ഉദ്യമം ആരംഭിക്കുന്നതായി അവലംബിയ്ക്കുന്നു.

2010-ലെ ഹൈറ്റി ഭൂമികുലുക്കത്തെ തുടർന്ന് ഇലക്ട്രിക് സപ്ലൈ ലൈൻ പൂർണ്ണസുരക്ഷിത മാർഗ്ഗങ്ങൾ കൈക്കൊള്ളാതെ ശോചനീയ നിലയിലാണ്. അറ്റകുറ്റപണികൾ ദ്രുതഗതിയിൽ നടത്തി പ്രശ്നപരിഹാരം നടത്തുവാനുള്ള സാമ്പത്തിക പരാധീനതയും പൊളിറ്റിക്കൽ ഇൻസ്റ്റെബിലിറ്റിയും മൂലം നിയമാനുസരണം കറന്റ് കണക്ഷൻ വെറും 25 ശതമാനം ജനതയ്ക്കുമാത്രം ലഭിക്കുന്നു. വൻവിഭാഗം ഹെയ്റ്റൻ നിയമവിരുദ്ധമായി ഇലക്ട്രിക്ക് ലൈനിൽനിന്നും വൈദ്യുതി അപഹരിക്കുന്നതായി എ.പി. റിപ്പോർട്ടിൽ പറയുന്നു.

ഫെബ്രുവരി 29-നുശേഷം 15,000 ത്തിലധികം ജനങ്ങൾ ഗുണ്ടാസംഘങ്ങളുടെ ചേരിപ്പോരും അരക്ഷിതാവസ്ഥയും മൂലം നഗരത്തോടു വിടവാങ്ങി സ്വയരക്ഷാർത്ഥം ഉൾപ്രദേശങ്ങളിലേക്കും അയൽരാജ്യങ്ങളിലേക്കും പ്രയാണം ചെയ്തു.

# പെരുന്നാൾ



ജെയിംസ് ചെട്ടിയാത്ത്

വയസുപത്തിനെ തോളത്തുവെച്ചു പള്ളിക്കുചുറ്റും നടക്കുകയാ
പെരുന്നാളാ, പെരുന്നാളാ ക്നാനായപള്ളീടെ പെരുന്നാളാ
ചെണ്ടമേളം, വെടിക്കെട്ട് ആകാമെ ഒച്ചയിൽ പ്രാർത്ഥന പറ്റല്ലാ
തിരിപിടിച്ചു കുടപിടിച്ചു നടന്നിട്ടു നാട്ടിലെ പെരുനാളു ഓർത്താൽ മതി
ചുരിദാർ, പട്ടുസാരി ഉടുത്തൊരുങ്ങി, ഗോദറേജ ഹെന്നാതലയിൽ പുരട്ടി
മുണ്ടുടുത്തു ജൂബാധരിച്ചുകൊണ്ട് ഭക്തർ പള്ളിയിൽ വന്നുതുടങ്ങി
പട്ടികൾ കുരയ്ക്കുന്നു അയൽപക്കത്തു കോഴികൾ കൂവുന്നു കൂട്ടിനകത്തു
അയൽപക്കത്താളുകൾ ഒളിഞ്ഞുനോക്കുന്നു നമ്മുടെ ഡ്രസ്കോട് കണ്ടിട്ടു
വികാരിഅച്ചൻ എതിരേപ്പിനു അയൽവക്കത്ത് അച്ചൻ ഇൻവിറ്റേഷൻ സ്വീകരിച്ച
ഇംഗ്ലീഷ് മെത്രാൻ വന്നുപോയി, കൈക്കാരൻ കൈയ്യിൽ ബൊക്കെ കൊടുത്തു
ഒരുകൂട്ടർ പ്രാർത്ഥന ചൊല്ലിക്കൊണ്ട്, മറ്റുള്ളവർ മേലോട്ട് നോക്കിക്കൊണ്ട്
കൊടിപിടിച്ചു നടക്കുന്ന കുഞ്ഞുങ്ങൾ എന്തോരു അഴകാണ് എതിരേപ്പിന്
കാശുരൂപം വെന്തിങ്ങാ വേണം എനിക്ക് അരിയുടെ ഉഴുന്താട എവിടെ
ബെലൂണും ഓറഞ്ചുംവേണം ഇവിടെ നല്ലൊരു പെരുന്നാൾ ആഘോഷത്തിന്
വെയിലേറ്റു മുഖമെല്ലാം വാടുന്നുണ്ട് ഉപ്പില്ലാ മോരുവെള്ളം വേണം എനിക്ക്
കുപ്പിവള, പല്ലിമിഠായി മേടിക്കണം, പിന്നെ പെരുന്നാള് തീരും മുൻപ്
അടുത്തവർഷം പെരുനാളിനു പ്രസേന്തിവേണം, ഗ്യാസ് സ്റ്റേഷൻ മുതലാളി ഉണ്ട്താനും
നാട്ടിൽനിന്നു മെത്രാനെ കൊണ്ടുവരേണം, കൂട്ടത്തിൽ കോമഡി ഷോയുംവേണം
മാർഗ്ഗംകളി നടവിളി ഹോളിൽവെച്ചു സ്റ്റേജ്പരിപാടി ഊണുകഴിഞ്ഞു
കൈപിടിച്ചു തോളു ഉരുമ്മി കൊണ്ടാടാം നമ്മുടെ പള്ളിപെരുനാള്.


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want
to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863


കൈരളി ടി. വി.
KAIRALI
THE MALAYALAM CHANNEL
ഒരു ജനതയുടെ ആത്മാവിഷ്ക്കാരം
എന്നും ജനങ്ങളോടൊപ്പം
KAIRALI
KAIRALI NEWS
ARABIA
Mammootty
Chairman, Kairali TV
John Brittas
Managing Director, Kairali TV
+VE VIBES
@INDIANA
Jose Kadapuram
Director in USA
Tel: 914 954 9586
email: kairalitvny@gmail.com
Jose Plackatt,
Director - Production
Tel: 972 839 9080
AMERICAN CAFE
Call:1855-734-0444
Time: SUNDAY - 9.00PM to 10.00PM.
Eastern time zone (New York)
American Cafe
AMERICAN FOCUS
Time: SUNDAY 8.30PM to 9.00PM
Eastern time zone (New York)
AMERICAN Focus
KAIRALI NEWS USA
Time: SATURDAY 8.30PM to 9.00PM
Eastern time zone (New York)
USA WEEKLY NEWS
PRODUCTION TEAM
New York:- Binu Thomas Tel: 516 322 3919.
New York:- Jacob Manuel Tel: 516 418 8406
Houston:- Abyson Abraham Tel: 914 439 6715.
Chicago:- Dominic Chollampel Tel: 847 436 6199
Pennsylvania:- Giji. Tel: 215 820 2125.
KAIRALI
THE MALAYALAM CHANNEL
dish NETWORK
Tel:1-888-605-7572
WATCH LIVE MALAYALAM CHANNELS 1 (888) 363-1777
sling മലയാളം
TELEVISION

# സേവനപാതയിലൂടെ ഇന്ത്യൻ നേഴ്‌സസ് അസോസിയേഷൻ ഇരുപതാം വർഷത്തിലേക്ക്

പോൾ ഡി. പനയ്ക്കൽ

ന്യൂയോർക്കിലെ ഇന്ത്യൻ നേഴ്‌സുമാരുടെ സ്വരമായ ഇന്ത്യൻ നേഴ്‌സസ് അസോസിയേഷൻ ഓഫ് ന്യൂയോർക്ക് (ഐനാനി) അതിന്റെ ഇരുപതാം പ്രവർത്തനവർഷത്തിലേക്ക് കയറുന്നു. ഇന്ത്യൻ കമ്യൂണിറ്റിക്കും നേഴ്‌സിങ് സമൂഹത്തിനും ആഗോളതലത്തിലും അനേകമനേകം സന്നദ്ധ സേവനങ്ങൾ ചെയ്ത ഈ പ്രൊഫഷണൽ സംഘടന പുതിയൊരു നാഴികക്കല്ല് കടക്കുന്ന അവസരം വർണ്ണഭംഗിയോടും അർത്ഥപൂർണ്ണമായും ആഘോഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങി.

ന്യൂയോർക്ക് സിറ്റിയും ചുറ്റുപാടുകളും കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതുകൊണ്ട് ലോങ് ഐലൻഡിൽ വെച്ചായിരിക്കും ആഘോഷങ്ങൾ. സ്ഥലം ജെറിക്കോയിലെ കൊട്ടിലിയൻ കേറ്റേഴ്‌സ്. സംഘാടനപരിചയവും നേതൃപാടവവും തെളിയിച്ചിട്ടുള്ള സംഘടനാനേതൃത്വത്തെയാണ് ആഘോഷങ്ങൾ വിജയകരമായി സംഘടിപ്പിക്കുന്നതിനായി തെരഞ്ഞെടുത്തിരിക്കുന്നതെന്ന് ഐനാനി പ്രസിഡണ്ട് ഡോ. അന്നാ ജോർജ് അറിയിച്ചു. നോർത്ത് വെൽ ഹെൽത്ത് സിസ്റ്റത്തിൽ നേഴ്‌സ് പ്രാക്ടീഷണറായി ജോലി ചെയ്യുന്ന ആനി സാബുവാണ് കൺവൻഷൻ കൺവീനർ. നാസാ യൂണിവേഴ്‌സിറ്റി മെഡിക്കൽ സെന്ററിൽ എഡ്യൂക്കേറ്റർ ആൽഫി സൺഡ്രൂപ്പ് കോ-കൺവീനറും. ഇരുപതാം വാർഷികാഘോഷത്തിനോടൊപ്പം ഒരു സുവനീർ ഇറക്കുവാനും അസോസിയേഷൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ കമ്മിറ്റി ചെയർ ആയി സൗത്ത് ബീച്ച് സൈക്കയാട്രിക് സെന്റർ ചീഫ് നേഴ്‌സിങ് ഓഫീസർ ഡോ. ഷൈല റോഷിനും കോ-ചെയർ ആയി ലോങ് ഐലൻഡ് യൂണിവേഴ്‌സിറ്റിയിലെ ആഡ്ജംക്ട് നേഴ്‌സിങ് പ്രൊഫസറും നോർത്ത് വെൽ ഹെൽത്ത് സിസ്റ്റത്തിൽ കൺസൾട്ടന്റുമായ പോൾ ഡി. പനയ്ക്കലും പ്രവർത്തിക്കും.


ഡോ. അന്നാ ജോർജ്


ആനി സാബു


ആൽഫി സൺഡ്രൂപ്പ്


ഡോ. ഷൈല റോഷിൻ


പോൾ ഡി. പനയ്ക്കൽ

ന്യൂയോർക്ക് സംസ്ഥാനത്തെ ആയിരക്കണക്കിന് ഇന്ത്യൻ വംശക്കാരായ നേഴ്‌സുമാരുടെ പ്രാതിനിധ്യം മുഖ്യധാരയിലും ഔദ്യോഗിക തലങ്ങളിലും പ്രകടമാക്കുക, നേഴ്‌സിങ് കമ്യൂണിറ്റിക്കും സമൂഹത്തിനും നേഴ്‌സുമാർക്ക് ചെയ്യാവുന്ന സേവനങ്ങൾ നടപ്പിലാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ രണ്ടായിരത്തിനാലിൽ ഡോ. ആനി പോളിന്റെ നേതൃത്വത്തിൽ ആരംഭിച്ചതാണ് ഇന്ത്യൻ നേഴ്‌സസ് അസോസിയേഷൻ ഓഫ് ന്യൂയോർക്ക്. അനേകം നേഴ്‌സിങ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് നല്കിയിട്ടുള്ള ഈ സംഘടന ഗ്രാൻഡ് കാനിയൻ യൂണിവേഴ്‌സിറ്റിയുമായി സഹകരിച്ച് ട്യൂഷൻ ഇളവ് ഉറപ്പുവരുത്തിയത് അനേകം ഇന്ത്യൻ നേഴ്‌സുമാർക്ക് ഉപരിപഠനം നടത്തുന്നതിനു സഹായകമായി. നേഴ്‌സുമാർക്കും നേഴ്‌സ് പ്രാക്ടീഷണർമാർക്കും അവരുടെ ലൈസൻസും സർട്ടിഫിക്കേഷനും പുതുക്കുന്നതിനാവശ്യമായ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ ക്രെഡിറ്റ് ക്ലാസുകൾ സൗജന്യമായി ഐനാനി വളരെ വർഷങ്ങളായി നടത്തിവരുന്നു. ഫിലിപ്പീൻസ്, ഹെയ്തി, ഇന്ത്യ എന്നീ രാജ്യങ്ങളിലും അമേരിക്കയുടെ തെക്കൻ സംസ്ഥാനങ്ങളിലും പ്രകൃതി ദുരന്തങ്ങൾ ഉണ്ടായപ്പോൾ ഐനാനി നേഴ്‌സുമാർ നേരിട്ടുപോയി ദുരിതാശ്വാസ പ്രവർത്തന സേവനങ്ങൾ ചെയ്യുകയും സാമ്പത്തികമായി സഹായിക്കുകയും ചെയ്തിട്ടുണ്ട്. ഹെൽത്ത് ഇൻഷ്വറൻസില്ലാത്ത ആളുകൾ താമസിക്കുന്ന പ്രദേശങ്ങളിൽ ഹെൽത്ത് ഫെയറുകൾ നടത്തുകയും ജീവരക്ഷയ്ക്ക് രക്തത്തിന്റെ കരുതൽ കുറഞ്ഞ അവസരങ്ങളിൽ ബ്ലഡ് ഡൊണേഷൻ സംഘടിപ്പിക്കുന്നതിനും ഐനാനി മുന്നിൽ നിൽക്കുന്നുണ്ട്. കോവിഡ് പകർച്ചവ്യാധിയുടെ ആരംഭത്തെത്തുടർന്ന് അമേരിക്കൻ സമൂഹത്തിൽ മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത വിധം ഉയർന്നുവന്ന ഏഷ്യൻവിരുദ്ധ സംഭവങ്ങളെ നേരിടുന്നതിന് ന്യൂയോർക്ക് സംസ്ഥാനം ഐനാനിക്ക് പതിനായിരം ഡോളറിന്റെ ഗ്രാന്റ് നല്കിയിരുന്നു.

കോവിഡിനു കാരണം ഏഷ്യാക്കാരാണെന്നും അവർ കൊറോണ വൈറസ് കൊണ്ടുനടക്കുന്നവരാണെന്നും മറ്റുമുള്ള അബദ്ധ ധാരണകളും അന്ധമായ വർഗ്ഗീയ വിദ്വേഷവും കൊണ്ട് രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലുമായി ഉണ്ടായിക്കൊണ്ടിരുന്ന ആയിരക്കണക്കിന് ഏഷ്യൻവിരുദ്ധ സംഭവങ്ങളെ നേരിടുന്നതിന് ഐനാനി ശ്രമിച്ചത് സംഭവങ്ങൾക്കിരയാകുന്നവരെ സഹായിക്കുന്നതിനാണ്. ജോലിസ്ഥലത്തും കടകളിലും സ്കൂളുകളിലും മറ്റു പൊതുസ്ഥലങ്ങളിലും വിവേചനത്തിനും ഒറ്റപ്പെടുത്തലുകൾക്കും ഭീഷണികൾക്കും മറ്റു മാനസികവും ശാരീരികവുമായ പീഡനങ്ങൾക്കും ഇരയാകുന്നവരെ എങ്ങനെ സഹായിക്കാൻ കാണികൾക്ക് കഴിയുമെന്ന ഒരു പരിശീലന പരമ്പര ഐനാനി സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്ക് വേണ്ടി നടത്തി. കൊയാലിഷൻ ഓഫ് ഏഷ്യൻ അമേരിക്കൻ ചിൽഡ്രൻ ആൻഡ് ഫാമിലീസ് എന്ന സംഘടനയുമായി സഹകരിച്ചാണ് ഐനാനി ഈ സംരംഭം നടപ്പിലാക്കിയത്.

സ്ഥാപകപ്രസിഡണ്ട് ഡോ. ആനി പോൾ, തുടർന്ന് സംഘടനയ്ക്ക് ചുക്കാൻ പിടിച്ച സുസമ്മ ആൻഡ്രൂസ്, ഉഷ ജോർജ്, മേരി ഫിലിപ്പ്, താര ഷാജൻ, ഇപ്പോഴത്തെ പ്രസിഡണ്ട് ഡോ. അന്നാ ജോർജ് എന്നീ ദാർശനിക നേതൃപാടവം പ്രകടമാക്കിയ നേഴ്‌സിങ് നേതാക്കൾ താഴ്ന്ന പ്രൊഫൈൽ സൂക്ഷിച്ചുകൊണ്ട് ആത്മാർത്ഥമായി പ്രവർത്തിക്കുന്ന അനേകം സഹനേതാക്കളെ സഹകരിപ്പിച്ച് ഐനാനിയെ പുരോഗതിയിലേക്കുള്ള പരിവർത്തനപാതയിലൂടെ തുടർച്ചയായി നയിച്ചുകൊണ്ടിരിക്കുകയാണ്. ആരോഗ്യരംഗത്ത് പ്രാഗത്ഭ്യം നേടിയവരും ദേശീയതലത്തിൽ തന്നെ അക്കാദമിക് തലത്തിലും ആതുര ശുശ്രൂഷാ/ചികിത്സാ തലത്തിലും അംഗീകാരം നേടിയവരും ഹോസ്പിറ്റലുകളുടെ ഉന്നത ഭരണനേതൃത്വത്തിലുള്ള അനേകം നേഴ്‌സുമാർ ഐനാനിയുടെ അംഗത്വബലമാണ്.

ഐനാനിയുടെ സേവനങ്ങളെ ന്യൂയോർക്ക് സിറ്റി മേയർ എറിക് ആഡംസും ഗവർണ്ണർ കാത്തി ഹോക്കുളും വിലമതിക്കുകയുണ്ടായി. മെയ് നാലിന് നേഴ്‌സസ് വീക്കിനോടനുബന്ധിച്ചായിരിക്കും ആഘോഷം നടക്കുക.

## ഫൊക്കാന സാഹിത്യ സമ്മേളന കമ്മിറ്റിയായി


ഡോ. കലാ ഷഹി

വാഷിങ്ടൺ ഡിസി: ജൂലൈ 18 മുതൽ 20 വരെ നോർത്ത് ബെഥെസ്ഡയിലെ മോണ്ട്ഗോമറി കൗണ്ടി കോൺഫറൻസ് സെന്ററിൽ (Bethesda North Marriott Hotel & Conference Center, 5701 Marinelli Rd, Rockville, MD 20852) നടക്കാനിരിക്കുന്ന ഫൊക്കാനയുടെ 21-ാമത് ദേശീയ കൺവൻഷനോടനുബന്ധിച്ചുള്ള സാഹിത്യ സമ്മേളനത്തിന്റെ കമ്മിറ്റി നിലവിൽ വന്നു.


ജെയിംസ് കുരീക്കാട്ടിൽ


മുരളി ജെ. നായർ


അനിലാൽ ശ്രീനിവാസൻ


കോരസൺ വർഗീസ്


ഗീതാ ജോർജ്


ബെന്നി കുര്യൻ

ഫൊക്കാന കമ്മിറ്റി മെംബറും സാഹിത്യ പുരസ്കാര കമ്മിറ്റിയുടെ കോ-ഓർഡിനേറ്ററുമായ ഗീതാ ജോർജ് കോ-ഓർഡിനേറ്ററും ബെന്നി കുര്യൻ കോ കോ-ഓർഡിനേറ്ററും ആയുള്ള സാഹിത്യ സമ്മേളന കമ്മിറ്റിയുടെ ചെയർമാൻ സ്വതന്ത്രചിന്തകനും എഴുത്തുകാരനുമായ ജെയിംസ് കുരീക്കാട്ടിലാണ്. കോ-ചെയർമാന്മാർ സാഹിത്യകാരന്മാരായ മുരളി ജെ. നായർ, അനിലാൽ ശ്രീനിവാസൻ, കോരസൺ വർഗീസ് എന്നിവരാണ്.


## പാറ്റേഴ്‌സൺ സീറോമലബാർ ഇടവക തിരുനാളും വാർഷികവും ആഘോഷിക്കുന്നു

ജോസഫ് ഇടിക്കുള

ന്യൂജേഴ്‌സി: പാറ്റേഴ്‌സൺ സെ. ജോർജ് സീറോമലബാർ കത്തോലിക്കാ ഇടവകയുടെ പത്താം വാർഷികാഘോഷവും ഇടവക തിരുനാളും ഏപ്രിൽ 19 മുതൽ 28 വരെയുള്ള ദിവസങ്ങളിൽ വിപുലമായി ആഘോഷിക്കുന്നു. ഇടവക മദ്ധ്യസ്ഥനായ സെ. ജോർജിന്റെ നാമത്തിൽ എല്ലാ വർഷവും നടത്തിവരാറുള്ള തിരുനാളിനൊപ്പം സ്വന്തമായി ഇടവക ദേവാലയം വാങ്ങിയതിന്റെ പത്താം വാർഷികം കൂടി ഇത്തവണ ആഘോഷിക്കുകയാണ്.

വിപുലമായ ആഘോഷപരിപാടികളാണ് ഇത്തവണ ഫാ. സിമ്മി തോമസിന്റെ നേതൃത്വത്തിൽ പാരിഷ് കൗൺസിൽ തീരുമാനിച്ചിരിക്കുന്നത്. ഏപ്രിൽ 19-ന് വൈകിട്ട് കൊടിയേറുന്നതോടു കൂടി ഒരാഴ്ചയിലധികം നീളുന്ന തിരുനാൾ ആഘോഷങ്ങൾക്ക് തുടക്കം കുറിക്കും. ഒരാഴ്ച നീളുന്ന നൊവേനയും ഇടവക ദിനത്തിന്റെ ഭാഗമായി സൺഡേസ്കൂൾ കുട്ടികൾ, മിഷൻ ലീഗ്, എസ്എംസിസി, വിമൻസ് ഫോറം, വിൻസെന്റ് ഡി പോൾ അംഗങ്ങളും തിരുനാൾ ആഘോഷങ്ങൾ വിജയിപ്പിക്കുന്നതിന് പിന്നണിയിൽ പ്രവർത്തിക്കുന്നു. വാർഡ് തലത്തിൽ ഇടവകാംഗങ്ങൾ അവതരിപ്പിക്കുന്ന കലാപരിപാടികളും അരങ്ങേറും.

സെ. തോമസ് സീറോമലബാർ കാത്തലിക് ഡയോസിസ് ഓഫ് ചിക്കാഗോ ബിഷപ് മാർ ജോയി ആലപ്പാട്ട്, ഡയോസിസ് ഓഫ് പാറ്റേഴ്‌സൺ ബിഷപ് റവ.ഡോ. കെവിൻ ജെ, സ്വീനി, ബൈസന്റേനിയൻ കാത്തലിക് എപ്പാർക്കി ഓഫ് പസ്സായ്ക്ക് ബിഷപ് മാർ കർട്ട് ബർനേറ്റ്, ഇടവകയുടെ മുൻ വികാരിമാർ, പാറ്റേഴ്‌സൺ സിറ്റി അംഗങ്ങൾ അടക്കമുള്ള അനേകം അതിഥികൾ തിരുനാളിൽ പങ്കെടുക്കും.




ഏപ്രിൽ 28-ന് ആഘോഷമായ കുർബാനയും നഗരം ചുറ്റിയുള്ള ആഘോഷമായ പ്രദക്ഷിണവും തുടർന്ന് പൊതുസമ്മേളനവും ഉണ്ടായിരിക്കും. ഇടവകാംഗങ്ങൾ അവതരിപ്പിക്കുന്ന ചെണ്ടമേളവും സൺഡേസ്കൂൾ കുട്ടികളുടെ ബാൻഡും പ്രദക്ഷിണത്തിന്റെ ഭാഗമാകും.

എല്ലാ വിശ്വാസികളെയും ഇടവക തിരുനാളിലേക്കും പ്രസ്തുത ആഘോഷങ്ങളിലേക്കും സ്വാഗതം ചെയ്യുന്നുവെന്ന് ട്രസ്റ്റിമാരായ സെബാസ്റ്റ്യൻ ടോം, സാബു ജോർജ് തോമസ്, ആൽബിൻ തോമസ് എന്നിവർ അറിയിച്ചു.

# കാനാവിലെ കല്ല്യാണം (PART - 3)

**യേശുവിന്റെ കല്പന**

യേശുവിന്റെ മറുപടിയിൽ നിരാശയാകാത്ത മറിയ അവിടെയുള്ള ശുശ്രൂഷക്കാരോട് കർ ത്താവ് കല്പിക്കുന്നതു ചെയ്യുവാൻ ആവശ്യപ്പെട്ടു അവിടുത്തെ ജനനത്തിൽ ദൂതൻ നൽകിയ വാഗ്ദത്തവും കഴിഞ്ഞ മുപ്പത് വർഷത്തെ യേശുവിന്റെ ജീവിതത്തിൽ നിന്ന് അവിടുത്തെ ദയയും, വിശ്വസ്തയും, നീതിയും മറിയ മനസ്സിലാക്കിയിട്ടുണ്ട്. അതിനാലാകാം കർത്താവിന്റെ കല്പനക്ക് കാത്തു നിൽക്കുവാൻ ശുശ്രൂഷക്കാരോട് ആവശ്യപ്പെട്ടതും.

യേശുവിന്റെ കല്പനകൾ ഉന്നതവും, ഉദാത്തവും,മുല്യമേറിയതുമാണ്. ഉലകമഹാൻമാർ പലരും കർത്താവിന്റെ കല്പനകളോട് അടുപ്പവും,സ്നേഹവും പുലർത്തിയവരാണ്. യോഹന്നാൻ 8: 31 ൽ പറയുന്നത് കർത്താവിന്റെ കല്പനയിൽ നിലനിൽക്കുന്നവർക്കു മാത്രമേ അവിടുത്തെ ശിഷ്യരാകാൻ കഴിയുകയുള്ളു. ക്രിസ്തുവിന്റെ കല്പന പ്രമാണിക്കുന്നവരുടെ പ്രാർത്ഥന അവിടുന്നു കേൾക്കുന്നു (1 യോഹ: 3:22) കർത്താവിന്റെ കല്പനകൾ എല്ലായ്പ്പോഴും നമ്മുടെ ഇംഗിതത്തിന് ഒത്തുവരണമെന്നില്ല. ആ കല്പനയുടെ ഉള്ളടക്കത്തിൽ നമ്മുക്ക് പ്രയാസമുള്ള വഴികളുണ്ടാകാം എങ്കിലും ദൈവത്തിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നവർക്ക് അത് പ്രയാസമുള്ളതല്ല. കർത്താവിന്റെ കല്പനകൾ അനുസരിക്കുന്നതിൽ വ്യക്തികളുടെ സൗകര്യത്തിനും താത്പര്യത്തിനും പ്രസക്തിയില്ല. ആ ഭവനത്തിലെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ യേശുവിന്റെ കല്പന ശുശ്രൂഷകർക്ക് ലഭിച്ചു. ആരുടെയും ആലോചനയിൽ ഇല്ലാത്തതായിരുന്നു ആ കല്പന.

**കല്പാത്രങ്ങളിൽ വെള്ളം നിറക്കുവിൻ:** ഈ കല്പാത്രങ്ങൾ കർമ്മാചാരങ്ങളിലൂടെ ശുദ്ധീകരണത്തിനുപയോഗിക്കുന്നതാണ്. ആറ് കല്പാത്രങ്ങളിൽ 120 മുതൽ 180 ഗാലൻ (540-780 ലിറ്റർ) വരെ വെള്ളം കൊള്ളുമായിരുന്നു.ഇത്തരം കല്പാത്രങ്ങളിൽ വെള്ളം നിറക്കുവാനാണ് കർത്താവ് അവരോടാവിശ്യപ്പെട്ടത്.

**ശുശ്രൂഷക്കാരുടെ അനുസരണം:** ശുശ്രൂഷക്കാർ വെള്ളം കോരി ആ കല്പാത്രങ്ങളിൽ നിറച്ചു. അവർ നിറച്ചത് പച്ചവെള്ളം, പക്ഷേ കർത്താവിന്റെ കല്പനയുടെ ശക്തിയാൽ ആ വെള്ളം അവസ്ഥാന്തരം സംഭവിച്ച് വീഞ്ഞായി മാറി. ക്രിസ്തുവിന്റെ കല്പനകൾ അവർ അംഗീകരിച്ചപ്പോൾ ആ ഭവനത്തിലെ ഇല്ലായ്മ പരിഹരിക്കുവാൻ അത്ഭുതം ഉളവായി. ദൈവീക അത്ഭുതം വെളിപ്പെട്ടതിന്റെ പിന്നിലെ വിശ്വാസവും, അനുസരണവും, ഐക്യതയും ഈ അടയാളത്തിൽ അടങ്ങിയിരിക്കുന്നു. കർത്താവ് പച്ചവെള്ളത്തെ വീഞ്ഞാക്കിയതിന് വലിയ പ്രചാരം നൽകിയിട്ടില്ല. തിരുവചനം പറയുന്നത് വീഞ്ഞ് എങ്ങനെയുണ്ടായി എന്നത് വെള്ളം കോരിയ ശുശ്രൂഷക്കാരല്ലാതെ ആരുമറിഞ്ഞില്ല.

കാനാവിലെ കല്ല്യാണ വീട്ടിൽ പച്ചവെള്ളത്തെ വീഞ്ഞാക്കി മാറ്റിയ സംഭവത്തെ തെറ്റായി വ്യഖ്യാനിക്കുന്നവരുണ്ട്. ഇത്തരക്കാർ ഈ അത്ഭുതത്തെ മദ്യപാനം എന്ന ദുർശീലത്തെ ന്യായീകരിക്കുവാൻ ഉപയോഗിക്കുന്നു. ആ കാലത്ത് അവരുടെ വീഞ്ഞിന്റെ ഉപയോഗവും ഇന്നത്തെ മദ്യപാനവും ഒരേ തട്ടിൽ കോർത്തിണക്കുവാൻ കഴിയുകയില്ല. പഴയനിയമം വീഞ്ഞിനെ കുറിച്ചും അതിന്റെ ഉപയോഗത്തെ കുറിച്ചും വ്യക്തമായ രൂപരേഖ നൽകുന്നു.

പക്വമായ വീഞ്ഞിനെ സൂചിപ്പിക്കുന്ന എബ്രായ പദം 'യയിൻ' എന്നാണ്. പഴയ നിയമത്തിൽ 140 പ്രാവിശ്യം (ഉല്പ.14:18, ന്യായാ. 19:19, നെഹ.5:15) പുതിയ നിയമത്തിൽ ഗ്രീക്കുപദം ഓയ്നൊസ് (മത്താ. 9:17, ലൂക്കോ. 1:15, യോഹ. 2:3) 34 പ്രാവിശ്യം കാണുന്നു പുതുവീഞ്ഞിനെ തീറോഷ് എന്നറിയപ്പെടുന്നു (ഹോശേ. 4:11, 9:2, മീഖ 6:15, യോവേ. 2:24) വീര്യവും ലഹരിയും വർദ്ധിപ്പിച്ച വീഞ്ഞിന് 'ഷേക്കാർ' എന്നാണ് പേര് (ലേവ്യ. 10:9, സംഖ്യാ. 6:3, യെശ. 24:9) ചക്കിൽ ആട്ടി എടുത്ത മുന്തിരിനീരിന് ക്രമേണ പുളിപ്പ് വരുന്നു. ശരിയായി പുളിച്ച് പാകമാകുന്നതിന് രണ്ടു മുതൽ നാലു മാസം വരെ വേണ്ടിവരും പശ്ചിമേഷ്യക്കാരുടെ ഇഷ്ടപ്പെട്ട പാനീയമായിരുന്നു.

അമിതമായി വീഞ്ഞ് ഉപയോഗിക്കുന്നതിനെ തിരുവചനം എതിർക്കുന്നു. പ്രവാചകരും ജ്ഞാനികളും ക്രമംകെട്ട വീഞ്ഞിന്റെ ഉപയോഗത്തേയും അതിന്റെ വിനാശത്തേയും പറ്റി മുന്നറിയിപ്പ് നൽകിയവരാണ്. (യെശ. 5:11-12, 28:1-3, ഹോശേ. 4:11, സദൃ. 9:2,5, 23:20, 21) ദേവാലയത്തിൽ ശുശ്രൂഷ ചെയ്യുന്നതിന് മുമ്പ് പുരോഹിതൻ വീഞ്ഞ് കുടിക്കരുത് (ലേവ്യ. 10:9, യെഹെ. 44:21). നാസീർവ്യതക്കാർക്ക് വീഞ്ഞ് നിഷിദ്ധമായിരുന്നു (സംഖ്യ: 6:3.20, ന്യായാ. 13:4.7, യിരെ. 36:6, ലൂക്കോ. 1:15). ശലോമോന്റെ ഭാഷയിൽ 'വീഞ്ഞ് പരിഹാസിയും മദ്യം കലഹക്കാരനുമാകുന്നു. അതിനാൽ ചാഞ്ചാടി നടക്കുന്ന ആരും ജ്ഞാനിയാകുകയില്ല (സദൃശ്യ: 20:1). വീര്യം കൂടിയ വീഞ്ഞിന്റെ ഉപയോഗം വ്യക്തികളെ കലഹക്കാരും, പരിഹാസികളും വിവേകഹീനരുമാക്കുന്നു. വീഞ്ഞിന്റെ അമിതാസക്തി വരുത്തിവെക്കുന്ന അപകടം ഗൗരവത്തോടെ കാണണം.



പാസ്റ്റർ സുനിൽ കെ.പി., ചെങ്ങന്നൂർ
Email: sunilkpkp@yahoo.com

സദൃശ്യവാക്യങ്ങൾ 23:20-21-ൽ പറയുന്നത് 'നീ വീഞ്ഞ് കുടിക്കുന്നവരുടെ കൂട്ടത്തിലും മാംസഭോജനപ്രിയരുടെയിടയിലും ഇരിക്കരുത്, കുടിയനും അതിഭക്ഷകരും ദരിദ്രരായി തീരും. മനുഷ്യ ജീവിതത്തിലെ ബഹുഭൂരിപക്ഷം പേരുടെയും ജീവിതാവസ്ഥയുടെ വിവരണമാണിത്. അമിത മദ്യപാനവും അത്യാഗ്രഹവും വ്യക്തികളെ നശിപ്പിക്കുകയും ദരിദ്രരാക്കുകയും ചെയ്യുന്നു. വീഞ്ഞിന്റെ വിനാശകരമായ ഉപയോഗത്തിന്റെ അനന്തരഫലമാണ് സദൃശ്യ വാക്യം 23:29-31 വരെ പ്രതിപാദിച്ചിരിക്കുന്നത്. അത് ശരീരത്തിന്റെയും, മാനസിക പ്രവർത്തനങ്ങളുടെയും, ഉന്മേഷത്തേയും ഉത്സാഹത്തേയും നശിപ്പിക്കുന്നു.

(തുടരും)

# അതുല്യയ്ക്ക് വീടൊരുക്കി ഫൊക്കാന; ഡോ. ബാബു സ്റ്റീഫൻ താക്കോൽദാനം നടത്തി

ഡോ. കലാ ഷഹി

തിരുവനന്തപുരം: ഇനി അതുല്യയ്ക്ക് തന്റെ വീൽചെയർ ടൈലിട്ട മുറിയിലൂടെ ഇഷ്ടംപോലെ നീക്കാം. മുകളിൽനിന്ന് വെള്ളം വീണ് തന്റെ തുണികളും പുസ്തകങ്ങളും നനയുമെന്ന് ഭയക്കേണ്ട.തിരുവനന്തപുരം അമ്പലത്തിൻകര ഹരിജൻ കോളനിയിലെ മോഹനും ഭാര്യ ബിന്ദുവിനും ഭിന്നശേഷിക്കാരിയായ ഏകമകളുടെ സങ്കടം ഇനി കാണണ്ട. ഈ കുടുംബത്തിന് അടച്ചുറപ്പുള്ള വീടൊരുക്കി ഫൊക്കാന. ഫൊക്കാന പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫനും കടകംപള്ളി സുരേന്ദ്രൻ എംഎൽഎയും ചേർന്ന് കഴിഞ്ഞദിവസം അതുല്യയ്ക്കും കുടുംബത്തിനും പുതിയ വീടിന്റെ താക്കോൽ ഏല്പിച്ചപ്പോൾ വർഷങ്ങളായി ചോർന്നൊലിക്കുന്ന കൂരയിൽ നിന്നുമുള്ള മോചനത്തിന്റെ നിമിഷങ്ങളായിരുന്നു അത്. കടകംപള്ളി സുരേന്ദ്രൻ എംഎൽഎയാണ് ഈ കുടുംബത്തെക്കുറിച്ച് ഫൊക്കാന പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫനെ വിവരമറിയിക്കുന്നത്. അങ്ങനെയാണ് ഫൊക്കാന ഭവനപദ്ധതിയിൽ അതുല്യയ്ക്ക് വീടൊരുങ്ങിയത്. കഴക്കൂട്ടം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ ഏഴാം ക്ലാസ് വിദ്യാർത്ഥിനിയാണ് അതുല്യ. ജീവിതത്തിൽ ശാരീരിക ബുദ്ധിമുട്ട് അനുഭവിക്കുന്ന സമൂഹത്തെ ഹൃദയത്തോട് ചേർത്തു നിർത്തുന്ന ലോകത്തിലെ തന്നെ ഏറ്റവും വലിയ പ്രവാസി സംഘടനയാണ് ഫൊക്കാനയെന്നും അതുല്യയ്ക്ക് വീടൊരുക്കാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്നും ഡോ. ബാബു സ്റ്റീഫൻ പറഞ്ഞു. തന്റെ മണ്ഡലത്തിൽ നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള ഫൊക്കാന ജീവകാരുണ്യ പ്രവർത്തനരംഗത്ത് ഒരു ലോകമാതൃക തന്നെയാണെന്ന് മുൻമന്ത്രിയും കഴക്കൂട്ടം എംഎൽഎയുമായ കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. താക്കോൽ കൈമാറ്റ ചടങ്ങിൽ റോട്ടറി പ്രസിഡണ്ട് എസ്.എസ്. നായർ, കൗൺസിലർ എൽ.എസ്. കവിത, സിപിഎം ലോക്കൽ സെക്രട്ടറി ആർ. ശ്രീകുമാർ, എസ്. പ്രശാന്ത്, സതീശൻ, ഷാജിമോൻ, സജു ലജീന്ദ്രൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്ത് സംസാരിച്ചു.







# MODI’S CLAIM OF 400 PLUS SEATS ENTAILS100% EVM-VVPAT

George Abraham

Prime Minister Modi claims that their NDA coalition will win 400 plus seats for the upcoming Parliamentary elections that will take place in India starting April 19 of this year. Is it a panacea or a realistic assessment considering nationwide political dynamics? What is the purpose of making such exaggerated claims if they are not based on accurate data? Their history is replete with fraudulent claims and unscrupulous behavior. Why then should the public believe it now? Anyway, this whole public relations campaign may also be aimed at enthusing the cadres.

Responding to their claim, Mr. Sam Pitroda, who is also known as the father of the Telecommunication revolution in India, retorted, "BJP can win more than 400 seats in the 2024 elections if issues associated with EVMs are not fixed". In further expressing his concerns, Mr. Pitroda cited a report by "The Citizens' Commission on Elections," chaired by former Supreme Court judge Madan B Lokur, and said that the main recommendations of the report were to modify the current design of the VVPAT System to make it truly "voter-verified."

It appears that the BJP leaders are engaged in a psychological warfare where people are being conditioned to believe that Modi's victory is inevitable. It has dual purposes: one is to demoralize the opposition and dispirit their grassroots, and the other is to set up the stage for any illicit operations that would benefit the party before a desensitized electorate. Their strategy is apparently working.

The public generally assumes that Modi's third term is inevitable, and to them, it is just a numbers game as far as how big a majority his party could achieve. Is the Indian electorate so naïve as to believe a narrative created by the BJP without supporting facts? However, the BJP is confident that a public that believes in the 'Gujarat Model' can be swayed time after time and will fall prey to their deception once again.

An entirely different picture might emerge if one looks at the electoral map. Their carefully crafted plans may have little impact in South India. With Karnataka going back to the Congress fold, BJP's expectations of a repeat performance are quite unlikely. The victory in Telangana by the Congress and the BJP's lack of an alliance with TRS may also spell trouble for the BJP there. In short, the BJP's plan of building on the 2019 election results is indeed further complicated by the setbacks in these two southern states. With 130 seats distributed among the five states and the union territory in the south, the BJP's chances of making any substantial gains in South India will remain as elusive as ever before.

If we look at the poll results in the Northern States, the BJP almost swept them out, creating the current brute majority in the Loka Sabha. They have won all the seats in states like Gujarat, Rajasthan, Haryana, Himachal Pradesh, Uttarakhand, Delhi, and Tripura. In addition, Madhya Pradesh, Bihar, Maharashtra, U.P., Odisha, and Chhattisgarh combined for a whopping 92% of all seats gained by the NDA coalition. It was an incredible win that even the Political pundits have had a hard time explaining since



George Abraham

that came at the heel of a disastrous mismanagement of the COVID-19 pandemic that killed more people in India than anywhere else.

For any sane mind, that history will be hard to replicate. At present, the Modi regime is in the throes of a mushrooming corruption scandal involving Electoral bonds. If the current allegations of pay-to-play are proven, this BJP government may be one of the most corrupt administrations in the history of an Independent India. This is the party that came to power, putting the Manmohan Singh government on the defensive as regards a number of alleged scams. Yet, they have far exceeded in excelling in corrupt ways while covering up their misdeeds from the public's view. Thanks to the Supreme Court, the public is learning much more about the crimes and the exploitation the country has been subjected to.

For the BJP leaders, it is imperative that they stay in power not only to perpetuate their ideology and remake India in its medieval ways but also to be in the unenviable position of power where they will never be held accountable for their misdeeds and misgovernance. It is common knowledge that the economy for the man on the main street is not working that well. Rampant inflation, increasing unemployment among the youth, and persistent poverty at the lower end of the strata have all clouded the high GDP numbers India boasts about. The economy is working for the elites and the super-rich, who already own 40% of India's wealth. It is crony capitalism at its best, joined at the hip by the governing establishment.

There is a limit to one who can exploit religious sentiment to win votes. The euphoria over the Ram Janmabhoomi Kshetra may be just about dissipated. Patriot games using CAA and NRC may also have found their boundaries. Therefore, despite all the bravado about winning 400 or more seats, the BJP team must be worried, and their internal polls must have indicated the same. Therefore, they dwell on propagating this narrative about the upcoming massive victory, intending to inject inertia into the minds of the opposition while adding fuel to energize their cadre.

Considering these circumstances, one should be overly concerned about whether the country will have free and fair elections. It doesn't matter whether the electorate is dissatisfied or opposition parties run a well-rounded campaign if the will of the people is not truly reflected in the outcome. Some countries in the world would conduct pre-determined elections, whereas India stood as a champion of democracy, transferring power when people finally spoke through the ballot boxes. The question being raised by Sam Pitroda and others touches on this susceptible issue,

Free and fair elections are fundamental to a thriving democracy. One of the foremost indications of that effect is citizenship participation in the democratic process. It is every citizen's right and duty to vote in the electoral process. Through that participation, they help to build a better democratic system that could effectively serve the public. However, intimidation, corruption, and threats to citizens during or before an election are against the principles of democracy, and the same also holds true for manipulating the voter lists or the voting mechanisms. There ought to be transparency in the public square where those in power are genuinely accountable to the people, and the voters should be fully appraised of what decisions are made, by whom, and why.

Therefore, the Supreme Court's query to the Election Commission on adding VVPAT to every EVM is sensible. Voter Verified Paper Audit Trail is a machine that prints a paper slip of a candidate's name, serial number, and party's symbol after a voter cast their vote. It displays a paper slip for seven seconds for the voters to check if their vote is cast for the chosen candidate. The paper slip then drops down to a locked compartment, and it can be used to audit voting data in the EVMs. Whether the handpicked election commissioners by Modi Sarkar would comply with the public sentiment on this issue will be critical in saving democracy for India and its future generations.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.26 |
| യൂറോ | 90.21 |
| സ്റ്റെർലിംഗ്പൗണ്ട് | 105.17 |
| സ്വിസ് ഫ്രാങ്ക് | 92.11 |
| സിംഗപ്പൂർ ഡോളർ | 61.71 |
| കനേഡിയൻ ഡോളർ | 61.23 |
| ഒമാൻ റിയാൽ | 216.27 |
| ബഹ്റൈൻ ദിനാർ | 220.91 |
| സൗദി റിയാൽ | 22.20 |
| യു.എ.ഇ. ദിർഹം | 22.67 |
| കുവൈത്ത് ദിനാർ | 270.69 |



# ജ്യൂസ് ജാക്കിംഗ്



ഡോ. മാത്യു ജോയിസ്

"മോഷ്ടിച്ച വെള്ളം മധുരമാണ്, രഹസ്യത്തിൽ കഴിക്കുന്ന അപ്പം മനോഹരമാണ്". ബൈബിളിൽ സദൃശവാക്യങ്ങൾ 9:17-18 കിംഗ് ജെയിംസ് പതിപ്പിലെ (KJV) ഒരു വാക്യമാണിത്. ഈ ഹൈ ടെക് യുഗത്തിൽ മോഷണത്തിന്റെ നൂതന മാർഗ്ഗങ്ങൾ പലതും ഭയാനകങ്ങൾ ആയിക്കൊണ്ടിരിക്കുന്നു.

അത്യാവശ്യം വേണ്ട നമ്മുടെ ഫോൺ ഒന്ന് ചാർജ്ജ് ചെയ്യാൻ ഇപ്പോൾ എവിടെയും ചാർജിങ് പോർട്ടുകൾ കാണാം. പക്ഷേ അവിടെയും കെണി വലവിരിച്ചിരിക്കുന്നു എന്ന് കേട്ടാൽ ഞെട്ടരുത്. നിങ്ങളുടെ ഫോണിന്റെ ബാറ്ററി ലെവൽ കുറവാണെങ്കിൽ, എയർപോർട്ടുകളിലും ഹോട്ടൽ ലോബികളിലും ഉള്ളത് പോലെയുള്ള സൗജന്യ യുഎസ്ബി പോർട്ട് ചാർജിംഗ് സ്റ്റേഷനുകളിൽ ചാർജ് ചെയ്യുമ്പോൾ, നിങ്ങളുടെ ഇലക്ട്രോണിക് ഉപകരണങ്ങൾക്കും രഹസ്യ വിവരങ്ങൾക്കും, ദൗർഭാഗ്യകരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയേക്കാമെന്ന് ശ്രദ്ധിക്കുക. നിങ്ങൾ മറ്റൊരു സൈബർ മോഷണതന്ത്രമായ "ജ്യൂസ് ജാക്കിംഗ്" എന്ന മോഷണതന്ത്രത്തിനു ഇരയാകാം.

എയർപോർട്ടുകളിൽ കാണുന്ന സൗജന്യ യുഎസ്ബി ചാർജിംഗ് പോയിന്റുകൾ ഉപയോഗിക്കുന്നത് ഒഴിവാക്കണമെന്ന് എഫ്ബിഐ എയർലൈൻ യാത്രക്കാർക്ക് മുന്നറിയിപ്പ് നൽകുന്നു. കാരണം ഫോണുകളെയും മറ്റ് ഇലക്ട്രോണിക് ഗാഡ്ജെറ്റുകളെയും ബാധിക്കുകയും പാസ്‌വേഡുകളും മറ്റ് സെൻസിറ്റീവ് ഡാറ്റയും ഉൾപ്പെടെയുള്ള നിങ്ങളുടെ സ്വകാര്യ ഡാറ്റ മോഷ്ടിക്കുകയും ചെയ്യുന്ന സ്പൈ മാൽവെയർ ലോഡുചെയ്യാൻ, ആ ചെറിയ സുഷിരത്തിനും സാധ്യതകൾ ഏറെയുണ്ട്. സൈബർ സുരക്ഷാ വിദഗ്ധർ ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾക്ക് 'ജ്യൂസ് ജാക്കിംഗ്' എന്ന പദം ഉപയോഗിക്കുന്നു. സമീപ വർഷങ്ങളിൽ ഈ ഭീഷണിയെക്കുറിച്ച് നിരവധി മുന്നറിയിപ്പുകൾ നൽകാൻ ഫെഡറൽ കമ്മ്യൂണിക്കേഷൻസ് കമ്മീഷനെ ചുമതലപ്പെടുത്തിയിരിക്കയാണ്.



സ്മാർട്ട്ഫോണുകളും ടാബ്ലെറ്റുകളും പോലുള്ള ഉപകരണങ്ങളുടെമേൽ ഒരു കടന്നുകയറ്റമാണ് ജ്യൂസ് ജാക്കിംഗ്. ചാർജ് ചെയ്യുന്നതിനും ഡാറ്റാ കൈമാറ്റത്തിനും പലപ്പോഴും ഒരേ കേബിൾ ഉപയോഗിക്കുന്നു, സാധാരണയായി ഒരു യുഎസ്ബി കേബിൾ. ആക്രമണത്തിന്റെ ലക്ഷ്യം ഒന്നുകിൽ ഉപകരണത്തിൽ ക്ഷുദ്രവെയർ (spyware) ഇൻസ്റ്റാൾ ചെയ്യുക അല്ലെങ്കിൽ രഹസ്യമായി സെൻസിറ്റീവ് ഡാറ്റ പകർത്തുക എന്നതാണ്.

ഹോട്ടൽ ലോബികളും എയർപോർട്ടുകളും ഉൾപ്പെടെയുള്ള ഏതൊരു പബ്ലിക് യുഎസ്ബി ചാർജിംഗ് സ്റ്റേഷനും ജ്യൂസ് ജാക്കിംഗിന് ഇരയാകാൻ സാധ്യതയുണ്ടെന്നാണ് എഫ്ബിഐയും എഫ്സിസിയും മുന്നറിയിപ്പ് നൽകുന്നത്.

സൗജന്യ യുഎസ്ബി ചാർജിംഗ് പോയിന്റുകൾ പൂർണ്ണമായും ഒഴിവാക്കാനും നിങ്ങളുടെ യാത്രയ്ക്കിടെ കുറച്ച് അധികചാർജ് ആവശ്യമുണ്ടെങ്കിൽ പകരം എസി പവർ ഔട്ട്ലെറ്റോ ബാറ്ററി പാക്കോ ഉപയോഗിക്കാനും അവർ യാത്രക്കാരെ പ്രോത്സാഹിപ്പിക്കുന്ന ഭീഷണിയെക്കുറിച്ച് FCC ആശങ്കാകുലരാണ്. നിങ്ങൾക്ക് ശരിക്കും ഒരു യുഎസ്ബി ഔട്ട്ലെറ്റ് ഉപയോഗിക്കണമെങ്കിൽ, ചാർജിംഗ്-ഒൺലി കേബിളിൽ നിക്ഷേപിക്കാൻ FCC നിർദ്ദേശിക്കുന്നു. ഇത് ചാർജ് ചെയ്യുമ്പോൾ ഡാറ്റ അയയ്ക്കുന്നതോ സ്വീകരിക്കുന്നതോ തടയുന്നു. നിങ്ങൾ ഈ ഓപ്ഷനിലേക്ക് പോകുകയാണെങ്കിൽ, ഒരു വിശ്വസനീയ വിതരണക്കാരനിൽനിന്ന് വാങ്ങാൻ FCC നിർദേശിക്കുന്നു. ജ്യൂസ് ജാക്കിംഗ് ഭീഷണി 2011 മുതൽ നിലവിലുണ്ട്. എന്നിരുന്നാലും, സമീപ വർഷങ്ങളിൽ ആപ്പിൾ, സാംസങ് പോലുള്ള വൻകിട ടെക് കമ്പനികൾ അവരുടെ ഉപകരണങ്ങളെ ക്ഷുദ്രവെയർ അണുബാധയുടെ അപകടസാധ്യത കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നിങ്ങൾ ഒരു USB പോയിന്റിലേക്ക് നിങ്ങളുടെ ഉപകരണം പ്ലഗ് ചെയ്യുമ്പോൾ, നിങ്ങൾക്ക് "ഡാറ്റ പങ്കിടണോ" അല്ലെങ്കിൽ "ഈ കമ്പ്യൂട്ടറിനെ വിശ്വസിക്കണോ" അല്ലെങ്കിൽ "ചാർജ് മാത്രം ചെയ്യുക" എന്നോ ആവശ്യപ്പെടുന്ന ഒരു നിർദേശം നിങ്ങൾക്ക് പലപ്പോഴും ലഭിച്ചേക്കാം. നിങ്ങളുടെ സ്വകാര്യ ഡാറ്റ സുരക്ഷിതമായി സൂക്ഷിക്കാൻ സഹായിക്കുന്നതിന് "ചാർജ് മാത്രം" തെരഞ്ഞെടുക്കണം.

സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട എന്ന് ഒരിക്കൽ കൂടി ഒരോർമ്മപ്പെടുത്തൽ!

# ഒരു അമേരിക്കൻ നായ ജീവിതം

സണ്ണി മാളിയേക്കൽ

**ആടുജീവിതം സിനിമ കണ്ടു... അപ്പോൾ ഞാൻ ഓർത്തത് ലാലിച്ചേച്ചിയെ ആയിരുന്നു... പിന്നെ 32 വർഷം മുമ്പ് അവർ അനുഭവിച്ച ആ അമേരിക്കൻ നായ ജീവിതവും...**

40 കൊല്ലം മുമ്പ് ഞാൻ അമേരിക്കയിൽ വന്ന സമയം. കഷ്ടപ്പാടിന്റെ കാലം. കാറിൽ മദാമ്മയുടെ മടിയിൽ ഇരുന്ന് സുഖയാത്ര ചെയ്യുന്ന നായകളെ അസൂയയോടെ നോക്കി നിന്നിട്ടുണ്ട്... ഇനിയൊരു ജന്മം ഉണ്ടെങ്കിൽ അമേരിക്കയിൽ ഒരു നായ ആയി ജനിക്കണമെന്ന് ആഗ്രഹിച്ചിട്ടുണ്ട്. നായക്ക് നല്ല സുഖം ആണ്... പക്ഷേ, ലോക്ഡൗൺ. അതാണ് അമേരിക്കൻ നായ ജീവിതം.



ലേഖകൻ

ഇനി കഥയിലേക്ക് വരാം. 92-ൽ എന്റെ സുഹൃത്ത് അഗസ്റ്റിൻ കുരുവിള അമേരിക്കയിൽ എത്തി. എന്റെ വീട്ടിലാണ് താമസം. അവൻ എന്റെ കൈയിൽ രണ്ട് കവർ തന്നിട്ട് പറഞ്ഞു: "എടാ, ഇത് നമ്മുടെ വർഗീസ് ചേട്ടൻ നിനക്ക് തരാൻ പറഞ്ഞു."

ഞാൻ കത്ത് വായിച്ച് വിഷമത്തോടെ അഗസ്റ്റിനെ നോക്കി... കഴിഞ്ഞ ഒരു വർഷത്തിലേറെയായി വർഗീസ് ചേട്ടന്റെ ഭാര്യ ലാലി ചേച്ചി കണക്ടിക്കട്ടിൽ ഒരു വീട്ടിൽ തടങ്കലിൽ ആണു പോലും.. അന്ന് മൊബൈൽഫോൺ അത്ര പോപ്പുലർ ആയിട്ടില്ല... ബോസ്റ്റോൺ നഗരത്തിൽ ഒരു കോൺഫറൻസിൽ പങ്കെടുക്കാനെത്തിയതായിരുന്നു നാട്ടിൽ അദ്ധ്യാപികയായ ലാലി ചേച്ചി. ചേച്ചിയുടെ അമേരിക്കൻ സ്വപ്നം മനസ്സിലാക്കിയ ഒരു മലയാളി കുടുംബം സൂത്രത്തിൽ ചേച്ചിയെ പാട്ടിലാക്കി. അവരുടെ വീട്ടിൽ താമസിക്കാൻ സൗകര്യം കൊടുക്കാം... ആറ് മാസത്തിനുള്ളിൽ അമേരിക്കയിൽ ഗ്രീൻകാർഡ് കിട്ടാൻ സഹായിക്കാം തുടങ്ങിയ വാഗ്ദാനവും. പകരം അവരുടെ രണ്ട് വയസ്സുള്ള കുട്ടിയെ നോക്കണം... ചേച്ചി സമ്മതിച്ചു. ഒരു വർഷം കഴിഞ്ഞു. ശമ്പളമില്ല, ഗ്രീൻ കാർഡ് ഇല്ല. ഭീഷണി തുടങ്ങി. ഇമിഗ്രേഷൻകാരെ കൊണ്ട് പിടിപ്പിച്ചു ജയിലിൽ ഇടും എന്നൊക്കെ... ആത്മഹത്യയെക്കുറിച്ചു പോലും ചിന്തിച്ച സമയം!

പിറ്റേന്ന് രാവിലെ തന്നെ ഞങ്ങൾ അഞ്ചുപേർ, എന്റെ അങ്കിൾ തങ്കച്ചായൻ, കസിൻമാരായ ഷാജി, റെജി, പിന്നെ അഗസ്റ്റിനും ഞാനും കണക്ടിക്കട്ടിലേക്കു പുറപ്പെട്ടു. ഉച്ചയോടെ ഒരു വിധം ആ വീട് തപ്പിപ്പിടിച്ച് ഞങ്ങൾ കതകിൽ മുട്ടി. വാതിൽ തുറന്നു. ഗൃഹനാഥൻ ആദ്യം ചേച്ചിയെ കാണാൻ സമ്മതിച്ചില്ല. മാത്രമല്ല, പോലീസിനെ വിളിക്കും എന്നു പറഞ്ഞു... ഞാൻ തന്നെ പോലീസിനെ വിവരം അറിയിക്കാം. അവർ വന്നാൽ നിങ്ങള് അകത്തുപോകും എന്നു പറഞ്ഞ് പുറത്തിറങ്ങി. അതുവരെ അകത്തുനിന്ന അയാളുടെ ഭാര്യ പുറത്തേക്ക് വന്നു. ദയവായി പോലീസിനെ വിളിക്കരുത്... ഞങ്ങൾ എന്തു വേണമെങ്കിലും ചെയ്യാം... ചേച്ചിയെ നിങ്ങൾ കൊണ്ടുപൊയ്ക്കോ... മുഴുവൻ ശമ്പളവും തന്നേക്കാം...

ചേച്ചിയെ ഞങ്ങൾ അപ്പോൾ തന്നെ കൊണ്ടുപോന്നു. പുറപ്പെടും മുമ്പ് ചേച്ചി അവിടുന്ന് ഫോണിൽ നാട്ടിലേക്ക് വിളിച്ചു. നീണ്ട ഇടവേളയ്ക്കുശേഷം വർഗീസ് ചേട്ടനോട് സംസാരിച്ചു... കണ്ടുനിൽക്കാൻ ബുദ്ധിമുട്ടായിരുന്നു ആ രംഗം.

തിരിച്ചു പോരുമ്പോൾ നിരാശയോടെ തങ്കച്ചായനും ഷാജിയും പറഞ്ഞു: "നാട്ടിൽ ആയിരുന്നെങ്കിൽ ആ തെണ്ടിക്കിട്ട് രണ്ടെണ്ണം പൊട്ടിക്കാമായിരുന്നു."

ലാലിച്ചേച്ചി വാശിക്കാരിയായിരുന്നു. തിരിച്ചു പോയില്ല. പഠിക്കാൻ ചേർന്ന്, ആ കോളജിൽ തന്നെ അദ്ധ്യാപികയായി. വർഗീസ് ചേട്ടനെയും മക്കളേയും അമേരിക്കയിൽ കൊണ്ടുവന്നു...

ആടുജീവിതം കണ്ടപ്പോൾ ലാലി ചേച്ചിയുടെ ആ പഴയ 'അർബാബ്'നെ ഞാൻ ഓർത്തു... എവിടെയാണാവോ...!



# നിക്ഷേപകർ ആവശ്യപ്പെടുമ്പോൾതന്നെ പണം തിരിച്ചുനല്കണം: ഹൈക്കോടതി

കൊച്ചി: നിക്ഷേപകർ ആവശ്യപ്പെടുന്ന നിമിഷം പണം തിരികെ നല്കാൻ സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾ ബാദ്ധ്യസ്ഥരാണെന്ന് ഹൈക്കോടതി. ബാങ്ക് നഷ്ടത്തിലായതോടെ കാലാവധി പൂർത്തിയായ സ്ഥിരനിക്ഷേപങ്ങൾ പോലും മടക്കിക്കിട്ടുന്നില്ലെന്നു ചൂണ്ടിക്കാട്ടി പാലാ കിഴതടിയൂർ സർവീസ് സഹകരണ ബാങ്കിനെതിരെ സമർപ്പിച്ച ഹർജിയിലാണ് ഹൈക്കോടതി ഇക്കാര്യം വ്യക്തമാക്കിയത്. ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പരിഗണിച്ച ഹർജി ഏപ്രിൽ 11-ലേക്ക് മാറ്റി.

ഇത് ഒറ്റപ്പെട്ട വിഷയമല്ലെന്നും സഹകരണ മേഖലയെ മൊത്തത്തിൽ ബാധിക്കുന്നതാണെന്നും കോടതി വിലയിരുത്തി. നിക്ഷേപകരുടെ പണം തിരികെ നല്കാൻ കഴിഞ്ഞില്ലെങ്കിൽ സാഹചര്യം വളരെ മോശമാകും. ഒരു ബാങ്കിന് ഇളവ് അനുവദിച്ചാൽ അത് ഭാവിയിൽ എല്ലാ നിക്ഷേപകരെയും ബാധിക്കും. സംസ്ഥാനത്തിന്റെ സാമ്പത്തിക വ്യവസ്ഥയ്ക്ക് വെല്ലുവിളിയാകുമെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു.

ദശാബ്ദങ്ങളായി സിപിഎം ഭരിക്കുന്ന കിഴതടിയൂർ സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ഉൾപ്പെടെയുള്ള ഭാരവാഹികൾ വൻതുക വായ്പയെടുത്ത് കുടിശിക വരുത്തിയതോടെയാണ് നഷ്ടത്തിലായത്. ഇതോടെ കൂടുതൽ നിക്ഷേപകർ പണം പിൻവലിക്കാൻ എത്തി.

എന്നാൽ, നിക്ഷേപം തിരികെ നല്കാനാവാത്ത സ്ഥിതി വന്നു. നഷ്ടത്തിലായതോടെ ബാങ്കിന്റെ ഒട്ടേറെ അനുബന്ധ സ്ഥാപനങ്ങൾ പൂട്ടി. ജീവനക്കാർക്ക് കൃത്യമായി ശമ്പളം നല്കാനാവാത്ത സ്ഥിതിയുമാണ്. ജീവനക്കാരെല്ലാം സിപിഎം പ്രവർത്തകരോ കുടുംബാംഗങ്ങളോ ആയതിനാൽ ശമ്പളം ലഭിച്ചില്ലെങ്കിലും അതിന്റെ പേരിൽ പരാതി ഉയരുന്നില്ല. അടുത്തിടെ ഏതാനും ഈടുവസ്തുക്കൾ ലേലം ചെയ്താണ് തൽക്കാലം പിടിച്ചുനിൽക്കുന്നത്.

## 'പിഎം ശ്രീ': ഗുണം കിട്ടുക 336 സ്കൂളുകൾക്ക്

തിരുവനന്തപുരം: സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള കേന്ദ്ര പദ്ധതിയായ 'പിഎം ശ്രീ'യിൽ (പ്രധാൻമന്ത്രി സ്കൂൾസ് ഫോർ റൈസിങ് ഇന്ത്യ)കേരളവും പങ്കാളിയാകുമ്പോൾ ഗുണം ലഭിക്കുക പരമാവധി 336 സ്കൂളുകൾക്ക്. ഈ സ്കൂളുകൾക്ക് പ്രതിവർഷം 85 ലക്ഷം മുതൽ ഒരു കോടി രൂപ വരെ വിവിധ പദ്ധതികൾക്കു ലഭിക്കും. ഇതിൽ 60 ശതമാനം കേന്ദ്രവിഹിതവും 40 ശതമാനം സംസ്ഥാനവിഹിതവുമാണ്. പദ്ധതി 2022-23 അധ്യയനവർഷം മുതൽ 2026-27 വരെയാണ്. അതനുസരിച്ച് ആദ്യ രണ്ട് വർഷവും പദ്ധതിയിൽ ചേരാതിരുന്ന കേരളത്തിന് ശേഷിച്ച മൂന്ന് വർഷത്തെ ഫണ്ടാണ് ലഭിക്കേണ്ടത്. എന്നാൽ അഞ്ച് വർഷത്തെ ഫണ്ടും നൽകാമെന്ന് കേന്ദ്രം അറിയിച്ചെന്നു വിദ്യാഭ്യാസ വകുപ്പ് പറയുന്നു.

ഒരു ബ്ലോക്ക് റിസോഴ്സ് സെന്ററിനു (ബിആർസി) കീഴിൽ പരമാവധി രണ്ട് സ്കൂളുകൾക്കാണ് (ഒരു പ്രൈമറി സ്കൂളും ഒരു സെക്കൻഡറി സ്കൂളും) പിഎം ശ്രീ പദ്ധതിയിൽ ഇടം ലഭിക്കുക. മൊത്തം 168 ബിആർസികളാണുള്ളത്. കേരളം ധാരണാപത്രം ഒപ്പിട്ടാൽ മാനദണ്ഡങ്ങൾ പാലിക്കുന്ന എല്ലാ സ്കൂളുകൾക്കും അപേക്ഷിക്കാം. സംസ്ഥാനതല സമിതിയാണ് സ്കൂളുകളെ തെരഞ്ഞെടുക്കുക. സർക്കാർ സ്കൂളുകൾക്കുള്ള പദ്ധതിയാണിത്.

എയ്ഡഡ് സ്കൂളുകളുടെ കാര്യത്തിൽ ആശയക്കുഴപ്പമുണ്ട്. എസ്എസ്കെ (സമഗ്ര ശിക്ഷാ കേരളം) പദ്ധതികളുടെ ഫണ്ട് കുടിശിക ഉൾപ്പെടെ നൽകില്ലെന്ന് കേന്ദ്രം ഭീഷണി മുഴക്കിയതോടെയാണ് ഇപ്പോൾ പങ്കാളിയാകാൻ നിർബന്ധിതരായത്. പിഎം ശ്രീ സ്കൂളുകളെല്ലാം ഗ്രീൻ ബിൽഡിങ്ങുകളാകണമെന്നാണു നിഷ്കർഷിച്ചിരിക്കുന്നത്.

## 99-ാം വയസ്സിൽ ഇന്ത്യൻ വനിതയ്ക്ക് യുഎസ് പൗരത്വം

ന്യൂഡൽഹി: തൊണ്ണൂറ്റിയൊമ്പത് വയസ്സുള്ള ഇന്ത്യൻ വനിതയ്ക്ക് പൗരത്വം നല്കി അമേരിക്ക. ദയ്ബായ് എന്ന വനിതയാണ് യുഎസ് പൗരത്വം നേടി ചരിത്രം കുറിച്ചത്. ശ്രദ്ധേയമായ നേട്ടത്തിലൂടെ പുതിയ ജീവിതയാത്ര ആരംഭിച്ച ദയ്ബായിയെ ചുറുചുറുക്കുള്ള വ്യക്തിയെന്നാണ് യുഎസ് സിറ്റിസൺഷിപ്പ് ആൻഡ് ഇമിഗ്രേഷൻ സർവീസസ് (യുഎസ്‌സിഐഎസ്) വിശേഷിപ്പിച്ചത്. മകൾക്കൊപ്പം വർഷങ്ങളായി ഫ്ളോറിഡയിലാണ് അവർ താമസിക്കുന്നത്. പൗരത്വം നല്കിയതിനു പിന്നാലെ ദയ്ബായിയെ അഭിനന്ദിച്ചുകൊണ്ട് സമൂഹമാധ്യമമായ എക്സിൽ യുഎസ്‌സിഐഎസിന്റെ പോസ്റ്റും



പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. "പ്രായം ഒരു സംഖ്യ മാത്രമാണെന്നും ദയ്ബായി പറയുന്നു.ഞങ്ങളുടെ ഒർലൻഡോ ഓഫീസിലൂടെ 99-ാം വയസിൽ യുഎസ് പൗരത്വം നേടിയതിലൂടെ അതു ശരിയാണെന്നു തെളിയിച്ചിരിക്കുന്നു. ഇന്ത്യയിൽ നിന്നുള്ള ദയ്ബായ് ആവേശത്തോടെയാണ് യുഎസ് പൗരത്വം സ്വീകരിച്ചുകൊണ്ടുള്ള സത്യപ്രതിജ്ഞ ചെയ്തത്. മകൾക്കൊപ്പമുള്ള അവരുടെ ദൃശ്യം ഞങ്ങൾ ചിത്രീകരിച്ചിട്ടുണ്ട്. ദയ്ബായ്ക്ക് അഭിനന്ദനങ്ങൾ" എന്നാണ് പോസ്റ്റിൽ പറഞ്ഞിരിക്കുന്നത്. പൗരത്വസർട്ടിഫിക്കറ്റുമായി വീൽചെയറിലിരുന്നു പോസ് ചെയ്യുന്ന ദയ്ബായിയുടെ ഹൃദയസ്പർശിയായ ചിത്രവും ഇതിനൊപ്പമുണ്ട്. അവളുടെ മകളെയും സത്യപ്രതിജ്ഞ ചെയ്യിച്ച ഉദ്യോഗസ്ഥനെയും ഫ്രെയിമിൽ കാണാം.

കുടിയേറ്റ വിസ, നാചുറലൈസേഷൻ, അഭയം, ഗ്രീൻകാർഡ് തുടങ്ങിയ വയ്ക്കുള്ള അപേക്ഷ കൈകാര്യം ചെയ്യാൻ ചുമതലയുള്ള വിഭാഗമാണ് യുഎസ് സിറ്റിസസൺഷിപ്പ് ആൻഡ് ഇമിഗ്രേഷൻ സർവീസസ്. അമേരിക്കയിൽ ജോലി ചെയ്യാൻ നൂറുകണക്കിന് ഇന്ത്യൻ ടെക്കികൾ ഉപയോഗിക്കുന്ന എച്ച്1 ബി വിസകളും ഈ ഏജൻസിയാണ് പരിഗണിക്കുന്നത്. ദയ്ബായിക്ക് പൗരത്വം ലഭിച്ചതിൽ ഒരുഭാഗത്ത് ആഘോഷം പൊടിപൊടിക്കുമ്പോൾ എക്സ് ഉപയോക്താക്കളായ ചില ഇന്ത്യാക്കാരുടെ ഭാഗത്തുനിന്ന് വിമർശനവും ഉയരുന്നുണ്ട്. നടപടികൾ പൂർത്തിയാക്കാൻ യുഎസ് ഇത്രയധികം സമയമെടുത്തത് എന്തിനാണെന്ന് അവർ ചോദിക്കുന്നു.

## വീട്ടിൽ വോട്ട് ചെയ്യാൻ 5 ലക്ഷം പേർ

തിരുവനന്തപുരം: വീട്ടിൽ വോട്ടിന് അർഹത സംസ്ഥാനത്ത് 5.1 ലക്ഷം പേർക്ക്. 85 വയസ് കഴിഞ്ഞ 2,26,959 പേരും 40 ശതമാനത്തിനു മുകളിൽ ഭിന്നശേഷിയുള്ളവരുടെ വിഭാഗത്തിലെ 2,64,232 പേരുമാണ് ഉള്ളതെന്ന് തെരഞ്ഞെടുപ്പ് കമ്മീഷന്റെ കണക്കുകൾ. ഇവരിൽ വീട്ടിൽ വോട്ട് ചെയ്യാൻ അപേക്ഷ നല്കിയവരുടെ അന്തിമ പട്ടിക അടുത്തുതന്നെ കമ്മീഷൻ പ്രസിദ്ധീകരിക്കും.

അസി. റിട്ടേണിംഗ് ഓഫീസറുടെ നേതൃത്വത്തിലുള്ള സംഘമാണ് ബാലറ്റ് പേപ്പറുമായി ഇവരുടെ വീടുകളിൽ വോട്ട് ചെയ്യിക്കാനായി എത്തുക. വീട്ടിൽ വോട്ട് ചെയ്യുന്നവരുടെ പട്ടിക പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ റൂട്ട്മാപ്പ് തയ്യാറാക്കും. ഓരോരുത്തരുടെയും വീട്ടിൽ ഉദ്യോഗസ്ഥസംഘം എത്തുന്ന ദിവസവും ഏകദേശ സമയവും മുൻകൂട്ടി അറിയിക്കും. പ്രദേശത്തെ ബിഎൽഒമാരെയും ഇക്കാര്യം അറിയിക്കും. അവർ പ്രദേശത്തെ അംഗീകൃത രാഷ്ട്രീയ പ്രതിനിധികളെയും അറിയിക്കണം. ബാലറ്റ് പേപ്പറിലെ വോട്ട് സീൽ ചെയ്ത് കവറിലാക്കി ഉദ്യോഗസ്ഥർ കൊണ്ടുപോകും. വോട്ടെണ്ണൽ ദിവസം ആദ്യം ഇത് എണ്ണും.

തെരഞ്ഞെടുപ്പ് കമ്മീഷന്റെ കണക്കനുസരിച്ച് 85 വയസ് പിന്നിട്ട 2.46 ലക്ഷംപേരുണ്ട്. ഇതിൽ 2891 പേർ നൂറ് വയസ് കഴിഞ്ഞവരാണ്. 40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ള 2.64 ലക്ഷം വോട്ടർമാരുണ്ട്. 2019-ലെ ലോക്സഭാ തെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് ഇക്കുറി വോട്ടർമാരിൽ 15.97 ലക്ഷം പേരുടെ വർദ്ധനയുണ്ടായിട്ടുണ്ട്.

2019-ൽ 2,61,51,534 വോട്ടർമാരുണ്ടായിരുന്നെങ്കിൽ ഇത്തവണ വോട്ടർമാരുടെഎണ്ണം 2,77,49,159 ആയി ഉയർന്നു. സ്ത്രീവോട്ടർമാരുടെ എണ്ണത്തിലാണ് ഇത്തവണ വലിയ വർദ്ധനയുണ്ടായത്. 2019-ൽ 1,3466,521 ആയിരുന്നു സ്ത്രീ വോട്ടർമാർ, ഇത്തവണ 1,4333,499 ആയി ഉയർന്നു. ഒമ്പത് ലക്ഷത്തോളം സ്ത്രീ വോട്ടർമാരാണ് കഴിഞ്ഞ അഞ്ചു വർഷത്തിനിടെ വർദ്ധിച്ചത്.

### ആഭരണങ്ങളും രൂപയും പിടിച്ചെടുത്തു

(ഒന്നാം പേജിൽ നിന്നും)

തുടർന്ന് രഹസ്യനീക്കത്തിലൂടെയാണ് എസ് 7 കോച്ചിൽ നിന്ന് മൂവരും പിടിയിലായത്.

പണത്തിന്റെ ഉറവിടം സംബന്ധിച്ച വിവരം പോലീസിനു ലഭിച്ചു. നൈനാർ നാഗേന്ദ്രന്റെ അനുയായിയുടെ വീട്ടിൽനിന്ന് രണ്ട് ലക്ഷം രൂപയും സമ്മാനങ്ങളും പിടിച്ചെടുത്തു.

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ ഇതുവരെ തമിഴ്നാട്ടിൽനിന്ന് 192.65 കോടി രൂപയുടെ പണവും ആഭരണങ്ങളും ഉൾപ്പെടെ പിടിച്ചെടുത്തിട്ടുണ്ട്.

### ഇഡി പരിശോധന നടത്തി

(ഒന്നാം പേജിൽ നിന്നും)

സഹകരണ ബാങ്കിൽ മൂന്ന് ലോക്കൽ കമ്മിറ്റികളുടെ പേരിലുള്ള അക്കൗണ്ടുകളും മരവിപ്പിച്ച നിലയിലാണ്. കരുവന്നൂരിൽ പാർട്ടിക്കു രഹസ്യ അക്കൗണ്ടുകളില്ലെന്നു തുടക്കം മുതൽ വാദിച്ചിരുന്ന സിപിഎമ്മിനെ വെട്ടിലാക്കി അഞ്ച് രഹസ്യ അക്കൗണ്ടുകൾ ഇഡി കണ്ടെത്തിയിട്ടുണ്ട്.

സഹകരണ ബാങ്കുകളിലെ 81 അക്കൗണ്ടുകളിൽ പെരുമാറ്റച്ചട്ടം മറികടന്ന് ഒരു ലക്ഷം രൂപയിലേറെയുള്ള തുകയുടെ കൈമാറ്റം നടന്നിട്ടുണ്ടോ എന്ന കാര്യത്തിലാണു പരിശോധന. ഇത്തരം ഇടപാടുകൾ നടന്നാൽ അറിയിക്കാൻ ലീഡ് ബാങ്ക് മാനേജർ അടക്കമുള്ളവർക്ക് കളക്ടർ നിർദേശം നൽകിയിരുന്നു. ഇത്തരം ഇടപാടുകൾ കണ്ടെത്തിയാൽ പെരുമാറ്റച്ചട്ട ലംഘനത്തിനു കൂടി നിയമനടപടി നേരിടേണ്ടിവരും.

ഇഡിയും ആദായനികുതി വകുപ്പും കാണിക്കുന്നതു ഗുണ്ടായിസമാണെന്നു സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. തൃശൂർ ജില്ലാ കമ്മിറ്റിയുടെ അക്കൗണ്ടിനെപ്പറ്റി സംസ്ഥാന കമ്മിറ്റിക്ക് അറിയാം. എല്ലാം സുതാര്യമാണ്. എല്ലാ അക്കൗണ്ടുകളുടെ വിവരങ്ങളും കേന്ദ്രസർക്കാരിനു കൊടുത്തതാണ്.

ഇൻകം ടാക്സ് റിട്ടേണിലും ഇക്കാര്യമുണ്ട്. അക്കൗണ്ട് മരവിപ്പിച്ചതിനെ നിയമപരമായി നേരിടും. ഇതു കടന്നാക്രമണമാണ്, ഇതിനെ അഭിമുഖീകരിക്കുക തന്നെ ചെയ്യും. പാർട്ടി അക്കൗണ്ടിനെക്കുറിച്ച് അന്വേഷിക്കേണ്ട കാര്യമെന്താണെന്നും ഗോവിന്ദൻ ചോദിച്ചു.

### ഇന്ത്യാസഖ്യം വരും

(ഒന്നാം പേജിൽ നിന്നും)

ഉപമുഖ്യമന്ത്രി പാർട്ടിയിൽ ചേരുന്നവരെ വെളുപ്പിച്ചെടുക്കുന്ന ബിജെപിയുടെ 'വാഷിങ് മെഷീനെ'ക്കുറിച്ചും പ്രതിപക്ഷ മുഖ്യമന്ത്രിമാരെ വേട്ടയാടുന്ന കേന്ദ്രം കേരളത്തിലെ മുഖ്യമന്ത്രിയെയും കുടുംബത്തെയും സംരക്ഷിക്കുന്നതിനെക്കുറിച്ചും വാചാലനായി. പ്രതിസന്ധികളിൽ കോൺഗ്രസിന്റെ ട്രബിൾ ഷൂട്ടറായ ഡി.കെ.യെ കാണാൻ പ്രവർത്തകർ ഇരമ്പിയെത്തി.

ആലപ്പുഴയിലെ യുഡിഎഫ് സ്ഥാനാർത്ഥി കെ.സി. വേണുഗോപാലിന്റെ മണ്ഡല പര്യടനം ഉദ്ഘാടനം ചെയ്യാനാണു ഡി.കെ. എത്തിയത്. കൊച്ചിയിലെ വിശ്രമത്തിനിടയിലും ചേർത്തലയിലേക്കുള്ള യാത്രയിലുടനീളവും സംസാരിച്ചതത്രയും ബിജെപിയെ പരാജയപ്പെടുത്തുന്നതിനെക്കുറിച്ചു മാത്രം. ഇന്ത്യാമുന്നണിയുടെ വിജയത്തിൽ നിർണായക പങ്കുവഹിക്കുന്നതു ദക്ഷിണേന്ത്യയായിരിക്കുമെന്ന് പലവട്ടം ആവർത്തിച്ചു.

കേരളത്തിലെ പല മണ്ഡലങ്ങളിലേക്കും ഡി.കെയെ ക്ഷണിക്കുന്നുണ്ട്. കേരളത്തിലും കർണാടകയിലും ഒരേ ദിവസമാണു വോട്ടെടുപ്പ്. അവിടെയും എല്ലാ സ്ഥാനാർത്ഥികൾക്കും ഡി.കെയെ വേണമെന്നു ഒപ്പമുള്ള കർണാടക യൂത്ത് കോൺഗ്രസ് പ്രസിഡന്റ് മുഹമ്മദ് നാലപ്പാട്ട് പറഞ്ഞു. തിരക്കിനിടയിലും കേരളത്തിലേക്കു വരാനുള്ള കാരണം ഡി.കെ. പറഞ്ഞു. 'കെ.സി. വേണുഗോപാലാണ് എന്നെ പിസിസി പ്രസിഡണ്ടാക്കിയത്. ഡി.കെയെ പ്രസിഡണ്ടാക്കിയാൽ കർണാടകയിൽ അധികാരം പിടിക്കാമെന്നു സോണിയാ ഗാന്ധിയോടു പറഞ്ഞത് അദ്ദേഹമാണ്.'

ചേർത്തലയിലെ സ്വീകരണ കേന്ദ്രത്തിലെത്തുന്നതിനു മുൻപേ ജനക്കൂട്ടം വാഹനം വളഞ്ഞു. മുദ്രാവാക്യങ്ങൾക്കൊപ്പം ഉയർന്ന കൈകളിലെല്ലാം മൊബൈൽ ക്യാമറകൾ. വാഹനം മുന്നോട്ടുപോകില്ലെന്ന സ്ഥിതിയായതോടെ അദ്ദേഹം പുറത്തിറങ്ങി. റോഡിൽനിന്നു വേദിവരെ കൈകൾ കോർത്തുപിടിച്ചു നേതാക്കൾ സൃഷ്ടിച്ച ചങ്ങല ഭേദിച്ച് പ്രവർത്തകർ ശിവകുമാറിനരികിലേക്ക് ഇരമ്പിയെത്തി.

കേരളത്തിൽ യുഡിഎഫിനല്ലാതെ ചെയ്യുന്ന വോട്ടും ബിജെപിക്കു ഗുണകരമാകുമെന്നു പ്രസംഗത്തിൽ ഓർമിപ്പിച്ച ഡി.കെ. ശമ്പളം കൊടുക്കാൻ പണമില്ലാത്ത ഇടതുഭരണത്തിനെതിരെയും ആഞ്ഞടിച്ചു. മണ്ഡലപര്യടനം ഉദ്ഘാടനം ചെയ്തശേഷം ചേർത്തലയിൽ കെ.സി. വേണുഗോപാലിനൊപ്പം നടത്തിയ റോഡ്ഷോയിലും ഡി.കെ. ശിവകുമാർ ആവേശം നിറച്ചു.

# SEEKING BRIDEGROOM

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4) . Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Knanaya Jacobite parents invite marriage proposals for their daughter (26 Yrs.), born and raised in the US, Master of Physician Assistant Working as a PA in a hospital. Marriage proposal invited from parents of Knanaya catholic / Jacobite, God-fearing boys born or raised & educated in the US or Canada with qualified Medical or other professional degrees & working. Please contact:
**knawedding101@yahoo.com**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, picture/s and or with any online profile, if one available. Contact- **Plavilakandan@gmail.com**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens). Interested parties kindly contact us with details and a recent picture to: **bejeweledsnow@hotmail.com**

*Seeking suitable groom for 25 yrs old daughter (Oct 1998) - Pentacostal background. She is currently doing her masters in social work and working full time as a case worker with a human trafficking organization. She graduated with bachelors degree in health science from Texas A&M. She is born again, spirit filled and has a heart for ministry, very active in church, Sunday school and youth groups. She has been to several mission trips overseas and has a heart to mentor, teach the word and minister to the youth. She organizes and motivates the youth to spend time in prayer and the word. Born in the middle east, raised in US since 5yrs of age. Looking for someone who has similar interests and loves the Lord and the church. We are settled in Dallas. If interested please email information to **annoov17@gmail.com.**

*Malayalee Born-Again girl 24, MIS, USA born, employed with a reputed firm — seeks Born-Again, Malayalee professional, 25-28 yrs, US born or came to US at young age. Contact **863-513-3759** or **johjohns46@yahoo.com**

*We are looking for a god-fearing Protestant Christian groom for our daughter. She is 25, slim, 5'6 and is working as a researcher in a biotech company. We would prefer someone born and raised in the US, at least 5'10 and is working or studying in the US. Please contact **(408) 203-6088** if interested.

*Christian Pentecostal parents inviting proposals for their daughter who is born again, baptized and spirit filled. 29 years (DOB: April 25, 1994). Graduated in Psychology and working as Family counselor. Seeking proposals from suitable boys professionally qualified (born and brought up in USA or Canada is preferred), good family backgrounds and born again, baptized and Spirit filled. Interested parents contact at **alexmat1963@gmail.com.**

*Pentecostal family settled in USA seeks proposal for their daughter, 24 years old, 5'5". Born and raised in the US and graduated with a Bachelor's from a prestigious university in the US and currently works in financial services at a well established professional bank. She is also pursing Masters in Evangelism.

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDE

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Jacobite parents invite marriage proposals for their son 43 years old. Born and raised in Dubai, graduated from Czech medical university, P.G from New York. Innocently divorced. Presently working as a professor in one of the reputed medical schools in New York as professor, U.S. citizen. Interested parties contact. **91-9400026888**.

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com,**
**+44 7776814498, +91 9846130814** with details and pictures.

*USA settled Christian family seeking proposal for their 34 year old son who was born in Sultanate of Oman and moved to US at the age of 6. He is 5'7", born again/ baptized and in fellowship with a Pentecostal Church in Florida. He has Masters degree from Georgia Tech and currently working with Lockheed Martin as a Senior Software Engineer since several years. He had to undergo a Kidney transplant in 2010 (his only sister donated her kidney). He is in very good health, athletic and socially active. We are looking for a born again, educated girl from US or elsewhere. Those who are interested, please text, whatsapp at **863-709-6031** or email to **mathewg1956@gmail.com.**

*Pentecostal parents seek a proposal for their 30-year-old son currently doing business in Kuwait. He was born and raised in Kerala and educated in Bangalore. He has a BBA and Hotel Management degree, is 5'7" tall, and has a fair complexion. Invite proposals from born-again, baptized, Holy Spirit-filled, and educated girls from the USA.
Email: **glorygeorge2255@gmail.com**
Phone: **+91 96058 05845 (India)**
**5867419373 (USA)**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

## SEEKING BRIDEGROOM CONTD.....

Seeking God fearing, born again Christian boys from USA or Canada with a professional background. If interested, please email at **k64abraham@gmail.com** or **630-748-9314.**

*Christian parents settled in USA since 1997 invite proposals for their daughter, 37 years old, 5'3", born again and baptized and in fellowship with a Pentecostal Church.Our daughter has multiple degrees including law degree and working with State government (Florida) for the last seven years. She was raised in the Middle East until 10 years of age and moved to US in 1997. Parents of born again, educated boys from US or Canada with good spiritual background may respond to me directly at
**mathewg1956@gmail.com** or text at **863-709-6031.**

KERALA EXPRESS

# നിര്യാതരായി

## അലക്സ് ജോസ്

**കാഞ്ഞിരപ്പള്ളി:** വയലിൽ അങ്ങാടി മരുന്ന്കട ആൻഡ് സ്പൈസസ് ഉടമ വയലിൽ അലക്സ് ജോസ് (ഈപ്പച്ചൻ-85) അന്തരിച്ചു. ഭാര്യ പുളിങ്കുന്ന് പുത്തൻപറമ്പിൽ പരേതയായ പെണ്ണമ്മ. മക്കൾ: സജി (യുഎസ്), സോണി, ജിൻസി. മരുമക്കൾ: നിസ്സി പുത്തൻപുരയ്ക്കൽ അതിരമ്പുഴ (യുഎസ്), ദീപാ പുളിക്കൽ (തുരുത്തി), ടോണി കണിയാംപറമ്പിൽ (മല്ലികശേരി).

**കോതമംഗലം:** റിട്ട. ഫോറസ്റ്റ് റേഞ്ച് ഓഫീസർ മാതിരപ്പള്ളി അമ്പാട്ടുകുന്നേൽ (ഐക്കര സുഗുണൻ നായർ-77) അന്തരിച്ചു.

## ജോസ് പടനിലം

**മരിയപ്പള്ളി:** യുഎസ് പാർക്ക്ലാൻഡ് കൗണ്ടി ആശുപത്രി ഉദ്യോഗസ്ഥൻ പടനിലത്ത് തോപ്പിൽ ജോസ് പടനിലം (63) ഡാളസിൽ അന്തരിച്ചു. ഭാര്യ കോഴിക്കോട് തോട്ടുമുക്കം കുട്ടിയാനിക്കൽ സൂസമ്മ വർഗീസ് (യുഎസ്). മക്കൾ: ഡോണ പടനിലം (പ്രോജക്ട് മാനേജർ അബോട്ട്), ഡോ. ക്രിസ് പടനിലം (ഫിസിയോ തെറാപ്പി). മരുമകൻ: ജാക്സൺ സഹർചുക്ക്.

## റോസമ്മ ലൂക്കോസ്

**കുമരകം:** തച്ചാറ റോസമ്മ ലൂക്കോസ് (98) അന്തരിച്ചു. കൈപ്പുഴ പതിയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ടി.ജെ. ലൂക്കോസ്. മക്കൾ: ഡോ. സിറിയക് ടി. ലൂക്ക്, വിമല സണ്ണി, ഡോ. ജോസഫ് ടി. ലൂക്ക്, റൊബീന ഫിലിപ്പ് (എല്ലാവരും യുഎസ്). പരേതയായ ഡോളി കുരുവിള, അച്ചാമ്മ ജോസഫ്. മരുമക്കൾ: ഡോ. ലീല ലൂക്ക് കപ്പടകുന്നേൽ, സണ്ണി കോയിൽപറമ്പിൽ, ബെറ്റ്സി ലൂക്ക് പടിഞ്ഞാറേപുരയ്ക്കൽ, ജേക്കബ് ഫിലിപ്പ് ചിറയിൽ (എല്ലാവരും യുഎസ്), പരേതനായ കെ.ഒ. കുരുവിള കുട്ടോത്തറ, പ്രഫ. ജോസഫ് മാത്യു തേലപ്പുറത്ത്.

## മാധവ വാര്യർ

**വാകത്താനം:** തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ കൊട്ടാരക്കര ചിറ്റൂർ മഠത്തിൽ മാധവ വാരിയർ (മണി-83) അന്തരിച്ചു. ഭാര്യ മണികണ്ഠപുരം ജയ്റാം ബിൽഡിങ്സ് (മങ്ങാട് വാരിയം) ആനന്ദവല്ലിയമ്മ. മക്കൾ: മനോജ് (യുഎസ്), മഞ്ജു (തൃശൂർ). മരുമക്കൾ: നീതു, രഘു.

## ട്രീസ സോജൻ

**ഇടപ്പള്ളി:** സ്റ്റാർ എൻക്ലേവ് വില്ല 14-ൽ പാലാ ഊന്നുകല്ലാമറ്റം ട്രീസാ സോജൻ (56) അന്തരിച്ചു. പാലാ എടപ്പാടി ഓലിക്കൽ കുടുംബാംഗമാണ്. ഭർത്താവ് സോജൻ അഗസ്റ്റിൻ. മകൾ: റോസ (യുഎസ്).

**കുറുപ്പന്തറ:** പുല്ലൻകുന്നേൽ മാത്യു മത്തായി (മത്തായിക്കുഞ്ഞ്-92) അന്തരിച്ചു.

## കെ.ജി. വാസുദേവൻ നായർ

**പൊൻകുന്നം:** റിട്ട.ജില്ലാ രജിസ്ട്രാർ ജയനിലയത്തിൽ കെ.ജി. വാസുദേവൻ നായർ (94) അന്തരിച്ചു. ഭാര്യ ചങ്ങനാശേരി കൊണ്ടൂർ കെ. സുലോചന. മക്കൾ: ഡോ. ജയശ്രീ, ഡോ. ജയമോഹൻ (ഇരുവരും യുഎസ്), ജയസ്മിത. മരുമകൾ: ഡോ. കൃഷ്ണലത (യുഎസ്).

## എം.വി. ഏബ്രഹാം



**ചിക്കാഗോ:** ഇന്റർനാഷണൽ ക്രിസ്ത്യൻ അസംബ്ലീസ് ഓഫ് ഗോഡ് സഭാംഗം എം.വി. ഏബ്രഹാം (അനിയൻകുഞ്ഞ് -73) അന്തരിച്ചു. കടമ്മനിട്ട മുളന്തറ കുടുംബാംഗമാണ്. ഭാര്യ ആൻ ഏബ്രഹാം (മോളി). മക്കൾ: സ്റ്റാൻലി ഏബ്രഹാം, കാതറിൻ ബാബു, മൈക്കിൾ സാജൻ ഏബ്രഹാം. മരുമക്കൾ: സ്മിജ ഏബ്രഹാം, അലക്സ് ബാബു. സഹോദരങ്ങൾ: എം.വി. ജോർജ്, സാമുവൽ മുളന്തറ, ജോൺ മുളന്തറ, മറിയാമ്മ സാമുവൽ.

**കോട്ടയം:** മറിയപ്പള്ളി തടത്തിൽ പരേതനായ വി.എം. മത്തായിയുടെ ഭാര്യ സാറാമ്മ മത്തായി (പെണ്ണമ്മ-86) അന്തരിച്ചു.

**കിളിയന്തറ:** വിശുദ്ധ കുർബാനയുടെ ആരാധനാ സന്യാസിനി സമൂഹത്തിന്റെ തലശ്ശേരി സെ. ജോസഫ്സ് അഡോറേഷൻ പ്രൊവിൻസ് അംഗമായ സിസ്റ്റർ ആന്റണിയ കാഞ്ഞിരത്തുങ്കൽ (88) അന്തരിച്ചു.

**ആലുവ:** കോട്ടയം മാങ്ങാനം ചേരിക്കൽപാടം പരേതനായ ജോർജ് ജേക്കബിന്റെ ഭാര്യ കോട്ടയം താഴത്തങ്ങാടി കൊച്ചേട്ട് ആലീസ് ജേക്കബ് (78) അന്തരിച്ചു.

## അന്നമ്മ ഇട്ടി

**മേപ്രാൽ:** കോഴിമണ്ണിൽ അന്നമ്മ ഇട്ടി (74) അന്തരിച്ചു. ഭർത്താവ് വെണ്ണിക്കുളം കൂടത്തുംമുറിയിൽ ഡോ. കെ.കെ. ഇട്ടി (റിട്ട. ജോ. ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്). മക്കൾ: സൂസൻ കുര്യൻ (യുഎസ്), കെ.ഐ. കോശി. മരുമക്കൾ: കോട്ടയം ചക്കുപുരയ്ക്കൽ കുര്യൻ സി. ഉതുപ്പ്, തേവലക്കര പെരുമാട്ടുമഠത്തിൽ പ്രീതി സൂസൻ.

**വെള്ളൂർ:** മാമ്പറയിലായ പായിപ്രയിൽ സഹറിയ കുര്യൻ (80) അന്തരിച്ചു.

## മറിയാമ്മ ചാക്കോ

**മാന്നാർ:** പാവുക്കര പുതുക്കേരിൽ മറിയാമ്മ ചാക്കോ (95) അന്തരിച്ചു. ഭർത്താവ് പരേതനായ യോഹന്നാൻ ചാക്കോ. മക്കൾ: ഗീവർഗീസ് നൈനാൻ (കുവൈറ്റ്), പി.സി. വർഗീസ്, ഡെയ്സി തോമസ്, പരേതരായ കുഞ്ഞുമോൻ, അച്ചൻകുഞ്ഞ്, തമ്പി, ചാക്കോ. മരുമക്കൾ: അന്നമ്മ സഖറിയ (യുഎസ്), ഷേർളി ജോസഫ്, അന്നമ്മ മർക്കോസ് (കുവൈറ്റ്), ലിൻഡ വർഗീസ്, തോമസ് ഏബ്രഹാം, പരേതയായ മണിയമ്മ യോഹന്നാൻ.

## ജോസഫ് ചെറിയാൻ

**വൈക്കം:** എസ്ബിഐ റിട്ട. ഉദ്യോഗസ്ഥൻ കവരപ്പാടി നട ചിറേപറമ്പിൽ പുത്തൻവീട് ജോസഫ് ചെറിയാൻ (88) അന്തരിച്ചു. ഭാര്യ പരേതയായ കെ.ജെ. മേരിക്കുട്ടി (റിട്ട. പ്രധാനാദ്ധ്യാപിക). മക്കൾ: ബോബി ജോസഫ് (യുഎസ്), ബിജു ജോസഫ് (ഇൻഫോസിസ്), ബോറിസ്ജോസഫ് (ഷാർജ), ബെർലി ജോസഫ് (അയർലൻഡ്). മരുമക്കൾ: ലെനു ബോബി ചുഴുകുന്നേൽ (കിടങ്ങന്നൂർ), റോസ്മേരി ബിജു പീച്ചാട്ടുകുടി (കോതമംഗലം), ഷാരൻ ബോറിസ് കാവുങ്കൽ (ചങ്ങനാശേരി), നീന ബെർലി തയ്യിൽ (മാഞ്ഞൂർ).

## വത്സമ്മ ജോർജ്

**മൂവാറ്റുപുഴ:** മേക്കടമ്പ് ഞാറയ്ക്കാമാരിയിൽ വത്സമ്മ ജോർജ് (64) അന്തരിച്ചു. കോഴിക്കോട് തെക്കുംതലയ്ക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ജോർജ് (ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് മുൻ ഉദ്യോഗസ്ഥൻ). മക്കൾ: ശരത് (യുഎസ്), ശീതൾ. മരുമക്കൾ: ക്ലിന്റ് (യുഎസ്), ഗാവിൻ മത്തായിൽ (പനങ്ങാട്).

## ഡെയ്സി മാത്യു

**വാകത്താനം:** ബുക്കാന ടിടിഐ റിട്ട. അദ്ധ്യാപിക ഇടത്തറ മൂലയിൽ മേട്ടിൻപുറത്ത് ഡെയ്സി മാത്യു (81) അന്തരിച്ചു. പള്ളം മുക്കത്ത് കമ്പിയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എം.വി. മാത്യു (മുൻ ജില്ലാ കൗൺസിൽ അംഗം). മക്കൾ: നിഷ മാത്യു (യുഎസ്), വർഷ മാത്യു (ദുബായ്), റോൻ മാത്യു (അജ്മാൻ). മരുമക്കൾ: രൂബൻ സുഭാഷ് മറ്റപ്പള്ളിൽ (ചീക്കനാൽ), അനു സാമുവൽ എണ്ണശേരിൽ (ചിറ്റാർ), സബിത ജെയിംസ് മുല്ലുരാകം (തീക്കോയി).

## പി.എച്ച്. ആലീസ്

**മാഞ്ഞൂർ:** മംഗ്ലാംകുന്നേൽ പി.എച്ച്. ആലീസ് (72) അന്തരിച്ചു. കൈപ്പുഴ മംഗ്ലാംകുന്നേൽ കുടുംബാംഗമാണ്. ഭർത്താവ് പി.എച്ച്. ജോസ്. മക്കൾ: ഷീബ (യുഎസ്), ഷെബി (ദുബായ്). മരുമകൻ: ഫർഹത് (യുഎസ്).

**തോവാള:** കിഴക്കേൽ മേരി സ്കറിയ (88) അന്തരിച്ചു.

## ബ്രദർ കാന്തിനാഥ് അമ്പാട്ടുകുഴിയിൽ

**ഭരണങ്ങാനം:** കപ്പൂച്ചിൻ സഭയുടെ കോട്ടയം സെ. ജോസഫ്സ് പ്രോവിൻസ് ഭരണങ്ങാനം അസീസി കപ്പൂച്ചിൻ ആശ്രമാംഗം ബ്രദർ കാന്തിനാഥ് അമ്പാട്ടുകുഴിയിൽ (79) അന്തരിച്ചു. ചേർപ്പുങ്കൽ അമ്പാട്ടുകുഴിയിൽ പരേതനായ ജോസഫിന്റെ മകനാണ്. സഹോദരങ്ങൾ: ത്രേസ്യാമ്മ സ്കറിയ, ചിന്നമ്മ മാത്യു, ഫാ. തോമസ് അമ്പാട്ടുകുഴിയിൽ കപ്പൂച്ചൻ (അബുദാബി), ജെയിംസ് ജോസഫ്, സിസ്റ്റർ വന്ദന (ഡോട്ടേഴ്സ് ഓഫ് സെ. പോൾ), സിസിലി അഗസ്റ്റിൻ, പരേതയായ സിസ്റ്റർ തിയോഫിൻ, മറിയക്കുട്ടി, ഫാ. അഗസ്റ്റിൻ (സൊസൈറ്റി ഓഫ് സെ. പോൾ), ജോസഫ് അമ്പാട്ടുകുഴിയിൽ, ഇമ്മാനുവൽ ജോസഫ്, സെബാസ്റ്റ്യൻ ജോസഫ് (യുഎസ്).

## അന്നമ്മ വർഗീസ്



**കോട്ടയം:** കൊട്ടാരക്കര താഴേതിൽ പരേതനായ കെ.പി. വർഗീസിന്റെ ഭാര്യയും ഐപിസി കോട്ടയം മുൻ ഡിസ്ട്രിക്ട് പ്രസിഡണ്ട് പരേതനായ പാസ്റ്റർ ടി.പി. വർഗീസിന്റെ മകളുമായ അരീപറമ്പ് കാലായിൽ അന്നമ്മ വർഗീസ് (75) അന്തരിച്ചു. മക്കൾ: ജെയിംസ് വർഗീസ് (ഹൂസ്റ്റൺ), ജോയ്സ് (ദുബായ്), പ്രയ്സ് (ഓസ്ട്രേലിയ). മരുമക്കൾ: അക്സ, റെനി, സിബി. സഹോദരങ്ങൾ: കുഞ്ഞൂഞ്ഞമ്മ കുര്യൻ, തങ്കമ്മ ബെന്നി, മറിയാമ്മ ജോഹന്നാൻ, മുൻ പിവൈപിഎ ജന. സെക്രട്ടറി സാം പീറ്റർ (ഒറിഗൺ).

**വൈക്കം:** ശ്രീനാരായണ വിദ്യാപീഠം ഹൈസ്കൂൾ മുൻ നൃത്താദ്ധ്യാപിക തെക്കേനട കണ്ണൻകുളങ്ങര മഠത്തിൽ (ചെട്ടിപ്പറമ്പിൽ ലെയ്ൻ 16-ൽ) ലത ഹരികുമാർ (58) അന്തരിച്ചു.

## സാറാമ്മ ജോസഫ്

**ചങ്ങനാശേരി:** കുരിശുംമൂട് ശാന്തിനഗർ തെക്കേക്കര സാറാമ്മ ജോസഫ് (അച്ചാമ്മ-84) അന്തരിച്ചു. മണിമല മണിമലപ്പറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് ടി.വി. ജോസഫ്. മക്കൾ: ഷേർലി, ലൗലി, ഷീന (മൂവരും ഡൽഹി), ഷിബു (യുഎസ്),മരുമക്കൾ: റോയ് ആനലോലിക്കൽ രാമപുരം, ബേബിച്ചൻ കിഴക്കൻചേരി ആയവന, ജോൺസി ചേന്നോത്ത് നെടുംകുന്നം, മിനി കിഴക്കേചിറക്കൽ ഉടുമ്പന്നൂർ.

## ടി.ഐ. ഇമ്മാനുവൽ

**കൈനകരി:** കാളാശേരി ടി.ഐ. ഇമ്മാനുവൽ (95) അന്തരിച്ചു. ഭാര്യ തൃക്കൊടിത്താനം പഴയചിറ തെക്കെത്ത് പരേതയായ മേരിക്കുട്ടി. മക്കൾ: അന്നമ്മ (റിട്ട. പ്രഫ.), ബേബിച്ചൻ, അമ്മു, ജോച്ചൻ, ടോമി, റീനി (യുഎസ്), ജീന, റാണി (കുവൈറ്റ്). മരുമക്കൾ: റോയി മണ്ണംപ്ലാക്കൽ, ലിസമ്മ കല്ലംപറമ്പിൽ, ജോസ് മൈലാടിയിൽ, റോസമ്മ പുത്തൻപുരയിൽ, ആൻസി കൊടിയൻ, വിൻസന്റ് തൈലായിൽ ബാങ്കർ (യുഎസ്), സെബി അക്കരകടുപ്പിൽ, ബാബു പുതിയകുന്നേൽ (കുവൈറ്റ്).

## പി.എം. തോമസ്

**നെല്ലിമല:** ചെള്ളേത്ത് പള്ളത്ത് പി.എം. തോമസ് (82) യുഎസിൽ അന്തരിച്ചു. ഭാര്യ റാന്നി കട്ടിത്താനി അന്നമ്മ തോമസ്. മക്കൾ: റെനി, റോണി, രാജ്. മരുമക്കൾ: ആശ, മിനി, സൂസൻ.

## കെ.ജെ. ജോസഫ്

**മൂന്നിലവ്:** കുരിശുങ്കൽപറമ്പിൽ കെ.ജെ. ജോസഫ് (പാപ്പച്ചൻ-74) അന്തരിച്ചു. ഭാര്യ മൂന്നിലവ് അമ്യാനിക്കൽ ലില്ലിക്കുട്ടി. മക്കൾ: ബിനോയി (യുഎസ്), ഷൈൻ, ടോസ്ബിൻ (കാനഡ). മരുമക്കൾ: ആഷ ബിനോയ് ആർക്കാട്ട് (ഭരണങ്ങാനം), ബിൻസി ഷൈൻ പുരയിടത്തിൽ (അളനാട്), ധന്യ ടോസ്ബിൻ കാഞ്ഞിരത്തുമൂട്ടിൽ (ചങ്ങനാശേരി).

## സാറാമ്മ ഫേബ തോമസ്

**കലഞ്ഞൂർ:** കഞ്ചോട് കോയിപ്പുറത്ത് ഗിൽഗാൽ കോട്ടേജിൽ സാറാമ്മ ഫേബ തോമസ് (മോളി-71) അന്തരിച്ചു. കങ്ങഴ പാണ്ടിയാംകുഴിയിൽ കുടുംബശാഖയായ ചണ്ണപ്പേട്ട പാണ്ടിയാംകുഴിയിൽ കുടുംബാംഗമാണ്. ഭർത്താവ് റവ. തോമസ് കെ. ഐപ്പ്. മക്കൾ: ഷൈൻ (ഡാളസ്), പാസ്റ്റർ ഷൈലു (സിഡ്നി), ഷാൻസൺ (ഡാളസ്). മരുമക്കൾ: ഫീബി (ഡാളസ്),സ്മിത (സിഡ്നി), ഫേബ (ഡാളസ്).

## പി.വി. വർഗീസ്

**വാഴക്കുളം:** എൽഐസി റിട്ട. ഓഫീസർ വാഴക്കുളം പുന്നയ്ക്കപ്പടവിൽ പി.വി. വർഗീസ് (88) അന്തരിച്ചു.ഭാര്യ വാഴക്കുളം എടാട്ടേൽ പരേതയായ ഇ.ടി. കൊച്ചുത്രേസ്യ. മക്കൾ: ജീന (യുഎസ്), റീന (അഡീ. സെക്രട്ടറി), മനോജ് (യുഎസ്), ഡോ. ഹെയ്ജിൻ. മരുമക്കൾ: സണ്ണി ജോർജ് കൊട്ടുകാപ്പിള്ളി ഇരിട്ടി(യുഎസ്), ബിജോയി വർഗീസ് കുന്നേപ്പറമ്പിൽ കാഞ്ഞിരപ്പള്ളി, ടെസി സഖറിയ വലിയവീട്ടിൽ കിടങ്ങൂർ (യുഎസ്), ഡോ. സ്മിത ലൂക്കോസ് മണിയങ്ങാട്ട് മുത്തോലി.

**തിരുവല്ല:** മനയ്ക്കച്ചിറ തകടിയിൽ ചൂരക്കുഴിയിൽ മേരിക്കുട്ടി തോമസ് (64) അന്തരിച്ചു.

## ഡോ. കെ.പി. ജേക്കബ്

**തിരുവനന്തപുരം:** കുടപ്പനക്കുന്ന് ദർശൻ നഗർ (504) കണ്ണമ്പള്ളിൽ മൃഗസംരക്ഷണ വകുപ്പ് റിട്ട. ജോ. ഡയറക്ടർ ഡോ. കെ.പി. ജേക്കബ് (79) അന്തരിച്ചു. ഭാര്യ മാരാമൺ പാറയ്ക്കാമണ്ണിൽ അന്നമ്മ ഏബ്രഹാം (റിട്ട. പ്രഫ. യൂണിവേഴ്സിറ്റി കോളജ്). മക്കൾ: തോമസ് കെ. ജേക്കബ് (യുഎസ്),ഏബ്രഹാം കെ. ജേക്കബ്, അനുജ മേരി ജേക്കബ് (മസ്കറ്റ്). മരുമക്കൾ: ബിനു (യുഎസ്), ജോയ്സ്, ജേക്കബ് (മസ്കറ്റ്).

## അന്നമ്മ കോര

**വാഴൂർ:** പകലോമറ്റം കാട്ടുത്തയ്യിലായ കവുന്നിലത്തിൽ അന്നമ്മ കോര (തങ്കമ്മ-86) അന്തരിച്ചു. ഇത്തിത്താനം കൈതയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കെ.ജെ. കോര (റിട്ട. അദ്ധ്യാപകൻ). മക്കൾ: ജോർജ് ജോസി (ജോസി മെഡിക്കൽസ് കൊടുങ്ങൂർ), ജോർജ് മാത്യു (യുഎസ്). മരുമക്കൾ: ജെമി ചുണ്ടമണ്ണിൽ (ആറാട്ടുപുഴ), ഷേർളി വാലയിൽ (കുമരകം).

## ചിന്നമ്മ ഫിലിപ്പ്

**കൊങ്ങാണ്ടൂർ:** വാതപ്പള്ളിയിൽ ചിന്നമ്മ ഫിലിപ്പ് (88) അന്തരിച്ചു. അതിരമ്പുഴ കിടങ്ങയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ഫിലിപ്പ്. മക്കൾ: സോഫിയാമ്മ, ജോർജ്, സണ്ണി, ബേബി (യുഎസ്), ജെസി, പരേതയായ മേഴ്സി, സജി (യുകെ), ജോളി (ഇറ്റലി), ലൗലി. മരുമക്കൾ: പരേതനായ തോമസ് വാലുകളം (കാണക്കാരി), മോളി പാലക്കുളം (അയർക്കുന്നം), റോസമ്മ ഗ്രീൻവില്ല തകഴി (യുഎസ്), തോമസ് കളരിക്കൽ മാൻവെട്ടം, ജാൻസി ഓടാനിയേൽ കടപ്ലാമറ്റം (യുകെ), അൾഡോ തറയിൽ പുന്നത്തുറ (ഇറ്റലി), രഞ്ജിത് വൃന്ദാവൻ പട്ടിത്താനം (കുവൈറ്റ്).

## കെ.വി. അന്നക്കുട്ടി

**പുല്ലാട്:** താനത്തോടത്തിൽ ഹയർ സെക്കൻഡറി റിട്ട. പ്രിൻസിപ്പാൾ കെ.വി. അന്നക്കുട്ടി (87) അന്തരിച്ചു. തിരുവല്ല കാവുംഭാഗം കളത്തൂർ കുടുംബാംഗം. ഭർത്താവ് പരേതനായ റിട്ട. അദ്ധ്യാപകൻ ടി.ഇ. ജോർജ്. മക്കൾ: ഈശോ ടി. ജോർജ് (യുഎസ്), ഡോ. ജിജി മാത്യു (ഔറംഗബാദ്), സൂസൻ ജോർജ് (ബെംഗ്ളൂർ). മരുമക്കൾ: ജിനു (യുഎസ്), ബെസി (ഔറംഗബാദ്), സുദിൻ (ബെംഗ്ളൂരു).

## രവീന്ദ്രൻ മാരാർ

**ഇരിങ്ങാലക്കുട:** വഡോദരയിലെ ക്രെമാക്ക് ഡിസൈൻസിന്റെ പാർട്ണർ ആയിരുന്ന തൃശൂർ കുഞ്ഞിക്കാമത്ത് രവീന്ദ്രൻ മാരാർ (79) അന്തരിച്ചു. ഭാര്യ ഇരിങ്ങാലക്കുട പടിഞ്ഞാറെനട ആയപ്പള്ളിൽ സുരേഖ. മകൾ: സുനീതി, മരുമകൻ: വിവേക് നായർ (ഇരുവരും യുഎസ്).

## CAREGIVERS (FEMALE) NEEDED IN THE DC AREA

We are looking for a live-in person for an 87-year-old Mom (dementia patient). Willing to cook light meals and taking care of her of daily needs.

**Call 301 651 6049 or**

**Thomasjacob1955@gmail.com**

## CAREGIVER WANTED IN HOUSTON

Looking for a Caregiver for an adult male who lives with his wife in Houston. The couple are independent and only minimal help would be needed. We are open to both a live in or live out option.

**Please contact us at**

**713-885-6016**

## RENTAL VACATION PROPERTY IN SIESTA BEACH FLORIDA

4 bedroom, 3 full bath waterfront with mango and coconut etc. trees. Walking distance to number one beach in America siesta beach.

**Contact phone number:**

**847-508-5405**

## NANNY WANTED IN NEW JERSEY

Young couple residing at New Jersey looking for a Nanny (live-in or come and go Monday through Friday) to help take care of their 3 kids two of them are going to Daycare School and mother is also at home.

**Interested parties please contact**

**Marina @ 845-270-4426**

**Baby @. 845-270-4310**

## CAREGIVER WANTED IN NORTH CAROLINA

Live-in help needed to give company for a 80 year old healthy male with early signs of dementia living in Raleigh, North Carolina. Tasks include cooking Kerala style meals and administering medications (oral only) on time. Spacious room with private bathroom provided. Attractive compensation.

**Call or text Finny @ 919-446-4640**

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീകദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, Atlanta*

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീകദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.


ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.


*Inserted by: Firm Believer, Atlanta*

### *Favors Received*



*Inserted by: Firm Believer, Chicago*

### *Favors Received*



*Inserted by: Firm Believer, Chicago*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by:* **JOSEPH, ELMHURST**

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by:* **JOSEPH, ELMHURST**

**Visit Our Website: www.keralaexpress.com for Classified Advt.**

# കാണാത്ത തീരങ്ങൾ

ജോയ്സി

## കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലാണ്. എറണാകുളം മനയ്ക്കക്കടവ് ഹരിതം കോളനിയിൽ അങ്കിളിന്റെ ഗൃഹപ്രവേശനച്ചടങ്ങിൽവെച്ചാണ് സന്ദീപ് അല്ലിമയെ കണ്ടുമുട്ടിയത്. വിവാഹത്തിന് സന്ദീപിന്റെ അച്ഛൻ ജാതകത്തിനു നിർബന്ധം പിടിച്ചപ്പോൾ അല്ലിമ ദത്തുപുത്രിയാണെന്ന് അവളുടെ അച്ഛനു തുറന്നു പറയേണ്ടിവന്നു. അല്ലിമയുടെ മാതാപിതാക്കളെ കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. അവിടെ അഞ്ജനയുടെ ഭർത്താവ് ഹേമചന്ദ്രൻ ഡിവൈഎസ്പിയാണ്. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, വീട്ടുകാരെ ഭയന്ന് ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. ഒരു ദിവസം ചന്ദ്രബാബുവിനെ കാണാതായി. ഹോസ്പിറ്റലിൽനിന്ന് അവർക്കു വിവരങ്ങൾ നൽകിയ നേഴ്സ് സോഫിയായ്ക്കു ജോലി നഷ്ടപ്പെട്ടു. കിഷോർ ആലുവായിൽ അവൾക്കു ജോലി ശരിയാക്കി. സന്ദീപും സംഘവും അന്വേഷണം തുടർന്നു. ഇടുക്കിയിലെ പെരിയാർവാലിയിൽ സന്ദീപും സംഘവും അല്ലിമയുടെ മുത്തച്ഛനെയും മുത്തശ്ശിയെയും കണ്ടെത്തി. മാളവികയുടെ ആഭരണങ്ങളും വസ്ത്രങ്ങളുമടങ്ങുന്ന പെട്ടി ശേഖരൻകുട്ടി അല്ലിമയ്ക്കു സമ്മാനിച്ചു. കിഷോറും സോഫിയായും തമ്മിലുള്ള പ്രേമബന്ധം ദൃഢമായി. ചന്ദ്രബാബുവിന്റെ സഹോദരൻ അനിബാബു അല്ലിമയെ കാണാനെത്തി. അയാളെക്കൊണ്ട് സന്ദീപ് പീരുമേട്, പെരുവന്താനം പോലീസ് സ്റ്റേഷനുകളിൽ പരാതി കൊടുപ്പിച്ചു. ഹേമചന്ദ്രൻ നൽകിയ പരാതിപ്രകാരം അനിബാബുവിനെയും മാതാപിതാക്കളെയും കസ്റ്റഡിയിലെടുത്തത് പോലീസിനു പൊല്ലാപ്പാകുന്നു. അച്ഛന്റെ നിർദേശപ്രകാരം സന്ദീപ് വീട്ടിലെത്തുന്നു. സന്ദീപിന്റെ പത്ര റിപ്പോർട്ട് മാങ്ങോട്ടുശേരി തറവാട്ടിലും കല്ലാറ്റുപടിക്കലും കോളിളക്കമുണ്ടാക്കി. കാരണവന്മാരുടെ കുറ്റപ്പെടുത്തലുകൾ സന്ദീപിനെ തളർത്തിയില്ല. ഓരോരോ ചോദ്യങ്ങൾക്കും അവൻ ധീരമായി മറുപടി നൽകുന്നു....**

## 91

സന്ദീപിന്റെ മനസ്സിൽ ഒരു വടംവലി നടക്കുന്നുണ്ടായിരുന്നു. വഴങ്ങണോ വേണ്ടയോ?

അച്ഛന്റെ കാരണവൻമാരും ബന്ധുക്കളും പ്രതിസ്ഥാനത്തു വരാൻ സാധ്യതയുള്ള കേസാണ്. ഒരുപക്ഷേ, ആ കേസ് തെളിയിക്കാനോ പ്രതികളെ നിയമത്തിന്റെ കീഴിൽ കൊണ്ടുവന്നു ശിക്ഷിക്കാനോ കഴിഞ്ഞെന്നു വരില്ല. കാലഹരണപ്പെട്ടുപോയ പല കേസുകളുടെയും സ്ഥിതി ഏറക്കുറെ ഇങ്ങനെതന്നെയായിരുന്നു. പ്രതിപ്പട്ടികയിൽ പേരു ചേർക്കപ്പെടുന്നവർക്ക് കുറച്ചധികം മാനക്കേടും മനോസംഘർഷവും ഉണ്ടാക്കാമെന്നല്ലാതെ ഇത്തരം കേസുകൾ മിക്കതും വേണ്ടത്ര തെളിവുകളുടെ അഭാവത്തിൽ ശിക്ഷിക്കപ്പെടാതെ പോകുന്ന സംഭവങ്ങൾ പലതുണ്ട്.

ഇവിടെ ഒരൊത്തുതീർപ്പിലെത്തിയാൽ കിട്ടാവുന്ന മെച്ചം മാളവിക എവിടെയുണ്ടെന്ന് അറിയാൻ കഴിയുമെന്നതു മാത്രമാണ്. കാണാനും സാധിച്ചേക്കും. അതിനപ്പുറത്ത് വേറെ സ്വാതന്ത്ര്യമൊന്നും കിട്ടിയേക്കില്ല താനും. എന്നിരുന്നാലും ബന്ധുജനങ്ങളുമായുള്ള കലാപവും പകയും ഒഴിവാക്കാം. അതുമാത്രമല്ല, ചന്ദ്രബാബുവിന്റെ ജീവനെടുത്തതിനു കിട്ടാവുന്ന നഷ്ടപരിഹാരം ആ കുടുംബത്തിനു വാങ്ങിക്കൊടുക്കാനും പറ്റും. അതല്ല, മറിച്ച് കേസുമായിട്ട് മുന്നോട്ടു പോയാൽ സ്പർധയും വൈരാഗ്യവും നിലനിൽക്കും. ബന്ധങ്ങൾ വിച്ഛേദിക്കപ്പെടും. നഷ്ടപരിഹാരമൊന്നും കിട്ടാനും പോകുന്നില്ല.

"പത്തുലക്ഷം രൂപ കൊടുത്തേക്കാം." സന്ദീപിന്റെ ചിന്ത വായിച്ചിട്ടെന്നപോലെ ബാലകൃഷ്ണമേനോൻ പറഞ്ഞു.

"പത്തുലക്ഷം രൂപയോ?" സന്ദീപിന്റെ പുരികം ചുളിഞ്ഞു.

"ഒരു മനുഷ്യജീവന്റെ വില."

"ഇരുപത്തഞ്ചു കൊടുത്തേക്കാം. മതിയോ?" ബാലകൃഷ്ണമേനോൻ ലേലത്തുക ഉയർത്തി.

കോണിപ്പടിയിൽ ആരുടെയോ കാലൊച്ചകേട്ട് സന്ദീപ് മുഖം തിരിച്ചു നോക്കി. ഹരീന്ദ്രന്റെ തല കോണിപ്പടിക്കു മീതെ കണ്ടു. പിന്നെ അയാളുടെ കഴുത്തും ഉടലും പ്രത്യക്ഷപ്പെട്ടു. കയറി വരികയാണ്.

"ഹരിയങ്കിൾ ഇതെവിടുന്നു വരുന്നു?" സന്ദീപ് ആശ്ചര്യപ്പെട്ടു.

"ഞാൻ കാറിലിരുപ്പുണ്ടാരുന്നു." ഹരീന്ദ്രൻ പറഞ്ഞു: "ചായ കുടിച്ചിട്ട് ഒന്നു മയങ്ങി. അല്ലെങ്കിലും കാരണവൻമാർ സംസാരിക്കുന്നിടത്ത് എനിക്കെന്താ കാര്യം."

ഹരീന്ദ്രൻ പോയി ജയദേവൻ ഇരിക്കുന്ന സോഫയിലേക്ക് ഇരുന്നു.

"എവിടെത്തി? തിരിച്ചു പോകണ്ടേ. നേരമിരുട്ടി." ഹരീന്ദ്രൻ കോട്ടുവായിട്ട് ഓരോരുത്തരെയും മാറിമാറി നോക്കി.

"ജയദേവാ... നീയാദ്യം മറുപടി പറ. എന്റെ അനന്തരവനല്ലേ നീ, നീ ഞങ്ങളോട് അനുകൂലമല്ലെങ്കി നിന്റെ മകനെങ്ങനെ ഞങ്ങളെ സഹായിക്കാൻ മനസ്സുവരും?"

ബാലകൃഷ്ണമേനോൻ ചോദിച്ചു.

"അവൻ തീരുമാനിക്കട്ടെ. ഞാനൊരു ജഡ്ജിയാ. എനിക്കു നിഷ്പക്ഷമായി നിൽക്കാനേ പറ്റു."

"ജഡ്ജിയൊക്കെ അങ്ങ് കോടതീലല്ലേ. ഇവിടെ നീ ഞങ്ങളെപ്പോലൊരു മനുഷ്യനാ. കുടുംബനാഥനാ. എന്റെ അനന്തരവനാ. ഈയിരിക്കുന്നവന്റെ അച്ഛനാ. ഇവിടെ നീ ജഡ്ജിയാണോ? നീ കള്ളം പറയാറില്ലേ. നീ ഭാര്യയെ കുറ്റം പറഞ്ഞ് മാനസികമായി പീഢിപ്പിക്കാറില്ലേ. നീ ട്രാഫിക് നിയമം തെറ്റിക്കാറില്ലേ. നീ സ്വകാര്യാവശ്യത്തിന് ഔദ്യോഗിക വാഹനം ഓടിച്ചിട്ടില്ലേ. യാതൊരു നികുതി വെട്ടിപ്പും നീ നടത്തീട്ടില്ലേ?"

ബാലകൃഷ്ണമേനോൻ എണ്ണിയെണ്ണി ചോദിച്ചു. മറുപടി അർഹിക്കാത്ത ചോദ്യങ്ങൾ എന്ന നിലയിൽ ജയദേവൻ ചുണ്ടുകോട്ടി മന്ദഹസിച്ചു.

"നീ ഉത്തരം പറയാൻ വേണ്ടിയല്ല ചോദിച്ചെ. നമ്മുടെ നാട്ടിൽ ഇതൊന്നും ചെയ്യാത്തവരില്ല. നിനക്കു നീതിപാലകനാകാൻ പറ്റുന്നത് ആ ചേംബറിൽ ചെന്നിരിക്കുമ്പഴാ. അല്ലാത്തപ്പോ നീ വെറും മനുഷ്യനാ. നീയാണ് നിന്റെ മകനോടു പറയേണ്ടത് – തറവാട്ടിൽ കേറി വല്യകളിയൊന്നും കളിക്കേണ്ടെന്ന്. അവനവന്റെ കുടുംബമാണെന്ന ഓർമ വേണം. നീയും നിന്റെ മകനും കൂടി നോക്കിയാ സകല അനീതികളും തൊടച്ചുമാറ്റാൻ പറ്റ്വോ? നിങ്ങളു രണ്ടു പേരുംകൂടി നന്നാക്കിയാ ലോകം നന്നാകുവോ?"

"എന്റെ മകന്റെ മുന്നിൽ ഒരഭ്യർഥന വെച്ചിട്ട് അവനത് അംഗീകരിച്ചില്ലെങ്കി എനിക്കത് അഭിമാനക്ഷതമാ..." ജയദേവൻ പറഞ്ഞു.

"നീ അഭ്യർഥിക്കാനൊന്നും പോകണ്ട. കർശനമായിട്ട് പറഞ്ഞാമതി – നിർത്തടാ ഇവിടെ എന്ന്. ഇനി ഒരിഞ്ചു മുന്നോട്ടു വെക്കരുതെന്ന്."

"ആ കാലോം ആ പ്രായോം ഒക്കെ പോയി ബാലമ്മാമേ." ജയദേവൻ പറഞ്ഞു.

"എന്താ സന്ദീപേ, നിനക്കു നിന്റച്ഛൻ ഒരു കാര്യം ആവശ്യപ്പെട്ടാ അനുസരിക്കാൻ പറ്റില്ലേ?"

"ന്യായമാണെങ്കി അനുസരിക്കും. അന്യായമാണെങ്കി പറ്റില്ല."

"നിനക്കു ബുദ്ധിയൊണ്ടല്ലോ. നീയൊന്നു ചിന്തിച്ചു നോക്ക്. നീ ആരെയൊക്കെയാ ശത്രുക്കളാക്കുന്നെ. നിനക്ക് ഞങ്ങളോട് ജയിക്കാൻ പറ്റ്വോ? നിന്റെ പത്തിരട്ടി ആൾബലം ഞങ്ങൾക്കൊണ്ട്. സാമ്പത്തികം നോക്കിയാ നീ വെറും കച്ചിത്തുരുമ്പാ ഞങ്ങടെ മുൻപില്... തോൽക്കുമെന്നു പേടിച്ചിട്ടോ ജയിക്കാനറിയാഞ്ഞിട്ടോ അല്ല നിന്റെ മുൻപിൽ വന്ന് സഹായം ചോദിക്കുന്നെ... മാനക്കേടോർത്തിട്ടു മാത്രമാ... കുടുംബക്കാരെയാ നീ വെല്ലുവിളിക്കുന്നതെന്ന ഓർമ വേണം."

"ബാലമ്മാമേ... എനിക്ക് ആൾബലമൊന്നും ഇല്ല. ഞാനാരേം വെല്ലുവിളിക്കുന്നുമില്ല. പണ്ട് കുരുക്ഷേത്ര യുദ്ധം നടന്നത് ബന്ധുക്കൾ തമ്മിലാരുന്നു. ആൾബലം കൗരവർക്കായിരുന്നിട്ടും ശ്രീകൃഷ്ണൻ നിന്നത് പാണ്ഡവരുടെ കൂടെയാ. ഒടുവിൽ സത്യമേ ജയിക്കൂ എന്ന് കൃഷ്ണനറിയാരുന്നു – എങ്ങനെ ജയിപ്പിക്കണമെന്നും..."

ആദ്യം അൽപം ചാഞ്ചല്യമുണ്ടായെങ്കിലും ഒടുവിൽ സന്ദീപ് തന്റെ നിലപാടിലേക്കു തിരിച്ചു വന്നു.

"അപ്പോ നിനക്ക് മാളുവിന്റെ വിവരം അറിയുകയല്ല വേണ്ടത്. ചന്ദ്രബാബുവിന്റെ കുടുംബക്കാരെ രക്ഷപ്പെടുത്താനും നിനക്കു ദ്ദേശ്യമില്ല. ഞങ്ങളെ ദ്രോഹിക്കണം. ആ ഒരൊറ്റ ചിന്ത മാത്രം..."

"എനിക്ക് നിങ്ങളെ ആരേം വിശ്വാസമില്ല ബാലമ്മാമേ. ക്രിമിനൽസിന്റെ മൈൻഡ് സെറ്റാ നിങ്ങൾക്കെല്ലാം. എന്തു ചെയ്യാനും മടിയില്ലാത്തവരെ എങ്ങനെ വിശ്വസിക്കും. കൊലപാതകം ചെയ്തെന്നു സമ്മതിച്ചല്ലോ..."

"ആര് സമ്മതിച്ചു?"

ബാലകൃഷ്ണമേനോൻ കയർത്തു.

"ചന്ദ്രബാബു ജീവനോടെയില്ലെന്നു സമ്മതിച്ചില്ലേ?"

"ജീവനോടെ ഒണ്ടായിരുന്നെങ്കി ഇപ്പോ എവിടെങ്കിലും കാണുമായിരുന്നല്ലോ എന്നൊരു ഊഹം പറഞ്ഞതാ. പിന്നെ മാളുവിനെപ്പറ്റി പറഞ്ഞത്... നീ കൊത്തുമോന്നറിയാൻ വേണ്ടി ഒരു ചൂണ്ടയിട്ടു തന്നതാ. മാളു ജീവിച്ചിരിപ്പുണ്ടോ ഇല്ലയോ എന്ന് ഞങ്ങൾക്കറിയില്ല. ഉണ്ടെങ്കിത്തന്നെ എവിടെയാണെന്നും നിശ്ചയമില്ല."

ബാലകൃഷ്ണമേനോൻ മുന്നോട്ടുവന്ന അത്രയുംതന്നെ തിരിച്ചു പോയി പൂർവസ്ഥാനത്ത് നിലയുറപ്പിച്ചു.

സന്ദീപിനു കാര്യം മനസ്സിലായി.

"ശരി ബാലമ്മാമേ... ഞാനതു വിശ്വസിച്ചിരുന്നെങ്കിലോ. ഇപ്പോ വിഡ്ഢിയാകത്തില്ലാരുന്നോ. എന്തായാലും തുറന്നു പറഞ്ഞത് നന്നായി." സന്ദീപ് എഴുന്നേറ്റു.

"അവിടിരിക്ക്. നമ്മൾ സംസാരിച്ചു തീർന്നിട്ടില്ല."

"വെറുതെയെന്തിനാ ബാലമ്മാമേ. എനിക്കു നിങ്ങടെ പക്ഷത്തോട്ട് വരാൻ പറ്റില്ല. ഇങ്ങനെതന്നെ അങ്ങ് പോട്ടെ. എഴുതിയ റിപ്പോർട്ടൊന്നും മാറ്റിയെഴുതാൻ വയ്യ. അങ്ങനെ ചെയ്താ എനിക്കെന്നോടുതന്നെ അവജ്ഞ തോന്നിപ്പോകും. എനിക്കൊരു ആത്മാഭിമാനമൊണ്ട്. അതു കൈവിട്ട് ഒന്നിനും ഞാൻ കൂട്ടു നിൽക്കില്ല." ഇരിക്കാൻ കൂട്ടാക്കാതെ സന്ദീപ് പറഞ്ഞു.

"നീ അങ്ങനൊന്നും തീർത്തു പറയണ്ട. ഇലയ്ക്കും മുള്ളിനും കേടില്ലാതെ നമുക്ക് ഈ പ്രശ്നം അവസാനിപ്പിക്കാം. നിനക്കാ പെൺകുട്ടിയെ കല്യാണം കഴിക്കണം. അത്രയല്ലേ വേണ്ടൂ. അതു ഞങ്ങള് കുടുംബക്കാരെല്ലാം ചേർന്ന് ഗംഭീരമായിട്ടു നടത്തിത്തരും."

"അതല്ലല്ലോ ഇപ്പഴത്തെ വിഷയം. നിങ്ങളിരുന്നു സംസാരിക്ക്. എനിക്ക് ഒന്നുരണ്ടു ഫോൺകോൾ ചെയ്യാനൊണ്ട്."

സന്ദീപ് രംഗം വിട്ടു. ബാലകൃഷ്ണമേനോൻ ജയദേവനെ ദേഷ്യത്തിൽ നോക്കി.

"ഇയാളാ എല്ലാറ്റിനും കാരണം.. ജാതകത്തിനു നിർബന്ധം പിടിക്കാതെ ഇയാൾക്ക് ആ കല്യാണം നടത്തിക്കൊടുത്താ മതിയാരുന്നല്ലോ. വല്യ ജഡ്ജിയാ. പക്ഷേ, സാമാന്യബോധം പോലുമില്ല." ജയദേവൻ തന്റെ സ്വതഃസിദ്ധമായ അവഗണിക്കൽ പുഞ്ചിരിയിൽ ഇരുന്നു കൊടുത്തു.

"നാളത്തെ റിപ്പോർട്ട് നമുക്കു കുഴപ്പമില്ലെന്നാ അവൻ പറഞ്ഞത്. മറ്റന്നാൾ വരുന്നതിൽ മാറ്റം വരുത്തണം. ഭാസിയേട്ടനു ക്ഷീണമാ അത്. കേസ് വന്നാൽ ഭാസിയേട്ടനും ഫാമിലീം കോടതി കേറണം. മനസ്സിലായോ?" ബാലകൃഷ്ണമേനോൻ ജയദേവനെ ഓർമപ്പെടുത്തി.

"ഉപ്പുതിന്നവൻ വെള്ളം കുടിക്കും എന്നൊരു പ്രമാണം ഒണ്ട്

ബാലമ്മാമേ. അതങ്ങനെ വെറുതെ കടന്നുപോകില്ല."

ജയദേവൻ, താൻ ഒന്നിനും ഇടപെടാനില്ല എന്ന മട്ടിൽ പറഞ്ഞു നിർത്തി.

"ഉപ്പു തിന്നുന്നത് തന്റെ മകനാ. താൻ അവനെ പറഞ്ഞു മനസ്സിലാക്ക്. ഇല്ലെങ്കി അവൻ വെള്ളം കുടിച്ചു ചാകും."

ബാലകൃഷ്ണമേനോൻ ക്ഷുഭിതനായി എഴുന്നേറ്റു. ജഗന്നാഥക്കുറുപ്പ് ഹരീന്ദ്രനെ നോക്കി. പോകാമെന്ന് ഹരീന്ദ്രൻ ആംഗ്യം കാട്ടി.

"മറ്റെന്തും ഞാൻ സഹിക്കും. പക്ഷേ, സ്വന്തം കുടുംബത്തിനു ദ്രോഹം ചെയ്യുന്നത് ക്ഷമിക്കില്ല."

"ബാലമ്മാമ കൂടക്കൂടെ സ്വന്തം കുടുംബം എന്നു പറയുന്നുണ്ടല്ലോ. ഞങ്ങളാരും കല്ലാറ്റുപടിക്കൽ തറവാട്ടുകാരല്ല. എന്റെ കുടുംബം കൈതവന മേവിള വലിയവീട്ടിൽ ആണ്." ജയദേവൻ നമ്പ്യാർ ഓർമപ്പെടുത്തൽ എന്നപോലെ പറഞ്ഞു.

ബാലകൃഷ്ണമേനോൻ ഹരീന്ദ്രന്റെയും ജഗന്നാഥക്കുറുപ്പിന്റെയും നേർക്ക് തീർത്തും പുച്ഛത്തോടെ, പോകാം എന്നൊരു ആംഗ്യം കാട്ടിയിട്ട് സ്റ്റെയർകേസിന്റെ നേർക്കു നടന്നു.

ജഗന്നാഥക്കുറുപ്പും മകനും അയാളെ അനുഗമിച്ചു. ജയദേവൻ നമ്പ്യാർ എഴുന്നേറ്റ് അവർ പോകുന്നതു നോക്കിക്കൊണ്ടു നിന്നു. മുൻപായിരുന്നെങ്കിൽ അയാൾ താഴെ ഇറങ്ങിച്ചെന്ന് അവരെ യാത്രയാക്കുമായിരുന്നു. ഇപ്രാവശ്യവും അത്തരമൊരു ഉൾപ്രേരണ ഉണ്ടായെങ്കിലും അത് മനസ്സിൽത്തന്നെ അമർത്തിപ്പിടിച്ചു.

മണിമലയിൽനിന്നു വന്ന കാർ മുറ്റത്തു റിവേഴ്സ് എടുത്ത് തിരിയുന്നതും കാറിൽ കയറുന്നതിനു മുൻപ് മേനോനും കുറുപ്പും ബാൽക്കണിയിലേക്കു നോക്കുന്നതും ജയദേവൻ നമ്പ്യാർ മുകളിൽനിന്നു കാണുന്നുണ്ടായിരുന്നു. കടുത്ത പിണക്കത്തോടെ അവർ കാറിൽ കയറി. കാർ ഗേറ്റ് കടന്നു പോയി.

രാജശ്രീ കോണിപ്പടി കയറി വന്നു.

"പിണങ്ങിയാണോ പോയത്?"

"അതെ." ജയദേവൻ പറഞ്ഞു.

"പോവാണോന്നു ചോദിച്ചിട്ട് ബാലമ്മാമ എന്റെ മുഖത്തേക്കു നോക്കുകപോലും ചെയ്തില്ല."

"ഇനിയിപ്പോ അവര് നമ്മുടെ ശത്രുക്കളാ."

"സന്ദുവിനോട് സംസാരിച്ചിട്ട്...?"

"അവൻ പിന്നോട്ടില്ല. കുടത്തീന്ന് ഭൂതത്തെ തുറന്നുവിട്ടു കഴിഞ്ഞു. ഇനി അവൻ നോക്കിയാലും പിടിച്ചുകെട്ടാൻ പറ്റില്ല."

"ബാലമ്മാമ എന്താ പറയുന്നെ?"

"അവരാ ചെക്കനെ കൊന്നു കളഞ്ഞു. അതിൽ യാതൊരു സംശയോം ഇല്ല. മാളുവിനെ എന്തു ചെയ്തെന്നു തെളിച്ചു പറയുന്നില്ല. അവൾ ജീവനോടെ ഒണ്ടെന്നൊരു സംശയം ബാക്കി കെടപ്പൊണ്ട്. ഇനിയിപ്പോ നിലനിൽപിനു വേണ്ടി അവരവളെ ഇല്ലാതാക്കുമോ എന്നും അറിയില്ല."

"ഒന്നും വേണ്ടാരുന്നു അല്ലേ? അന്ന് അവനാവശ്യപ്പെട്ടപ്പോ ജാതകം ചോദിക്കാതെ ആ കല്യാണം നടത്തിക്കൊടുത്തിരുന്നെങ്കി..."

"അതല്ല. ഇതുതന്നെയാ ശരി. ഇതൊന്നും ആരുടേം പിടിപ്പുകേടുകൊണ്ട് വന്നു കൂടുന്നതല്ല. ഇതിങ്ങനെതന്നെ വേണംന്ന് പ്രോഗ്രാം ചെയ്തു വെച്ചിരിക്കുന്നതാ. നമുക്കു തിരുത്താൻ പറ്റില്ല." ജയദേവൻ നമ്പ്യാർ സുനിശ്ചിതമായി പറഞ്ഞു.

"സന്ദുവിനെ ഓർത്താ എനിക്കു പേടി. അവൻ ഒറ്റയ്ക്കല്ലേ..."

"അവനോടു സൂക്ഷിക്കാൻ പറയണം. പ്രത്യേകിച്ചും കാറിൽ പോകുമ്പോ..."

"ഒരു മജിസ്ട്രേട്ടിന്റേം പത്രപ്രവർത്തകന്റേം വീടാണെന്ന് ഓർക്കാതെയാണോ അവരടെ ഭീഷണി?"

"മജിസ്ട്രേട്ടൊക്കെ കോടതീലല്ലേ. അല്ലാത്തപ്പോ ഞാൻ വെറും മനുഷ്യനാണെന്ന് അവർക്കറിയാം... പിന്നെ പണത്തിന്റെ അഹങ്കാരം."

"എത്ര സമാധാനത്തോടെ കഴിഞ്ഞതാ." രാജശ്രീ ആരോടെന്നില്ലാതെ വിലപിച്ചു.

*** *** ***

സന്ദർശകർ ഉണ്ടെന്നു വാർഡൻ വന്നു പറഞ്ഞപ്പോൾത്തന്നെ



അനിബാബു ഊഹിച്ചു, അത് സന്ദീപ് ആയിരിക്കുമെന്ന്.

അഴിതുറന്ന് വാർഡൻ അയാളെ കൂട്ടിക്കൊണ്ടു പോയി.

ഇരുന്നു സംസാരിക്കാൻ രണ്ടു ബെഞ്ചുകൾ ഇട്ടിരുന്ന ചെറിയ മുറിയിൽവെച്ചായിരുന്നു കൂടിക്കാഴ്ച. അവിടെ സന്ദീപ് കാത്തിരിക്കുന്നുണ്ടായിരുന്നു. അവനെ കണ്ടതും അനിബാബുവിന്റെ മുഖം പ്രസന്നമായി.

"ഇവിടെങ്ങനൊണ്ട്?" സന്ദീപ് തിരക്കി.

"ഒരു കുഴപ്പോം ഇല്ല." അനിബാബു പറഞ്ഞു.

"നാളെ വേണെങ്കി ജാമ്യം എടുക്കാം. പക്ഷേ, ഒരാഴ്ച കിടക്കുന്നതാ നല്ലത്. എന്തെങ്കിലും ക്ലൂ കിട്ടിയോ?"

"മുണ്ടക്കയത്തൂന്ന് പോലീസ് പിടികൂടിയ ക്വട്ടേഷൻ സംഘത്തിൽ കുട്ടിക്കൽ സുകു എന്നൊരുത്തനൊണ്ട്. ഞാനാ പേര് കേട്ടിട്ടൊണ്ട് എന്റെ കുട്ടിക്കാലത്ത്. അന്ന് പൊൻകുന്നം, മണിമല, ചിറക്കടവ് ഒക്കെയാരുന്നു അവന്റെ ഏരിയ..."

"കുട്ടിക്കൽ സുകു! എന്താ അവന്റെ സ്പെഷൽ ഐറ്റം?" സന്ദീപ് ചോദിച്ചു.

"ക്വട്ടേഷൻ തന്നെ. പണ്ട് കൂലിത്തല്ലെന്നു പറയുന്ന സംഗതി. മുതലാളിമാര് റിസ്ക്കൊള്ള സ്ഥലങ്ങളിൽ പോകുമ്പോ കാവലിനു കൂട്ടിക്കൊണ്ടു പോകും."

"ആളെ കണ്ടോ?"

"കണ്ടു. പക്ഷേ, സെല്ല് വേറെയാ."

"എങ്ങനൊണ്ട് കണ്ടിട്ട്?"

"ഒരൻപതിനടുത്ത് പ്രായം വരും. കുറച്ച് ഒടഞ്ഞിട്ടൊണ്ട്. പക്ഷേ, ഒറ്റ നോട്ടത്തിലറിയാം. പക്കാ ക്രിമിനലാ..."

"വേറെ ആരേം പരിചയപ്പെട്ടില്ലേ." സന്ദീപ് തിരക്കി.

"പരിചയപ്പെട്ടു വരുന്നേയൊള്ളു. എന്റെ സെല്ലിൽ നാലുപേരൊണ്ട്... ഞാൻ കൊറേ കഥയൊക്കെ പറയും - തടിവെട്ടാൻ പോയതും മതികെട്ടാനിൽ പോയി കഞ്ചാവു കൃഷി ചെയ്തതും... ഇപ്പ ചിലരൊക്കെ അവരടേം വീരസാഹസങ്ങളൊക്കെ പറയാൻ തൊടങ്ങീട്ടൊണ്ട്."

"ഉം... ഒന്നും വിട്ടുകളയരുത്. പിന്നെ ഇതിനകത്തുവെച്ചുതന്നെ ഹേമചന്ദ്രന്റെ ആൾക്കാര് കലിപ്പ് തീർക്കാൻ ശ്രമിച്ചെന്നു വരും. അതും സൂക്ഷിച്ചോളണം. അയാൾക്ക് എല്ലാടത്തും പിടിപാടൊണ്ട്."

"ഞാൻ നോക്കിക്കോളാം."

അനിബാബു തലയാട്ടി സമ്മതിച്ചു.

"വേറെ ഉപദ്രവമൊന്നും ഉണ്ടാകാതിരിക്കാൻ ഞാൻ വേണ്ടത് ചെയ്തിട്ടൊണ്ട്."

"മനസ്സിലായി."

"ആ ഇടി കുറച്ചു കടുത്തു പോയി. അയാൾ ചത്തുപോയിരുന്നെങ്കിലോ?"

"ഞാനും അത്രേം ഉദ്ദേശിച്ചില്ല."

"ശരി... ഇനി ജാമ്യത്തിലെടുക്കാൻ വക്കീലുമായിട്ട് വരാം. റിപ്പോർട്ടിന്റെ രണ്ടാമത്തെ ചാപ്റ്റർ ഇന്നത്തെ പത്രത്തിലുണ്ട്." സന്ദീപ് കയ്യിൽ കരുതിയിരുന്ന പത്രം അനിബാബുവിനു കൊടുത്തു.

"ഇതിലെന്താ സാറെ?"

"അല്ലിമയുടെ സ്റ്റോറിയാണ്. അവരെ വളർത്തിയവരുടേം... ഞാനിറങ്ങട്ടെ."

"ശരി."

"മനപ്രയാസമൊന്നുമില്ലല്ലോ ഇതിനകത്തു കിടക്കേണ്ടി വന്നതിൽ?"

"തീരെയില്ല. മറിച്ച് സന്തോഷമാ. അവനിട്ട് നല്ലൊരിടി കൊടുക്കാൻ പറ്റിയല്ലോ. ഞാനിതെത്ര കെടന്നിരിക്കുന്നു സാറെ. ഇനിയെത്ര കെടക്കാനിരിക്കുന്നു."

അനിബാബു ചിരിച്ചു. കണിശതയുള്ള ചിരി. സന്ദീപ് സംഭാഷണം അവസാനിപ്പിച്ച് എഴുന്നേറ്റു.

*** *** ***

ലാപ്ടോപ് മടിയിൽവെച്ച് ഗൂഗിളിൽ ചില ചിത്രങ്ങൾ തെരഞ്ഞുകൊണ്ടു മുറിയിലെ ബെഡ്ഡിൽ ഇരിക്കുകയായിരുന്നു അല്ലിമ.

ശ്രീലക്ഷ്മി വാതിൽക്കലെത്തി അവളെ നോക്കി. അല്ലിമ അതു കണ്ടില്ല.

"മോളെ..." ശ്രീലക്ഷ്മി വിളിച്ചപ്പോൾ അവൾ അങ്ങോട്ടു നോക്കാതെതന്നെ വിളികേട്ടു.

"അമ്മ പറഞ്ഞോ."

"ബിസിയാണോ നീ?"

"ഏയ് അല്ല." അല്ലിമ ലാപ്ടോപ്പിൽനിന്നു മുഖമുയർത്തി. അമ്മയുടെ നിൽപു കണ്ടപ്പോൾ അവൾക്കു മനസ്സിലായി സംഗതി കുറച്ച് ഗൗരവമുള്ളതാണെന്നും അമ്മ അങ്ങനെ നിൽക്കാൻ തുടങ്ങിയിട്ട് മിനിറ്റുകൾ കഴിഞ്ഞുവെന്നും.

ലാപ്ടോപ് എടുത്തു കിടക്കയിലേക്കു വെച്ച് അവൾ എഴുന്നേറ്റു.

"അച്ഛൻ വിളിക്കുന്നു."

"എന്താമ്മേ?"

"സന്ദീപിന്റെ ഇന്നത്തെ ആർട്ടിക്കിൾ നീ വായിച്ചില്ലേ?"

"ഉവ്വ്... അതിനെന്താ?"

"അതേക്കുറിച്ച് എന്തോ പറയാനാ."

അല്ലിമ ശ്രീലക്ഷ്മിയുടെ പിന്നാലെ നടന്നു. രാജഗോപാൽ മാറത്ത് കൈകെട്ടി ചിന്താധീനനായി മുറിയിൽ നടക്കുന്നുണ്ടായിരുന്നു. അല്ലിമയും ശ്രീലക്ഷ്മിയും അകത്തു കടന്നു. വാതിലടയ്ക്കാൻ രാജഗോപാൽ കണ്ണുകൊണ്ട് ആംഗ്യം കാട്ടി. ശ്രീലക്ഷ്മി വാതിലടച്ചു.

"ഇന്ന് നിന്നെപ്പറ്റിയും ഞങ്ങളെപ്പറ്റിയുമാ സന്ദീപ് എഴുതിയിരിക്കുന്നെ. പേരൊന്നും പറഞ്ഞിട്ടില്ലെന്നേയുള്ളൂ."

രാജഗോപാൽ അല്ലിമയോടു പറഞ്ഞു.

"ഞാൻ വായിച്ചു."

"നാളെ വരാൻ പോകുന്ന ആർട്ടിക്കിൾ എല്ലാം വെളിപ്പെടുത്തും."

"സന്ദുവേട്ടൻ പറഞ്ഞിട്ടുണ്ടായിരുന്നു."

"നിനക്കതിന്റെ സീരിയസ്നെസ് മനസ്സിലായില്ലേ? നാളെ എല്ലാവരും വിവരമറിയും. നീ ആരാണെന്നും ഞങ്ങളാരാണെന്നും. നമ്മളെ ഇതുവരെ അറിയാത്തവർക്കെല്ലാം അതൊരു ഞെട്ടലായിരിക്കും..."

"അതും സന്ദുവേട്ടൻ സൂചിപ്പിച്ചിരുന്നു." അല്ലിമ പറഞ്ഞു.

"മറ്റുള്ളവരുടെ കാര്യം പോട്ടെ. വിന്ദുവിനോടും വിശാഖിനോടും നമ്മൾ എന്തു പറയും? നാളത്തെ ന്യൂസ്പേപ്പർ വായിച്ചിട്ടു വേണോ അവർ എല്ലാം അറിയാൻ."

"അച്ഛൻതന്നെ അവരോടു പറയുന്നതാ നല്ലത്." അല്ലിമ അഭിപ്രായപ്പെട്ടു.

"അത് ഈസിയാണെന്നു നീ വിചാരിക്കുന്നുണ്ടോ?"

(ശേഷം 30-ാം പേജിൽ)

# ഗൾഫിൽനിന്ന് വോട്ടുചെയ്യാനെത്തുന്നത് 15,000 പേർ

കണ്ണൂർ: പ്രവാസി വോട്ടർമാരെ 'പാട്ടിലാക്കി' നാട്ടിലെത്തിക്കാൻ രാഷ്ട്രീയപ്പാർട്ടികൾ. മുഖ്യധാര രാഷ്ട്രീയപ്പാർട്ടികളുടെ പ്രവാസി സംഘടനകൾ തങ്ങളുടെ സ്ഥാനാർത്ഥികൾക്ക് വോട്ട് ഉറപ്പിക്കാനുള്ള പ്രചാരണപ്രവർത്തനത്തിലാണ്.

ഗൾഫ് മേഖലയിൽനിന്ന് 15,000 പേർ നാട്ടിലെത്തി വോട്ടുചെയ്യാൻ വിമാനടിക്കറ്റെടുത്തുകഴിഞ്ഞു. കൂടുതൽപേരെ നാട്ടിലെത്തിക്കാനുള്ള ശ്രമത്തിലാണ് സംഘടനകൾ.

മുസ്‌ലിം ലീഗിന്റെ പ്രവാസിസംഘടനയായ കെഎംസിസി മൂന്നു വിമാനങ്ങൾ ചാർട്ടർചെയ്ത് പ്രവാസികളെ നാട്ടിലെത്തിക്കും. യുഎഇ, ഖത്തർ, സൗദി അറേബ്യ എന്നിവിടങ്ങളിൽനിന്നാണ് ചാർട്ടേഡ് വിമാനങ്ങളിൽ പ്രവാസികളെത്തുക.

ഗൾഫ് മേഖലയിൽ മുഖ്യധാരാ രാഷ്ട്രീയപ്പാർട്ടികൾക്ക് ഉൾപ്പെടെ 100-ലധികം മലയാളി കൂട്ടായ്മകളുണ്ട്. സിപിഎമ്മിന്റെ പ്രവാസി സംഘടനകൾ പ്രതിഭ, കേളി, നവോദയ തുടങ്ങി വ്യത്യസ്ത പേരുകളിലാണ് പ്രവർത്തിക്കുന്നത്. സംഘടനയിലെ അംഗങ്ങളെയും അനുഭാവികളെയും നേരിൽക്കണ്ട് പരമാവധിയാളുകളെ നാട്ടിലയക്കാനാണ് ശ്രമം.

കോൺഗ്രസിന്റെ പ്രവാസിസംഘടനയായ ഇന്ത്യൻ ഓവർസീസ് കോൺഗ്രസും ഇക്കാര്യത്തിൽ സജീവമാണ്. ബിജെപിയുടെ സംസ്കൃതി, നവഭാരത് തുടങ്ങിയവയും ഉഷാർ. പ്രവാസി സംഘടനകൾക്ക് സ്വതന്ത്ര കമ്മിറ്റികളാണ് ഓരോ രാജ്യത്തുമുള്ളത്. വിഷു, ഈദുൽ ഫിത്തർ എന്നിവ പ്രമാണിച്ച് നാട്ടിൽ വരുന്നവരുണ്ട്. അവരും തെരഞ്ഞെടുപ്പ് മുന്നിൽക്കണ്ടാണ് മടക്കയാത്ര ആസൂത്രണംചെയ്യുന്നത്.

വടകര മണ്ഡലത്തിലെ യുഡിഎഫ് സ്ഥാനാർത്ഥി ഷാഫി പറമ്പിൽ വോട്ടുതേടി ഗൾഫിലെത്തിയിരുന്നു. യുഎഇ, ഖത്തർ എന്നിവിടങ്ങളിൽ അദ്ദേഹം പ്രവാസികളെ കണ്ടു. ഗൾഫിലേക്ക് നേരിട്ടെത്താൻ സാധിക്കാത്ത സ്ഥാനാർത്ഥികൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ പ്രവാസികളുമായി സംവദിക്കും.

വീഡിയോ കോളിലൂടെയും വാട്സാപ്പ് സന്ദേശങ്ങളിലൂടെയും സുഹൃത്തുക്കളുടെയും കുടുംബാംഗങ്ങളുടെയും വോട്ടുകൾ അനുകൂലമാക്കാനുള്ള പ്രവർത്തനങ്ങളും പ്രവാസികൾ നടത്തുന്നുണ്ട്.

## കേരളത്തിൽ വോട്ടർമാർ 2,77,49,159

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള സംസ്ഥാനത്തെ അന്തിമ വോട്ടർ പട്ടികയിൽ 2,77,49,159 വോട്ടർമാർ. ജനുവരി 22-ന് പ്രസിദ്ധീകരിച്ച വോട്ടർ പട്ടികയിൽനിന്ന് 6,49,833 വോട്ടർമാരുടെ വർധനവുണ്ടായി. അതേസമയം, വോട്ടർ പട്ടിക ശുദ്ധീകരണത്തിൽ 2,01,417 പേർ ഒഴിവായി. പട്ടികയിലുള്ള 18-19 പ്രായക്കാരായ കന്നിവോട്ടർമാർ 5,34,394 പേരാണ്. ആകെ വോട്ടർമാരിൽ 1.43 കോടി സ്ത്രീകളും 1.34 കോടി പുരുഷന്മാരുമാണ്. സ്ത്രീ വോട്ടർമാരിൽ 3,36,770 പേരുടെയും പുരുഷ വോട്ടർമാരിൽ 3,13,005 പേരുടെയും വർധനയുണ്ട്. ആകെ ഭിന്നലിംഗ വോട്ടർമാർ-367. സ്ത്രീ-പുരുഷ അനുപാതം 1,000:1,068. കൂടുതൽ വോട്ടർമാരുള്ള ജില്ല മലപ്പുറമാണ് -33,93,884. കുറവ് വയനാട്ടിലും-6,35,930. ആകെ പ്രവാസി വോട്ടർമാർ-89,839. പ്രവാസി വോട്ടർമാർ കൂടുതലുള്ള ജില്ല കോഴിക്കോട്-35,793. 80 വയസിന് മുകളിലുള്ള 6,27,045 വോട്ടർമാരുണ്ട്. വോട്ടർപട്ടികയിൽ പേര് ചേർക്കാൻ കഴിയാതെ പോയവർക്ക് മാർച്ച് 25 വരെ അപേക്ഷ സമർപ്പിക്കാൻ അവസരം നൽകിയിരുന്നു. വോട്ടർ പട്ടിക ശുദ്ധീകരണത്തിന്റെ ഭാഗമായി സ്പെഷൽ സമ്മറി റിവിഷൻ കാലയളവിൽ സോഫ്റ്റ്‌വേർ മുഖേന കണ്ടെത്തിയ സ്ഥലപരമായി സമാനതയുള്ള എൻട്രികൾ, സമാനമായ ഫോട്ടോ എൻട്രികൾ എന്നിവ ബിഎൽഒമാർ വഴി പരിശോധിച്ച് ഒഴിവാക്കിയിരുന്നു. അന്തിമ വോട്ടർപട്ടിക സംബന്ധിച്ച പരാതികളും ആക്ഷേപങ്ങളും പരിഹരിച്ചും മാർച്ച് 25 വരെ ലഭിച്ച വിവിധ അപേക്ഷകൾ പരിഗണിച്ചുമാണ് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചിരിക്കുന്നത്.

## നോവൽ

(29-ാം പേജിൽ നിന്നും)

"അല്ല എനിക്കറിയാം. പക്ഷേ, പറയാതെ പറ്റില്ലല്ലോ."

"ഉം... അവരെ വിളിക്കട്ടെ."

"ഞാൻ വിളിക്കാം..."

"വേണ്ട. ലക്ഷ്മി പോയി വിളിക്കട്ടെ."

"അച്ഛനവരോടു സംസാരിക്കുമ്പോ ഞാനില്ലാതിരിക്കുന്നതല്ലേ നല്ലത്."

"നീയും വേണം." ശ്രീലക്ഷ്മി മുറിവിട്ടുപോയി.

അൽപസമയത്തിനുള്ളിൽ വിന്ദാരയെയും വിശാഖിനെയും കൂട്ടിക്കൊണ്ട് റൂമിലേക്കു വന്നു.

"സന്ദീപിന്റെ ലേഖനം ന്യൂസ്പേപ്പറിൽ വന്നത് നിങ്ങൾ വായിച്ചോ?"

രാജഗോപാൽ അവരോടു ചോദിച്ചു.

"സന്ദീപേട്ടനെഴുതീതല്ലേ... ഞങ്ങള് രാവിലെതന്നെ വായിച്ചിരുന്നു." വിന്ദാര പറഞ്ഞു.

"ഇന്നലത്തെ ആർട്ടിക്കിളോ?"

"അത് ഇന്നലെത്തന്നെ വായിച്ചു. ഫന്റാസ്റ്റിക് സ്റ്റോറി. വായിച്ചപ്പോ സങ്കടം വന്നു." വിന്ദാര പറഞ്ഞു.

"നീയെന്താ ഒന്നും പറയാത്തെ?"

വിശാഖിനോടു ശ്രീലക്ഷ്മി ചോദിച്ചു.

"ഞാനിന്നത്തേം വായിച്ചു. എന്തു നൈസായിട്ടാ സന്ദീപേട്ടൻ എഴുതിയേക്കുന്നെ. നല്ല രസാ വായിക്കാൻ."

"എന്താ ഇന്നത്തെ സ്റ്റോറി... പറ?"

"ഇന്നലത്തെ സ്റ്റോറിയുമായി ഒരു കണക്ഷനുമില്ലല്ലോ അച്ഛാ..."

വിന്ദാര ആവലാതിപ്പെട്ടു.

"നീ മിണ്ടാതിരി. വിശാഖ് പറയട്ടെ." ശ്രീലക്ഷ്മി നിർദേശിച്ചു.

"അതായത്- പോണ്ടിച്ചേരിയിൽ താമസിക്കുന്ന ഒരു കേരളൈറ്റ് ഫാമിലി. പോണ്ടിച്ചേരിയിൽ സൈക്ലോണും ഭയങ്കര ഫ്ളഡും. ഒരു ദിവസം മോണിങ്ങില് ആ ഫാമിലീടെ വീടിന്റെ സിറ്റൗട്ടിൽ ഒരു ന്യൂബോൺ ബേബി കിടന്ന് ഉറങ്ങുന്നു. വെള്ളത്തിൽ ഒഴുകിവന്നതാണോ ആരെങ്കിലും കൊണ്ടിട്ടതാണോ- ഒന്നും അറിയില്ല."

"നീ ചുരുക്കിപ്പറഞ്ഞാ മതി. ഒരു പാട് ഡീറ്റെയ്ൽസൊന്നും വേണ്ട."

രാജഗോപാൽ ഉപദേശിച്ചു.

"അങ്ങനെ ആ ഫാമിലി ആ കുട്ടീനെ അഡോപ്റ്റ് ചെയ്തു. അവരുടെ കുഞ്ഞിനെപ്പോലെ വളർത്തി. അവർക്ക് പിന്നീട് മക്കളുണ്ടായെങ്കിലും അഡോപ്റ്റ് ചെയ്ത കുഞ്ഞിനെ അവരു വിട്ടുകളഞ്ഞില്ല. അതവരുടെ ഫസ്റ്റ് ചൈൽഡായിട്ടുതന്നെ വളർന്നു. ആ കുട്ടീടടുത്തുപോലും അവര് പറഞ്ഞില്ല അഡോപ്റ്റ് ചെയ്തതാണെന്ന്. അവര് ആ കുട്ടിയെ പഠിപ്പിച്ചു വളർത്തി വലുതാക്കി. അങ്ങനെയിരിക്കുമ്പോ അതിനൊരു മാരേജ് പ്രപ്പോസൽ വന്നു. ആ സ്റ്റോറി അവിടെ നിർത്തീട്ട് സന്ദീപേട്ടൻ വേറെ സ്റ്റോറിയാ പറയുന്നെ. ചന്ദ്രബാബൂന്റെ അച്ഛന്റേം അമ്മേടേം ബ്രദറിന്റേം കഥ. അത് ഇന്നലത്തേതിന്റെ ബാക്കിയാ, അഡോപ്റ്റ് ചെയ്ത കുട്ടീടെ സ്റ്റോറിയും അതുമായിട്ട് എന്താ കണക്ഷൻ?" വിശാഖ് ചോദിച്ചു.

"അതാണു പറയാൻ പോകുന്നെ..." രാജഗോപാൽ രണ്ടു നിമിഷമെടുത്തു.

"ആ കേരളൈറ്റ് ഫാമിലിയെപ്പറ്റി നിങ്ങൾക്ക് എന്തു തോന്നി? അവര് ചെയ്തത് തെറ്റോ ശരിയോ?"

"എന്ത് ചോദ്യാ അച്ഛാ... അവര് നല്ല കാര്യമല്ലേ ചെയ്തെ. അവരാ കുട്ടിയെ ടേക്കോവർ ചെയ്തതും അവളെ സ്വന്തം മകളായിട്ട് വളർത്തിയതും അതിനോടു കാണിച്ച സ്നേഹവും ഒക്കെ വായിക്കുമ്പോ നമ്മടെ കണ്ണു നെറയും... എത്ര നല്ലവരായ പാരന്റ്സാ. അവർക്ക് സ്വന്തം മക്കളൊണ്ടായിട്ടും കൂടെ അവര് മറ്റേ കുട്ടിയെ വിടാതെ കൂടെ നിർത്തിയില്ലേ... ദാറ്റ്സ് ഗ്രേറ്റ്... അത് നമ്മളെ വല്ലാണ്ട് ടച്ച് ചെയ്യും." വിന്ദാരയുടെ ശബ്ദം വികാരനിർഭരമായി.

"കറക്ടാ. ഞങ്ങടെ അച്ഛനും അമ്മയും ആയിരുന്നെങ്കിൽ എത്ര നന്നായിരുന്നെന്ന് തോന്നിപ്പോകും... അത്ര ഫീലാ." വിശാഖ് വിന്ദാരയെ അനുകൂലിച്ചു.

രാജഗോപാൽ ശ്രീലക്ഷ്മിയെ നോക്കി.

അവളുടെ കണ്ണിൽ നീർത്തിളക്കം കാണാമായിരുന്നു. ചുണ്ടുകൾ അമർത്തിപ്പിടിച്ചാണ് നിൽപ്.

"ഞങ്ങളാണ് അങ്ങനൊരു കുട്ടിയെ അഡോപ്റ്റ് ചെയ്തിരുന്നതെങ്കിലോ... നിങ്ങൾക്ക് അതിനെ കൂടെപ്പിറപ്പായിട്ട് കാണാൻ പറ്റുമായിരുന്നോ?" രാജഗോപാൽ മകനെയും മകളെയും മാറിമാറി നോക്കി.

"അയ്യോഡാ... എങ്കിലെന്തു രസായിരുന്നേനെ... ഞങ്ങളതിനെ സ്നേഹിച്ചു കൊന്നേനെ."

പറഞ്ഞിട്ട് വിന്ദാര പൊട്ടിച്ചിരിച്ചു.

അച്ഛന്റെയും അമ്മയുടെയും മുഖത്ത് അസാധാരണമായ ഗൗരവം കണ്ട് അവൾ പെട്ടെന്നു ചിരി നിർത്തി.

"സത്യം പറഞ്ഞതാ അച്ഛാ... പകരം ഞങ്ങൾക്കു കിട്ടിയത് ദേ, ഈ നിക്കുന്ന മൂധേവീനെയല്ലേ... ലോകസുന്ദരി." അല്ലിമയുടെ നേർക്ക് പുച്ഛഭാവത്തിലൊരു ആംഗ്യം കാട്ടിക്കൊണ്ട് വിന്ദാര പറഞ്ഞു.

"വിന്ദൂ... വിശാഖ്..." രാജഗോപാൽ വികാരഭരിതനായി വിളിച്ചു: "നിങ്ങൾക്ക്... നിങ്ങടെ ചേച്ചിയായിട്ട് കിട്ടിയത് ആ കുട്ടിയെത്തന്നെയാ."

"ങുഹും!" അത് കളിതമാശയെന്ന മട്ടിൽ വിന്ദാര തലയാട്ടി. "അത്രയ്ക്കു ഫൂളാക്കല്ലേ. ഇന്ന് ഏപ്രിൽ ഒന്നാണോ- അല്ലല്ലോ." വിന്ദാര വീണ്ടും അച്ഛനെയും അമ്മയെയും നോക്കി. ശ്രീലക്ഷ്മി നിറമിഴികളൊപ്പുന്നതു കണ്ടു.

"എന്താമ്മേ ഇത്?" വിന്ദാര അമ്പരന്നു.

"അച്ഛൻ പറഞ്ഞതു സത്യമാ മോളെ..."

വിശ്വാസം വരാതെ വിശാഖും വിന്ദാരയും അല്ലിമയെ നോക്കി - ഇവളോ! ജനിച്ചന്നു മുതൽ തങ്ങൾ കാണുന്ന ഇവളോ!

അല്ലിമയുടെ കണ്ണിൽനിന്ന് നീർകണങ്ങൾ അടർന്നു വീഴുന്നതു കണ്ടതോടെ വിശാഖും വിന്ദാരയും വല്ലാത്തൊരു പ്രതിസന്ധിയിലായി. അവർ ഉൾക്കിടിലത്തോടെ പരസ്പരം നോക്കി. ഇതൊക്കെ സത്യമാണോ? സംഭവ്യമാണോ?

"അങ്ങനൊരു അച്ഛനെയും അമ്മയെയും കിട്ടിയിരുന്നെങ്കിൽ എന്ന് നിങ്ങൾ മുൻപേ പറഞ്ഞില്ലേ. അതേ അച്ഛനും അമ്മയും തന്നെയാ ഞങ്ങൾ."

രാജഗോപാൽ വെളിപ്പെടുത്തി.

വിന്ദാരയ്ക്ക് ആരെയും നോക്കാനോ ഇനിയെന്തെങ്കിലും കേൾക്കാനോ ധൈര്യമുണ്ടായില്ല. എന്തിനെന്നറിയാതെ ഒരു കരച്ചിൽ അവളുടെ ഉള്ളിൽനിന്നു പൊട്ടിപ്പുറപ്പെടുന്നുണ്ടായിരുന്നു.

അവൾ വേഗം പിന്തിരിഞ്ഞ് ഓടി.

വിശാഖ് ആരെയെന്നില്ലാതെ പകച്ചു നോക്കിക്കൊണ്ട് അൽപനിമിഷങ്ങൾകൂടി വിഡ്ഢിയെപ്പോലെ നിന്നു.

പിന്നെ പതിയെ അവനും പിന്തിരിഞ്ഞു.

(തുടരും)

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______
❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076
630 728 7956 FAX : 773 304 1917

Subscription fee non-refundable




FEDERATION OF KERALA ASSOCIATIONS IN NORTH AMERICA
Shashi Tharoor
Mukesh
John Brittas
21ST FOKANA
Convention at WASHINGTON DC
2024
July
18, 19 & 20
Nikesh Kumar
Anju Joseph
Murukan Kattakada
Kallu & Mathu
DR. BABU STEPHEN
President
DR. KALA SHAHI
Gen. Secretary
BIJU JOHN
Treasure
JOHNSON THANKACHAN
Convention Chairman
Advt001




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**